# The Pulse

# نبضة




**PG DEPARTMENT OF ARABIC**

**W.M.O. Arts & Science College, Muttil**

Wayanad, Kerala, India - 673122

deptofarabicwmoc@gmail.com,

# WMO ARTS AND SCIENCE COLLEGE

*Muttil, Kalpetta,Wayanad-673122*

NAAC Accredited"A" Grade institution,
Afliated to the university of Calicut

+914936203382 04936207532

*wmocollege@gmail.com*
*www.wmocollege.ac.in*



# പത്രാധിപ സമിതി



Cheif Editor
Dr. Najmuddeen P



Staff Editor
Hasil.k



Student Editor
Shahaana Thahsin
(D3 Arabic)



Asifa
D2 Arabic



Fayiz.k
D3 Arabic



Farsana Thasni
MA Arabic



Dr. TP Muhammed Fareed
Principal

# Message

*As we aware that the COVID 19 situation makes an anxious time for us and we are crossing a tough time since last few months. It is heartening that the calamity has haunted us all as nothing before did. Nevertheless it is a matter of immense pleasure to know that the students of Arabic Department are utilizing this time effectively by bringing out an E magazine named "Annabla" The Pulse. It is obvoius to students and teachers make use of this uneasy time fruitfully and do innovative things which will lessen their mental strain. The variety and creativity of articles in the magazine represent students' and faculty's talent and enthusiasm. I congratulate the entire team for their hard work and dedication for making this magazine a hopeful endeavor. Students' and teachers creativity in this effort is an epitome of powerful unity and cooperation. I am sure that positive attitude, hard work, perseverance and innovative ideas exhibited by the department will surely stir the mind of readers.*

*Wishing you all the best and praying for all safety.*



Najmuddeen.p
Cheif editor
(Hod of Arabic department)

*കർമ്മ നിരതരാവുക*

ജീവിതം ഇങ്ങനെയൊക്കെയാണ്.അപ്രതീക്ഷിതമായി
എല്ലാം കീഴ്മേൽ മറിയും. ആശകളും ആഗ്രഹങ്ങളും
ചിലപ്പോൾ വെറും മോഹങ്ങളായി എന്ന് വരും.
ഇന്ന് ലോക ക്രയവിക്രയങ്ങൾ എല്ലാം താളം തെറ്റി.
എല്ലാം സ്വന്തമാക്കാൻ ഓടി നടന്നിരുന്ന മനുഷ്യർ
സഡൻ ബ്രേക്കിട്ട പോലെ ആഗ്രഹങ്ങളെല്ലാം ഒതുക്കി
ജീവിക്കാൻ തുടങ്ങി. ജീവൻ നിലനിർത്തുക എന്ന
ലക്ഷ്യത്തിനായി ജീവിത ശൈലികളിൽ സമൂലമായ
മാറ്റം വരുത്തി.
പരിമിതമായ ജീവിത വിഭവങ്ങൾ കൊണ്ട് എങ്ങിനെ
ജീവിതം സാധ്യമാണെന്ന് ഏവർക്കും ബോധ്യമായി.
കഴിഞ്ഞ കാലങ്ങളിലും ജീവിതം ഇവ്വിധം
ചിട്ടപ്പെടുത്തുന്നതായിരുന്നു അഭികാമ്യമെന്ന് ചിന്തിച്ച്
തുടങ്ങിയിരിക്കുന്നു മനുഷ്യർ.
നിശ്ചല ലോകത്ത് ജീവിക്കുന്നത് പോലെയായി
മാനവർ. ഉള്ളവനും ഇല്ലാത്തവനും വ്യത്യാസമില്ലാതെ
പരസ്പരം കണ്ടാലറിയാത്ത വിധം മൂടി നടക്കേണ്ട
അവസ്ഥ വന്നു -
എല്ലാം ജീവിതത്തിന്റെ മറ്റൊരു പാഠമാണ്.
ഈ പരിവർത്തനങ്ങളെ കൃത്യമായി ഉൾക്കൊണ്ട് കർമ
നിരതരാവണം നമ്മൾ. നമ്മുടെ ഉത്തരവാദിത്വങ്ങൾ
പൂർത്തിയാക്കേണ്ടതും ആഗ്രഹങ്ങൾ
പൂവണിയിക്കേണ്ടതും നമ്മൾ തന്നെയാണ്.
പ്രതിസന്ധികൾക്ക് മുമ്പിൽ ഉൾവലിയരുത് നാം.
പൂർവ്വാപരി സക്രിയരാവാൻ നാം ശ്രമിക്കണം.
തിരയടങ്ങിയിട്ട് കപ്പലോടിക്കാം എന്ന് കരുതിയാൽ
ജീവിതം ഇതിലും ദുസ്സഹമാകും.
ഉത്തരവാദിത്ത ബോധം കൂടുതൽ പ്രകടിപ്പിക്കേണ്ട
കാലമാണിത്.
പരാതികൾക്കും പരിമിതികൾക്കുമിടയിൽ ദൗത്യ
നിർവ്വഹണം നാം വിസ്മരിക്കരുത്.
ജീവിതം വലിയ ഉത്തരവാദിത്തമാണ്.
പ്രതിസന്ധികളെ അതിജീവിച്ച് കർമ്മ
നിരതരാകുന്നവർക്കുള്ളതാണീ ലോകം.
അത് കൊണ്ട്
'' കർമ്മ നിരതരാവുക''



Hasil.k
Staff editor

ലോകം അടഞ്ഞ് കിടന്നപ്പോഴും
സർഗ സഞ്ചാരങ്ങൾക്ക് 'ലോക്
ഡൗൺ' ഉണ്ടായിരുന്നില്ല.
അക്ഷരങ്ങളുടെയും
ആശയങ്ങളുടെയും
അനുസ്യൂതമായ പ്രവാഹത്തിന്
ലോകം സാക്ഷ്യം വഹിച്ച
ദിനങ്ങളായിരുന്നു അടച്ചിരിപ്പ്
കാലം.
സാമൂഹിക അകലത്തിന്റെ
കാലത്തും
സർഗാത്മകമായ ചേർത്തു
പിടിക്കൽ സാധ്യമാണെന്നതിന്റെ
ജീവിക്കുന്ന ഹൃദയ മിടിപ്പുകളാണ്
ഉൾത്താളുകളിലുള്ളത്.
ഒത്തുചേരലുകൾക്ക്
നിയന്ത്രണങ്ങളുള്ള ഇക്കാലത്ത്
വിദ്യാർത്ഥികൾ തീർത്ത
സർഗത്തുടിപ്പുകൾക്ക് നമുക്ക്
കാതോർക്കാം



Shahaana Thahsin
Student editor

സർഗാത്മകതയുടെ നിലാവിൽ
നന്മയുടെ ലോകത്തേക്ക്
അക്ഷരങ്ങൾ വഴി കാട്ടുകയാണ്...
മഹാമാരിയിലും വസന്തത്താൽ
ചായങ്ങൾ പടർത്തി
ലോകം മുന്നോട്ട് ഗമിക്കുന്നു.

കലാലയം അകലയാണെങ്കിലും
സാഹിത്യവും കലയും
കൂടെത്തന്നെയുണ്ടെന്ന് തുലിക
സാക്ഷ്യപ്പെടുത്തുന്നു.

കാറ്റും കോളും നിറഞ്ഞ വഴികളിൽ
വെട്ടം തെളിച്ച് മാറ്റത്തിലേക്കുള്ള ഒരു
പുതിയ ഉൾ തുടിപ്പ്.....
നിങ്ങളിലേക്ക് സമർപ്പിക്കുകയാണ്....

# ഉൾ തുടിപ്പ്...

*കൊറോണ കാലം
*കോവിഡ് നാൾ വഴികൾ
*അവൾ
*മരണ ഭയമേ ജാഗ്രത
*ഞാൻ
*കാഴ്ച്ചകൾ
*ജാതകം
*ദൈവത്തിന്റെ കരങ്ങൾ
*ആത്മഹത്യയെ കുറിച്ച് ചിന്തിക്കുമ്പോൾ
*സൗഹൃദം
* القرآن عجب العجائب
*കോവിഡ് കാലത്തെ ഒളിയജണ്ടകൾ
*ഞാനാണെ കോവിഡ്
*വിട്ടു കളയണം
*Economic crisis and covid 19.
*മാറുമീ ലോകത്തിൽ ഇനിയെന്ത് വേണം
*Memories
*കാട്ടു പൂവ്









*"ടുണീഷ്യയിലെ പെണ്ണുങ്ങൾ"  വായനാനുഭവം
*മനുഷ്യരാമുഖം
*പുതിയ തലമുറയും കുടുംബ ബന്ധങ്ങളും
*പ്രതിസന്ധികളെ എങ്ങനെ അവസരമാക്കാം.
*അതിജീവനത്തിന്റെ ഡയറി കുറിപ്പ്
*രാഷ്ട്രീയ സമ്പത്ത് വ്യവസ്ഥ
*എംടിയും നാലുകെട്ടും
*ഒരു ആത്മഹത്യ കുറിപ്പ്
*ഇന്ത്യൻ മതേതരത്വം
*ഇസ്ലാമിക ചട്ടങ്ങൾ
*നവ ജീവിത ശൈലിയിലേക്ക് തിരികൊളുത്തുന്ന കോവിഡാനന്തര ലോകം
*കൊറോണക്കാലത്തെ സംഭവവികാസങ്ങൾ
*അവർക്ക് എന്തോ പറയാനുണ്ട്
*ഒരു ലോക്ക് ഡോൺ ഡയറി
* فيروس كورونا ومنافعه
*വിദ്യാഭ്യാസം സ്മാർട്ട് ക്ലാസുകളിൽ നിന്ന് സ്മാർട്ട് ഫോണുകളിലേക്ക്
*ഒരു കലാലയ ഓർമ്മകൾ







pulse





"വിജയത്തിലേക്ക് വഴി വെളിച്ചം
കാണിച്ചവർ"

@safvana_arif_
DS Arabic

# കൊറോണ കാലം

എന്നത്തേയും പോലെ ഒരു നോട്ടു പുസ്തകവും എടുത്ത് കോളേജിലേക്ക് ഇറങ്ങി.പതിവുതെറ്റാതെ നേരം വൈകിയാണ് ക്ലാസ്സിലെത്തിയത്.അത്കൊണ്ട് തന്നെ അറ്റെൻഡൻസിന്റെ കാര്യത്തിൽ ഒരു തീരുമാനമായിരുന്നുഉച്ച ബെല്ല് കേട്ടതും അമ്പതിന്റെ നോട്ടും എടുത്ത് ചങ്കിന്റൊപ്പം നേരെ ലഞ്ച് ഹൗസിലേക്ക്.ലഞ്ച് ഹൗസീന്ന് ഫുഡും കഴിച്ച് ളുഹറും നിസ്കരിച്ച് തിരികെ ക്ലാസ്സിലേക്ക് തന്നെ.ഓർമ ശരിയാണെങ്കിൽ ഉച്ചക്ക് ശേഷമുള്ള പിരീടും കഴിഞ്ഞാണ് ആ അനൗൺസ്മെന്റ് കേൾക്കുന്നത്."കൊറോണ ആയതിനാൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കോളേജ് അവധിയായിരിക്കും എന്നത്" ,സത്യം പറഞ്ഞാ ഇത് കേട്ടപ്പോ മനസ്സിൽ ലഡ്ഡു പൊട്ടി.കുറേ കാലത്തിനു ശേഷം നാട്ടിൽ പോകാലോ, മാത്രമല്ല പതിവ് പോലെ രണ്ട് ദിവസം കഴിഞ്ഞു തിരിച്ചു വരേണ്ടതുമില്ല.



അങ്ങിനെ ചെങ്ങായിമാരോടൊപ്പം ഒരു സെൽഫിയും എടുത്ത് സലാം പറഞ്ഞ് റൂമിലേക്ക് തിരിച്ചു.എല്ലാം പാക്ക് ചെയ്ത് ബൈക്കിൽ വെച്ച് ചങ്കിനെയും കൊണ്ട് ചുരം ഇറങ്ങി.എന്നെത്തെയും പോലെ ചുരം ഇറങ്ങുമ്പോഴുള്ള സങ്കടം അന്നും ഉള്ളിൽ ഉണ്ടായിരുന്നു.ഒരു പക്ഷേ ഇനി ഒരു തിരിച്ചു വരവ് ഉണ്ടാകില്ല എന്നത് പോലെ.പക്ഷെ അതെല്ലാം ചുരത്തിലെ കട്ടനിൽ അലിഞ്ഞു പോയിരുന്നു.



അങ്ങിനെ ഞാൻ എന്റെ നാട്ടിൽ എത്തി."ഇനി എപ്പോഴാ തിരിച്ചു പോകുന്നെ.? "എന്ന സ്ഥിരം ഡയലോഗ് ഇത്തവണ ഞാൻ ആർടെയിൽനിന്നും പ്രതീക്ഷിച്ചില്ല.പക്ഷെ ആ പ്രതീക്ഷ എനിക്ക് മാത്രമായിരുന്നു.ചോദ്യം വീണ്ടും പലരും ചോദിച്ചു.ദിവസങ്ങൾ കുറേ കടന്നു പോയപ്പോൾ ആ ചോദ്യം ഞാൻ എന്നോട് തന്നെ ചോദിച്ചു തുടങ്ങി.!ഇനി എപ്പോഴാ തിരികെ പോവുക എന്ന്.!എല്ലാരേം മിസ്സ് ചെയ്യുന്നു.ക്ലാസ്സും കോളേജും ടീച്ചേഴ്സും ചെങ്ങായിമാരും എല്ലാം..

പാട്ടിലെ സാരം പോലെ

("അഗധാരിലേ
ചെറുതേങ്ങൽ
മാഞ്ഞിടും...
തിരി നീട്ടുമീ
കുളിരോർമ്മകൾ
തിരികെ വരും.... ")

ഇപ്പൊ എല്ലാം ഓർമകളാണ്.അത് ഓർത്തെടുക്കാൻ അന്നെപ്പോഴോ എടുത്ത ഓരോ ചിത്രങ്ങളും . . .

ഇനി വിഷയത്തിലേക്ക് വരാം..കൊറോണ!!

ഇങ്ങേരു തിരിച്ചു പോകാത്തത് കൊണ്ടാവാം വെക്കേഷൻ കഴിഞ്ഞിട്ടും കോളേജ് തുറക്കാഞ്ഞത്.പണ്ടെപ്പോഴോ കവി പാടിയതുപോലെ "കാലമിനിയുമുരുളും വിഷു വരും വർഷം വരും തിരിവോണം വരും". . . എന്നൊക്കെ.പക്ഷെ വിഷുവും വർഷവും തിരുവോണവുമൊക്കെ വന്നു പോയി, എന്നിട്ടും കോളേജ്...

അതെ കോളേജ് തന്നെ,ഒരുപാട് സങ്കടം ഉണ്ട്.എന്തെന്നാൽ ''മൂന്നാം വർഷം''എന്ന വാക്കിലെ ഒരു ആശ്വസമായിരുന്നു എല്ലാം.ഞങ്ങൾ കൊതിച്ചപോലെ ഒരു അഡാർ ട്രിപ്പ്,നജ്മു സർക്കൊപ്പം ഡൽഹി യൂണിവേഴ്സിറ്റി എന്നാണ് ഉദ്ദേശം.പിന്നെ ഇലക്ഷൻ,ആർട്സ് ഡേയ്സ്, ഓണാഘോഷം, ക്രിസ്മസ്... അങ്ങിനെ തുടങ്ങി എല്ലാം.പക്ഷെ അതെല്ലാം ഇപ്പൊൾ ഓരോന്നോരോന്നായി ഇല്ലാതാകുന്ന പോലെ.ഒരുപക്ഷെ പറയുകയാണെങ്കിൽ ഈ വർഷം തന്നെ ശോകമായി മാറുന്നു.കൊറോണ മുതൽ ധോണിയുടെ വിരമിക്കൽ അങ്ങിനെ തുടങ്ങി എല്ലാം... വിശ്വസിക്കാൻ കഴിയാത്ര എത്ര എത്ര കാര്യങ്ങൾ.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും ഇപ്പോഴും ഒരു പ്രതീക്ഷയുണ്ട് എല്ലാമാറി കലാലയത്തിൽ തിരിച്ചെത്തുമെന്ന്.പഴയ പോലെ ചെങ്ങായിമാരെ കാണുമെന്ന്,ആർട്സ്ഉം സ്പോർട്സുമെല്ലാം ഞങ്ങൾ ഒരുമിച്ച് കളറാക്കുമെന്ന്.എല്ലാം ഒരു പ്രതീക്ഷ മാത്രമാണ്.ചില സായാഹ്നങ്ങളിൽ തനിച്ചിരുന്നു ആശ്വസിക്കാനെങ്കിലും...



Faiz.k

D3 Arabic

# *കോവിഡ് നാൾവഴികൾ*




കോവിഡ് കാലത്ത് പതിവിൽ വ്യത്യസ്തമായ ജീവിത രീതികളിലൂടെയാണ് നാം ഒരോരുത്തരും കടന്ന് പോകുന്നത്. അതിൽ പ്രധാനപ്പെട്ട ചില മേഘലകളാണ് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, ഗതാഗതം എന്നിവ. (വിദ്യാഭ്യാസ മേഘല) സമൂഹത്തിൽ ഏറ്റവും കൂടുതൽ മാറ്റങ്ങളിലൂടെ കടന്ന് പോകുന്നത് വിദ്യാർതികളാണ്. പഠനം ഓൺലൈനിലേക്ക് ചുരുങ്ങിയപ്പോൾ സ്ക്കൂളിലേക്കുള്ള യാത്രകളും ക്ലാസും കളിസ്ഥലവും നമുക്ക് ഓർമ മാത്രമായ്.

അതേ സമയം ഓൺലൈൻ ക്ലാസ് വഴി കുട്ടികളിലേൽപ്പിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും വലുതാണ്. മോബൈലിലും കബ്യൂട്ടറിലും ടെലിവിഷനിലൂടെയും ഉള്ള വൺ സൈഡ് കമമ്യൂണിക്കേഷൻ മാത്രമായി ഓൺലൈൻ വിദ്യാഭ്യാസം ചുരുങ്ങുകയാണ്.

എന്നാൽ ഒന്നുമില്ലായി മയിൽ നിന്ന് എന്തങ്കിലും വേണ്ടേ ആ ഒരു ഭാഗത്തിലൂടെ നോക്കുമ്പോൾ ഓൺലൈൻ വിദ്യാഭാസത്തെ അനുകൂലിക്കേണ്ട അവസ്ഥയും നമുക്ക് മുന്നിലുണ്ട്.

രോഗ വ്യാപനം തടയാനായി എല്ലാ രാജ്യങ്ങളും ആദ്യമായും വ്യാപകമായും അടച്ചത് വിവാദ്യാസ സ്ഥപനങ്ങളാണ്. യുനേസ് കോയുടെ കണക്കനുസരിച്ച് 193 രാജ്യങ്ങളിലായ് 1.38 ബില്യൺ വിദ്യാർതികൾ വിട്ടിലിരിക്കാൻ തുടങ്ങിട്ടുണ്ട്.

എന്നാൽ കോവിഡ് തുടങ്ങിയ ചൈനയിലെ വുഹാനിൽ മെയ് 11 തന്നെ കോളേജുകൾ തുടങ്ങീട്ടുണ്ട് എന്നാൽ ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങൾക്ക് കോറോണ പ്രതിരോധ നിർദ്ദേശങ്ങൾ പാലിച്ചത് കൊണ്ട് വിദ്യാഭ്യാസ സ്ഥപനങ്ങൾ തുറക്കാൻ കഴിഞ്ഞില്ല.

നമുക്ക് നല്ലോരു സിസ്റ്റം ഉണ്ട് വിദ്യാർതി പ്രവേശനം, ക്ലാസുകൾ, പരീക്ഷ മൂല നിർണയം, ഫലപ്രഖ്യാപനം, വിടുതൽ തുടങ്ങിയ ആവർത്തന സ്വഭ്യാവമുള്ള വിദ്യാഭ്യാസ നടപടികൾ ഇപ്പോൾ ഓൺ ലൈനിലൂടെയാണ് നാം നടത്തുന്നത്. അത് കൊണ്ട് തന്നെ ദീർഘക്കാലം

കോവിഡിനോടപ്പം ജീവിക്കേണ്ട സാഹചര്യത്തിൽ നിലവിലെ പശ്ചാത്തല സൗകര്യങ്ങൾ നമുക്ക് പഠനം തുടരാം വരും നാളിൽ ഇത് വിദ്യാർതികളിൽ എത്രത്തോളം ബാധിക്കുമെന്നത് നാം കണ്ടറിയണം.




(ആരോഗ്യ മേഘല) ഒട്ടേറെ പ്രതിസന്ധികൾ ശ്രദ്ധയും പിടിച്ച് പറ്റിയ ഒരു മേഘലയാണ് ആരോഗ്യ മേഘല. ലക്ഷങ്ങൾ ഫീ കൊടുത്ത് പഠിച്ച് യോഗ്യത നേടിയ നഴ്സുമ്മാർ അവസരം കിട്ടാതെ ഭാവി ഇരുട്ടയുന്ന സ്ഥിതിയിലാണ്.

പല ഡോക്ടർമാരും ആശുപത്രിക്കളിൽ നിന്ന് വീട്ടുകളിലേക്ക് ചുരുങ്ങിയിരിക്കുന്നു. പല രോഗികളും പേടി മൂലം ആശുപത്രികളിൽ പോകാൻ മടിക്കുന്നു. ദിവസങ്ങളായി ഉറക്കം ഒഴിച്ച് വീട്ടിൽ പോലും പോകാൻ കഴിയാത്ത ചില ഡോക്ടേഴ്സിന്റെയും ആരോഗ്യ പ്രവർത്തകരുടെയും മുഖവും നമ്മുക്ക് മുമ്പിലുണ്ട്. ഇങ്ങനെ ഒരുപ്പാട് ആഘോഷങ്ങളും ആചാരച്ചടങ്ങുകളും കോറോണ പ്രതിസന്ധി കാരണം നാടുകളിൽ നടത്താനേ പങ്കെടുക്കാനേ നമുക്ക് സാധിക്കുന്നില്ല.



ചുരുക്കത്തിൽ കോറോണ കുറച്ച് മാസങ്ങൾ കൊണ്ട് തന്നെ ജീവിത ആരോഗ്യ രീതികൾ മാറ്റിയിരിക്കുന്നു. കോറോണ കാലത്തു സ്വന്തം ജീവിതം പണയം വെക്കുന്ന കുറച്ച് മുഖങ്ങൾ ഉണ്ട്. ആരോഗ്യ പ്രവർത്തകർ, പോലിസ്, നട്ടുകാർ, അവരെ സ്മരിക്കയും നല്ല നാളേക്കായ് പ്രത്യാശിക്കാം.

( തൊഴിൽ മേഘല)

ജീവിത പ്രതീക്ഷകളേയും രാജ്യത്തിന്റെ പുരോഗതി യേയും ഉന്നത സ്ഥനത്തേക്ക് എത്തിക്കുന്ന മേഘലയാണ് തൊഴിൽ മേഘല.വമ്പൻ കോപ്പറേറ്റ് കമ്പനി മുതൽ കുടിൽ വ്യവസായം കൊണ്ട് തൊഴിൽ ചെയ്യുന്നവരുടെ ജോലിയിലും ദൈന ദിന ജീവിതത്തിലും പ്രതിസ ന്ധി നിറച്ച ഒന്നാണ് കോവിഡ് കാലം. ഇതിൽ പ്രധാനമായും ദുരിതത്തിലായത് ദിവസ കൂലി തൊഴിലാളികളും പ്രവാസികളുമാണ്.

ഇത് ഒരു രാജ്യത്തിന്റെ പ്രശ്നം മാത്രമായ് ഒതുങ്ങാതെ ലോകത്തിലെ പല രാജ്യങ്ങളിലും ഈ ദുരിതം പ്രതിപ്പലിച്ചിട്ടുണ്ട്.
ഈ മേഘലയേ കുറച്ച് പറയുമ്പോൾ എന്റെ മുന്നിലേക്ക് ഓടിയെത്തുന്നത് ബീഹാർ സ്വദേശി ഝുന്നു ഠാക്കൂറിന്റെ മുഖമാണ്. വിശപ്പ് മാറ്റാൻ ഒന്ന് ഉറങ്ങാൻ നിങ്ങൾ എത്ര ദൂരം നടക്കുമെന്ന് ഝുന്നു നോട് ചോദിച്ചാൽ കൃത്യമായ് പറയും 1200 ㎞. വളരെ ശ്രദ്ധ പിടച്ച ഈ വർത്തയുടെ യാതാർത്യം ഝുന്നു പറയുന്നുണ്ട്. ഞാനും എന്റെ സഹോദരും ഗൊര് ഗ് പൂരിൽ നിർമ്മാണ തൊഴിലാളികളാണ്. അവിടെ തമസിക്കാൻ സ്ഥലമില്ലാത്തതിനാൽ ഞങ്ങൾ റേയ്ൽവേ ഫ്ലാറ്റ് ഫോമിലാണ് ഉറങ്ങാർ.ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ RPFക്കാർ ഉറങ്ങുന്നവരെ ഓടിക്കാൻ തുടങ്ങി. ഞങ്ങൾക്ക് കൂലിയില്ല, ഭക്ഷണമില്ല, വാഹനമില്ലാതെയായ്.സ്വന്തം ഗ്രാമത്തിലേക്ക് നടക്കുകയല്ലാതെ മറ്റ് മാർഗം ഉണ്ടായിരുന്നില്ല. റേയിൽ പാളത്തിലൂടെ 6 ദിവസം നടന്നിട്ടാണ് ബീഹാറിലെ മൻപൂർ എന്ന ഗ്രാമത്തിൽ എത്തിയത്.
ഇത് ഒരു ഝുന്നു വിന്റെ മാത്രം കഥയല്ല. സമാന സ്ഥിതിയിലുള്ള ആയിരക്കണക്കിനാളുകൾ രാജ്യത്തെങ്ങും കാണാൻ സാധിക്കും. ഇതിലൂടെ കോവിഡ് 19 മഹാമാരിയെ തുടർന്ന് ലോക്ക് ഡൗൺ ഇന്ത്യയിലെ തൊഴിൽ മേഘലയും തൊഴിലാളികളും നേരിടുന്ന രാജ്യത്തെ ക്രൂരമായ യാഥാർത്യത്തെ നഗ്ന് മാക്കിയിരിക്കുകയാണ് കാലം.

(ഗതാഗത മേഘല)

രാജ്യത്തിന്റെ വിളർച്ചക്ക് സഹായകരമായ് പ്രവർത്തിക്കുന്ന നിരവധി മേഘലയുടെ നടത്തിപ്പിൽ ഒഴിച്ചുകൂടാൻ കഴിയാത്ത മേഘലയാണ് ഗതാഗതം. നമുക്കറിയാം കോവിഡ് കലത്ത് ഗതാഗത മേഘലക്ക് ഉണ്ടായ പ്രതിസന്ധി വളരെ വലുതാണ്.വളരെ സുഗകരമയ് നാം നടത്തിയിരുന്ന നമ്മുടെ ഗതാഗതം മന്ദഗതിയിലായപ്പോൾ സംഭവിച്ച ആഗാതം നമ്മുക്ക് മനസ്സിലാക്കാം.

മാസങ്ങളോളം ഓടാതെ നിന്നിരുന്ന ബസ്സുകൾ നാം കണ്ടിട്ടുണ്ടാക്കും.അതേ അവസ്ഥയാണ് സ്വകാര്യ വഹനങ്ങൾക്കും. ഒരു സമയത്ത് ട്രയിനുകളും വിമാനങ്ങളും നിലച്ച അവസ്ഥ നമുക്ക് ഉണ്ടായിട്ടുണ്ട്. ഈ സമയം തന്നെ ഗതാഗത മേഘലയിലെ പ്രതിസന്ധി മറിക്കക്കൊൻ ചാർജ് വർദ്ധിപ്പിക്കാനുള്ള ശ്രമവും നടന്നു. മിനിമം ചാർജ് ദൂരം 2.5 KM മ കുറക്കാനും നിർദ്ദേശം വന്നിട്ടുണ്ട്.

മനുഷ്യ ആയുസിലെ ഏറ്റവും വലിയ പ്രതിസന്ധി അഭിമുഖികരിക്കുകയും തളരാതെ മുന്നോട്ട് പേരു തുകയും ചെയ്യുന്ന ലോക മനുഷ്യ ജനതയിലെ വ്യക്തികൾ എന്ന നിലയിൽ നാം ഒരോരുത്തർക്കും അഭിമാനിക്കാം. ഏതെരു ഇരുട്ടനെയും മാറ്റി പ്രകാശം വരുന്നത് പോലെ ഈ മഹാമാരിയിൽ നിന്ന് മുക്തി നേടി ഒരു പുത്തൻ ജീവിതത്തിനായ് വികവുറ്റ നാളെക്കായ് പ്രയത്നിക്കാം ലോക രക്ഷിതാവിനോട് പ്രാർത്ഥിക്കാം.



Shihad
D3 Arabic





Nahshana
D3 Arabic

# അവൾ

നാമം കൊണ്ടു വർണ്ണങ്ങൾ
രചിക്കുമ്പോൾ.. മകൾ
എന്ന കടമക്കു മുമ്പിൽ
സ്വപ്നങ്ങൾ
വലിച്ചെറിയപ്പെട്ടവൾ.
പ്രതീക്ഷയുടെ പുതിയ
കവാടം അവൾക്കു
നൽകിയത് ഭാര്യ എന്ന
പദവി.സ്നേഹം നിറഞ്ഞ
നാളുകളിൽ ആർക്കു
വേണ്ടിയോ സ്വയം
മാറിയവൾ.....
അമ്മയായി അവൾ
പുനർജനിച്ചപ്പോൾ
പ്രതീക്ഷയുടെ മറ്റൊരു തിരി
അവളിൽ പ്രകാശം പരത്തി.
വാർദ്ധക്യത്തിന്റെ ഇരുട്ട്
അവളെ കാർന്നു
തിന്നുമ്പോൾ..കരയാനല്ലാ
തെ അവൾക്ക്
അറിയില്ലായിരുന്നു.
ഒടുവിൽ അവളുടെ സ്ഥാനം
ഓർമ്മകളിൽ പൊലും
അവശേഷിപ്പിക്കാതെ
ആറടിമണ്ണിൽ...
ആരായിരുന്നു അവൾ....





Shahaana Thahsin
D3 Arabic

# മരണ ഭയമേ ജാഗ്രത




സാർസ് വൈറസുമായി അടുത്ത ബന്ധമുള്ള ഒരു വൈറസ് മൂലം ഉണ്ടാകുന്ന പകർച്ചാ വ്യാധിയാണ് കൊറോണ വൈറസ് (covid 19).2020 ലെ കൊറോണ വൈറസ് പൊട്ടി പടരാൻ കാരണം സാർസ് കോവ് -2 വൈറസ് ആണ്.

ചൈനയിലെ വുഹാനിലാണ് രോഗം ആദ്യമായി തിരിച്ചറിഞ്ഞത്. പിന്നീട് ഇത് ലോകം മുഴുവൻ പടർന്നു. രോഗം ബാധിച്ച വ്യക്തികൾ ചുമക്കുമ്പോഴും മൂക്ക് ചീറ്റുമ്പോഴും ഉണ്ടാകുന്ന ചെറിയ ചെറിയ തുള്ളികൾ വഴിയാണ് ഇത് പകരാൻ കാരണമാവുന്നത്. രോഗ ലക്ഷണങ്ങൾ ആരംഭിക്കുന്ന സമയം സാദാരണയായി 2 മുതൽ 14 ദിവസം വരെ ആണ്.

രോഗ ബാധിതരിൽ നിന്ന് അകലം പാലിക്കണം ഹസ്തതാനം ഒഴിവാക്കുക, കൈ കൾ ഇടക്കിടെ സോപ്പ് കൊണ്ട് കഴുകുക. തുടങ്ങിയ കാരണം കൊണ്ട് വൈറസ് വ്യാപനം കുറക്കാൻ സാദിക്കും.

രോഗ ബാധിതർ പനി, ചുമ , ശ്വാസം മുട്ടൽ, തൊണ്ട വേദന, എന്നി ലക്ഷണങ്ങൾ ഉണ്ടാകാം. ഇത് ന്യുമോണിയ കും ബഹു അവയവ പരാജയത്തിനു കാരണമാവും. നിലവിൽ വാക്സിനോ ആന്റിവൈറൽ ചികിത്സയോ ഇല്ല. ഈ രോഗത്തിന് 1%മുതൽ 4%വരെ മരണ നിരക്ക് കണക്കാകുന്നുണ്ട്. കൊറോണ വൈറസ് കാരണം ദാരാളം മാറ്റങ്ങൾ വന്നുചേർന്നിട്ടുണ്ട്. നമ്മുടെ ജീവിത ശൈലിയിലും സമ്പത് വ്യവസ്ഥയിലും വിദ്യാഭ്യാസ രംഗത്തും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്.

പരിസ്ഥിതി യിൽ വന്ന ദാരാളം മാറ്റങ്ങൾ ഉണ്ട് വൈറസ് കാരണം ദോഷങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാൽ കൂടെ പരിസ്ഥിതി ക്ക് ഗുണങ്ങൾ ആണ് ഉണ്ടായിട്ടു ള്ളത് പരിസ്ഥിതി ക്ക് അവയുടെ ശെരിയായിറ്റുള്ള രൂപം വീണ്ടെടുക്കാൻ സാധിചിടുണ്ട് . വായു മലിനീകരണതിന്റെ യും ജല മലിനീകരണതിന്റെയും ശബ്ദ മലിനീകരണതിന്റെയും കുറവ് കാരണം പരിസ്ഥിതി ക്ക് ഗുണം ആണ് ചെയ്തത്.

ജല മലിനീകരണതിൽ ഗംഗ ജലം ശുദ്ധി കരികാൻ വേണ്ടി കോടി കണക്കിന് പണം സെൻട്രൽ ഗവണ്മെന്റ് പാസ്സ് ആക്കിയിറ്റുണ്ട്. എന്നാൽ ലോക് ഡൌൺ കാരണം സ്വാഭാവികമായി ഗംഗ നദി യുടെ ശുദ്ധി വീണ്ടെടുക്കാൻ സാധിച്ചു.



വായു മലിനീകരണതിൽ വാഹനങ്ങൾ, ഫാക്ടറി കളും തുടങ്ങിയവ നിറത്തിൽ ഇറങ്ങത്തതു കൊണ്ട് വായു മലിനികരണം കുറക്കാൻ സാധിച്ചിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ ആവട്ടെ വലിയ രീതിയിൽ ഉള്ള മാറ്റങ്ങൾ ആണ് സംഭവിച്ചത്. ജനങ്ങൾ വ്യക്തി ശുചിത്വം പാലികാനും ജീവിത ശൈലി യിൽ മാറ്റങ്ങൾ വരാനും തുടങ്ങി.

സംഭത് വ്യവസ്ഥ യിൽ ബിസിനസ് പരമായി ധാരാളം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട് . പല ആളുകളുടെ ജോലികൾ നഷ്ടപെടുകയും ചെയ്തിട്ടുണ്ട്. ബിസിനസിൽ വില്പന യുടെ അളവ് കുറഞ്ഞത് കൊണ്ട് ഒരുപാട് ആളുകളുടെ ജോലി നഷ്ടപെട്ടു. എന്നാൽ ഇത് വിവര സാങ്കേതിക വിദ്യ മേഖലയിൽ ആണ് കൂടുതൽ ആയി ബാധിച്ചത് .

എന്നാൽ covid 19 വന്നതോടെ രാജ്യത്തെ സ്കൂളും കോളേജ് കളും താൽക്കാലികം ആയി അടച്ചു. വൺവേ ആശയവിനിമയം ആയി മാറി. ഇന്റർനെറ്റ് വഴിയും മാധ്യമങ്ങൾ വഴിയും ആണ് ഇപ്പോൾ വിദ്യാഭ്യാസം മുന്നോട്ട് പോകുന്നത്.




ഇതിലുടെ ഇന്റർനെറ്റ്ന്റെ ഉബയോഗം വളരെ കൂടിയിട്ടുണ്ട് . എന്നാൽ ഈ ഒരു സിസ്റ്റം ലഭികതവരും ഉണ്ട് നമ്മുടെ സമൂഹത്തിൽ.

ഇതിലെ എല്ലാത്തിനെകാളും ശ്രദ്ധ നേടിയത് മറ്റൊരു കാര്യത്തിലാണ് ലോക് ഡൌൺ കാരണം ഓസോൺ പാളിയിൽ വളരെ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ആർട്ടിക്ക് മുകളിൽ 1 ദശ ലക്ഷ ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഓസോൺ പാളിയിലെ ഏറ്റവും വലിയ ദ്വാരം അസാദാരണമായ അന്തരീക്ഷ അവസ്ഥ കാരണം അടച്ചു.



കൊറോണ വൈറസ് കാരണം പരിസ്ഥിതി ക്ക് അതിന്റെ ഭംഗിയും എന്നാൽ മനുഷ്യൻ അതിന്റേതായ പ്രയാസങ്ങളും അതുപോലെ തന്നെ ഉപകരണങ്ങളും ഉണ്ടായിട്ടുണ്ട്. ഒരുപാട് പേർക് അവരുടേതായ കഴിവുകൾ ഇതിനകം പുറത്ത് കാണിക്കാൻ ഒരു അവസരം കിട്ടി. ലോകത്തെ തന്നെ പുതിയൊരു യുഗം തരാൻ കൊറോണ എണ്ണ വൈറസ്നു കഴിഞ്ഞു........



Hamna
D2 Arabic

# ഞാൻ...

ഒറ്റപ്പെടലിന്റെയും ഏകാന്തതയിലൂടെയും നീങ്ങിക്കൊണ്ടിരിക്കുകയാണ് ഇന്ന് ഞാൻ. ഒന്ന് ഉച്ചത്തിൽ നിലവിളിക്കാൻ ആഗ്രഹമുണ്ട് പക്ഷേ അതിന് സാധിക്കുന്നില്ല. കുന്നോളം സ്വപ്നങ്ങൾ കൊണ്ടാണ് നാട്ടിലേക്ക് വന്നത്. എന്നാൽ വെറുമൊരു 4 ചുമരിനുള്ളിലായി എൻ്റെ ജീവിതം ,ഞാൻ വരുന്നുണ്ട് എന്നറിഞ്ഞാൽ എൻ്റെ ബന്ധുക്കളുടെയും കൂട്ടുകാരുടെയും ഒരു നിരതന്നെ മുന്നിലുണ്ടായിരുന്നു . ഇവരുടെയെല്ലാം ഫോൺകോളുകൾ കൊണ്ട് നിറഞ്ഞിരുന്നു. വേണ്ടതെല്ലാം ആവശ്യപ്പെടുമായിരുന്നു, പൊന്നുപോലെ നോക്കിയിരുന്നു. ബന്ധുക്കളുടെ സ്നേഹത്തിൽ പ്രവാസ ദുഃഖം എന്താണെന്ന് പോലും ഞാൻ അറിഞ്ഞിട്ടില്ല . ബോർഡിങ് പാസ് എടുത്തു വീട്ടിലേക്കു വിളിച്ചു ,എളാപ്പാ ...
ഞാൻ നാളെ വീട്ടിലേക്ക് എത്തും ഉമ്മാനോട് വിവരം പറയൂ ട്ടോ .



അല്ല ഇയ്യ്യെന്തിന ഇപ്പോ നാട്ടിലേക്ക് വരുന്നത് അവിടെ ഇപ്പോ കൊറോണ അല്ലേ , ഇങ്ങോട്ട് വന്നാൽ ഞങ്ങൾ എവിടെ പോയി നിൽക്കും. എനിക്ക് പറയാൻ ഒരു അവസരം പോലും തന്നില്ല . ജോലി നഷ്ടപ്പെട്ടാണ് വരുന്നത് എന്ന് പറയാൻ പോലും എനിക്ക് ലജ്ജ തോന്നി .



.കോൾ കട്ട് ചെയ്ത്
എടുത്തുണ്ടായിരുന്ന കസേരയിൽ തല താഴ്ത്തി ഇരുന്നു. സാരമില്ല ഡാ . . . എല്ലാ പ്രവാസിയുടെയും ഇന്നത്തെ അവസ്ഥ ഇതാണ് . ആ ശബ്ദം കേട്ട് തല ഉയർത്തി , തൊട്ടടുത്തിരുന്ന ആ മനുഷ്യൻ ചിരിച്ച മുഖവുമായി എന്നോട് പറഞ്ഞു. അദ്ദേഹത്തിൻറെ മുഖത്ത് ചിരി ഉണ്ടെങ്കിലും ഉള്ളു നീറി കരയുന്നുണ്ടായിരുന്നു. അദ്ദേഹത്തിനും പറയാൻ എന്നെപ്പോലെ ഒരുപാട് കഥകളുണ്ട് . എയർപോർട്ട് എത്തിയിട്ടും ഞങ്ങളുടെ കഥകൾ അവസാനിച്ചിരുന്നില്ല. ആ മനുഷ്യനോട് യാത്രയും പറഞ്ഞ് എയർപോർട്ടിൽ നിന്നിറങ്ങി. ഒരു ഇന്നോവ നിറയെ ആളുകളുമായി എയർപോർട്ടിന് പുറത്ത് ഒച്ചപ്പാടും ബഹളവും ഉണ്ടാക്കി ബന്ധുക്കൾ കാത്തിരുന്ന ഒരു കാലമുണ്ടായിരുന്നു . എന്നാൽ ടാക്സിയെ നോക്കി കാത്തിരിക്കേണ്ട അവസ്ഥ വന്നു ഇന്ന് എനിക്ക്. എവിടെയും നിശബ്ദത മാത്രം. നാട്ടിൽ നിന്ന് നീ എവിടെ എത്തി എന്ന ഒരു ഫോൺകോൾ പോലും ഇതുവരെ വന്നില്ല . എൻറെ അടുത്ത് ഒരു ടാക്സി വന്ന് നിർത്തി. ഡ്രൈവറും ഞാനും തമ്മിൽ ഒരു സംസാരം പോലും ഉണ്ടായിരുന്നില്ല. ക്ഷീണത്താൽ ഞാൻ പോലുമറിയാതെ എൻറെ കണ്ണുകൾ അടഞ്ഞു പോയി.

സാർ വീടെത്തി ആ ശബ്ദം കേട്ട് ചാടി എണീറ്റു. ലഗേജ് ഒന്നുമില്ലാത്തതുകൊണ്ട് കാറിൽ നിന്നിറങ്ങാൻ അധികം സമയം വേണ്ടിവന്നില്ല. വീടു പണിയെല്ലാം കഴിഞ്ഞ് നേരിട്ട് കാണുന്നത് ഇന്നാണ്. അൽഹംദുരില്ല ഈ പ്രവാസ ജീവിതത്തിൽ ഞാൻ ആകെ സമ്പാദിച്ചത് ഈ കാണുന്നതാണ്. കർട്ടൻ മാറ്റി ആരൊക്കെയോ എന്നെ എത്തി നോക്കുന്നുണ്ട് . ജനാല തുറന്ന് , ഡാ 28 ദിവസം സുലൈമാന്റെ വീട്ടിൽ നിന്നോ.ഇവിടെ ഇപ്പോൾ ഞങ്ങൾ എല്ലാരും ഇല്ലേ നിനക്കുള്ളതെല്ലാം അവിടെ റെഡി ആക്കിയിട്ടുണ്ട്. ഒരു മിന്നായം പോലെ എന്റെ ഉമ്മാൻറെ മുഖം ഞാൻ കണ്ടു.അനക്ക് വയസ്സായതാ അധികം ഇങ്ങനെ ഓനെ നോക്കി നിൽക്കേണ്ട അതും പറഞ്ഞ് എളാപ്പ ജനലുകൾ കൊട്ടിയടച്ചു. ഇരമ്പുന്ന ശബ്ദം ചെവിയിൽ തുളച്ചുകയറി . ഇവരെല്ലാം ഇതുവരെ എന്നെ ആയിരുന്നില്ല നോക്കിയത് ഞാൻ കൊണ്ടുവരുന്ന പെട്ടിയുടെ വലുപ്പത്തെ ആയിരുന്നു .എൻറെ ഏറ്റവും വലിയ സ്വപ്നമായിരുന്നു ഒരു വീട് അതൊന്ന് കുറച്ചു നേരം പോലും നോക്കി നിൽക്കാൻ എനിക്ക് മനസ്സ് വന്നില്ല. മുറിയിൽ കയറി വാതിൽ കൊട്ടിയടച്ചു , പുറം ലോകവുമായി ഒരു ബന്ധവും ഇല്ലാതെ ഒറ്റയ്ക്ക് മുറിയിൽ 28 ദിവസം തള്ളിനീകണ്ടേ എന്നോർത്തു എന്റെ
തല പെരുകുന്നുണ്ടായിരുന്നു.
ആദ്യമൊക്കെ കോളിംഗ് ബെൽ അടിച്ചു ഭക്ഷണം വെച്ച് തിരിഞ്ഞു നോക്കാതെ പോകുമായിരുന്നു ഇപ്പൊ ഇങ്ങനെ ഒരാൾ ജീവിച്ചിരിപ്പുണ്ടോ എന്ന് പോലും ആരും തിരക്കുന്നില്ല. തൊണ്ട വേദനയും പനിയും ഉണ്ടെന്നറിഞ്ഞപ്പോൾ കൂട്ടുകാരുടെ ഫോൺ കോൾ പോലും പിന്നീട് ഇല്ലാതായി .



ഒറ്റപ്പെടലിന്റെ   തീവ്ര ദുഃഖത്തിലൂടെ
നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത്ര കഠിനമാണോ
ഒറ്റപ്പെടലിന്റെ വേദന. നെറ്റിയിൽ ചുടുചുംബനം
കിട്ടിയിരുന്നെങ്കിൽ , ഒന്നെന്നെ വാരിപ്പുണർന്നു
എങ്കിൽ എനിക്ക് എത്ര വേദന വരില്ലായിരുന്നു.
ഇനിയെങ്കിലും ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ
ജീവിക്കണം. നാളെയാണ് ടെസ്റ്റ് റിസൾട്ട് വരുന്നത്
ഒരുപക്ഷേ  ഇവരെല്ലാം എന്നിൽ നിന്ന് അകന്നത്
നല്ലതിനായിരിക്കും . വേദനകൊണ്ട് എൻറെ കണ്ണുകൾ
അടയ്ക്കുന്നുണ്ട്.
ഈ ഉറക്കത്തിൽ
നിന്ന് ഞാൻ
ഉണരാതിരിക്കട്ടെ..........



Rumaiza C.B
D3 ARABIC

# *കാഴ്ച്ചകൾ*

കണ്ണിന്റെ വിലയറിയാത്ത മനുഷ്യാ.....
തുറക്കൂ നിന്റെ കണ്ണുകൾ.....
നിൻ നയനങ്ങളിലെ അന്ധത,
വ്യാപിച്ചു കഴിഞ്ഞു നിൻ മനസ്സിലേക്കും.....
ഇനിയെങ്കിലും തുറക്ക് നിൻ മിഴി രണ്ടും...
ഞാൻ എന്ന ഭാവത്തിൽ അന്ധനാണ് നീ....
അടക്കരുത് നിൻ നയനങ്ങൾ,
അന്യന്റെ ദുഃഖവും നീ കാണണം....



കാഴ്ചയില്ലാത്തവർക്കു കാഴ്ച്ച സ്വപ്നം,
സ്പർശനം അവർ മനസിൽ കാഴ്ച്ചകൾ.....
ചുവട് വെക്കൂ നിൻ ഉൾകാഴ്ച്ചയിലേക്ക്,
പൊടിപിടിച്ച നയനങ്ങൾ തുറക്കൂ നന്മയിലേക്ക്.....
കണ്ണില്ലാത്തവരുടെ ദണ്ണ മെത്ര ദയനീയം....
കാഴ്ച്ചയുടെ വിലയറിയാത്ത നാമോ എത്ര
മൂഡൻമാർ......



Muhammad Asif T.N
D3 Arabic

# ജാതകം

പതിവിനു വിപരീതമായി അവൾ രാവിലെ നേരത്തെ എഴുന്നേൽക്കുന്നത് കണ്ട അയലത്തെ ഭവാനിയമ്മ പിറുപിറുത്തു; ഉം.. ഇന്ന് ഏതോ കൂട്ടര് ഓളെ കാണാൻ വരുന്നുണ്ട് എന്ന് തോന്നുന്നു.. ഉടുത്ത മുണ്ട് ഒന്ന് മുറുക്കിയുടുത്ത് ഭവാനിയമ്മ അവളുടെ അടുത്തേക്ക് പോയി. നന്ദനേ.. നിൻറെ കല്യാണ കാര്യം ഒക്കെ എന്തായി ? ഭവാനി അമ്മയെ കാണാത്ത ഭാവം നടിച്ച് അവൾ അകത്തേക്ക് പോയി. നന്ദനയുടെ ലോകത്തേക്ക്...നാല് ചുമരുകൾക്കിടയിലെ അവളുടെ ലോകം, അവളുടെ ഭ്രാന്തമായ ചിന്തകളെ പകർന്നെടുത്ത കടലാസ് കഷ്ണങ്ങളും ഓർമ്മകളെ ഒപ്പിയെടുത്ത ഡയറിക്കുറിപ്പുകളും കുറെ പുസ്തകങ്ങളും അവൾക്കൊപ്പം ആ മുറിയിൽ പൊടി പിടിച്ചു കിടപ്പുണ്ടായിരുന്നു. പുസ്തകങ്ങളുടെയും അക്ഷരങ്ങളുടെയും ലോകത്തിൽ അവൾ ഒരുപാട് സന്തോഷവതിയായിരുന്നു ,പിന്നീട് എവിടെയോ താൻ വായിക്കുന്നത് എല്ലാം തൻറെ ജീവിതവുമായി സാദൃശ്യമുണ്ടെന്ന് തോന്നിയ അവൾക്ക് വായനയിലും നീരസം തുടങ്ങി.



വടക്കേ കാവിലെ തറവാട് പേരുകേട്ട തറവാടാണ്. സുരഭി യുടെയും ജയകൃഷ്ണന്റെ യും മൂന്ന് പെൺമക്കളിൽ മൂത്തവൾ ആണ് നന്ദന.മറ്റുള്ളവരുടെ കണ്ണിൽ അവൾ ഒരു തന്നിഷ്ടക്കാരി തന്റേടി അഹങ്കാരി ഒക്കെ,

കോളേജിൽ പഠിക്കുന്ന കാലത്ത് താനൊരു വിപ്ലവകാരിയായിരുന്നത്രെഅതുകൊണ്ടാണ്പോലും മറ്റുള്ളവരുടെ കണ്ണിൽ അഹങ്കാരിയും തന്റേടിയും ആയതുവീട്ടിൽ നിന്നും വളരെ ദൂരം അകലെയായിരുന്നു കോളേജ് അതുകൊണ്ടുതന്നെ അവിടെ ചേർന്നതും ഹോസ്റ്റലിൽ താമസിച്ചതും തന്നിഷ്ടതോടുകൂടി ആയിരുന്നു. അതുകൊണ്ടുതന്നെ വീട്ടുകാർക്കും കുടുംബക്കാർക്കും അവൾ ഒരു അഹങ്കാരിയായി മാറി. ചെറുപ്പം മുതലേ അവള് കേട്ടുവളർന്ന പേരാണ് അരുൺ ,അമ്മാവൻറെ മോൻ ,ശരിക്കുപറഞ്ഞാൽ മുറച്ചെറുക്കൻ ആയി വരും ,അവളെ സ്വപ്നം കാണാൻ പഠിപ്പിച്ചവൻ, അവളുടെ കവിതകളിലെയും കഥകളിലെയും നായകൻ. പിന്നീട് എപ്പോഴോ അവളുടെ ജീവിതത്തിലെ നായകനായി മാറിയ വൻ. അതുപോലെതന്നെ അരുണിനും നന്ദന എന്ന് പറഞ്ഞാൽ ജീവനായിരുന്നു . വർണ്ണങ്ങളെക്കാൾ ചന്തം തോന്നിപ്പിക്കുന്ന ഒരു തരം ബന്ധം അവർക്കിടയിൽ വളർന്നു വന്നിരുന്നു. കാലങ്ങൾക്ക് ശേഷം അവൾ അവളുടേതായ ലോകത്തേക്കും അവൻ അവന്റെതായ ലോകത്തേക്കും ചുരുങ്ങിയിരുന്നു , പിന്നീട് എപ്പോഴൊക്കെയോ അവർ തമ്മിൽ കാണുമ്പോൾ വെറുമൊരു വിരുന്നുകാരെപോലെ അവർ പരസ്പരം പെരുമാറി.

ഹോസ്റ്റൽ ജീവിതത്തിന് വിരാമം കുറിച്ച് അവൾ തന്റെ നാട്ടിലേക്ക് യാത്രയായി, യാത്രയിലുടനീളം അവളുടെ മനസ്സിൽ ഓടിയെത്തിയത് അരുണിനെ മുഖമായിരുന്നു. ഓർത്തെടുക്കാൻ ഒരുപാട് പ്രണയ ദിനങ്ങൾ ഒന്നും അവർക്കിടയിൽ ഉണ്ടായിരുന്നില്ല. എങ്കിൽപോലും അവളുടെ മനസ്സിൽ അവൻ മാത്രമായിരുന്നു. എന്തൊക്കെയോ ആലോചനക്ക് ഒടുവിൽ സമയം പോയതെ അവൾ അറിഞ്ഞില്ല, സ്ഥലം എത്തി. വടക്കേ കാവിൽ തറവാട് ,വീടിനു മുന്നിലെത്തിയപ്പോൾ അമ്മയും അച്ഛനും അനിയത്തി മാരൊക്കെ ഉമ്മറത്ത് ഉണ്ട്, പിന്നെയും ആരൊക്കെയോ ഉണ്ട് ആരാണെന്ന് അവൾക്ക് വ്യക്തമായില്ല.



ഉമ്മറപ്പടി കയറിയപ്പോഴാണ് മനസ്സിലായത് അത് അരുൺ ഇൻറെ അച്ഛനും അമ്മയും ആണെന്ന്. അവളുടെ മുഖത്ത് ചെറു പുഞ്ചിരി വിടർന്നു.

മേശപ്പുറത്ത് കിടക്കുന്ന ചായ അവൾക്കു കൂടെ കൊടുത്തിട്ട് അമ്മ പറഞ്ഞു ;ചായ കുടിക്ക് മോളേ.. യാത്രാ ക്ഷീണം കാണും ,ഉം .. ഞാൻ ഇപ്പോൾ വരാം എന്ന് പറഞ്ഞു നന്ദന ധൃതിയിൽ അകത്തേക്ക് പോയി.

തന്റെയും അരുണിന്റെയും കല്യാണ കാര്യത്തെക്കുറിച്ച് അവർ സംസാരിക്കുന്നത് കേട്ട അവൾ അകത്തുനിന്ന് അരുണിനെ കോണ്ടാക്ട് ചെയ്യാനുള്ള തിരക്കിലായിരുന്നു .പക്ഷേ , അപ്പോഴേക്കും അച്ഛൻ വന്നു .മോളേ.. ഉമ്മറത്തേക്ക് ഒന്ന് വാ.. ദേ ജാതകം നോക്കാൻ കണിയാൻ വന്നിട്ടുണ്ട്. അവൾ ധൃതിയിൽ അവരുടെ അടുത്തേക്ക് പോയി.

ഇപ്പോഴും അവളുടെ മനസ്സ് അരുണിനെ തേടി കൊണ്ടിരിക്കുകയായിരുന്നു. കാണിയാനോട് ജാതകങ്ങൾ ഒന്ന് നോക്കാൻ പറഞ്ഞു . അയാൾ രാശിപലക എടുത്തു അരികിൽ വെച്ചു ജാതക ചേർച്ച നോക്കി. പെട്ടെന്ന് അയാൾ എല്ലാവരെയും ഒന്ന് നോക്കി ,എന്നിട്ട് രാശിപലക മാറ്റിവെച്ച് നന്ദനയുടെ അച്ഛൻറെ അടുത്തു പറഞ്ഞു ;ഈ ജാതകം എന്നല്ല .. മോൾക്ക് കല്യാണം പാടാ.. കുട്ടിയുടെ ജാതകത്തിൽ ചൊവ്വയാ... അതും കെട്ടു കഴിഞ്ഞാൽ ഏഴാം നാളിനുള്ളിൽ ഭർത്താവിൻറെ വിയോഗം കാണുന്നുണ്ട്. കേട്ടപാതി അരുണിന്റെ വീട്ടുകാർ പോയി ,നന്ദനയുടെ പുഞ്ചിരി ച്ചിരുന്ന മുഖത്ത് പെയ്യാൻ പോകുന്ന കാർമേഘം ഉരുണ്ടുകൂടുന്നു ണ്ടായിരുന്നു.അവൾ വെട്ടിത്തിരിഞ്ഞു അകത്തേക്ക് പോയി. അവൾക്ക് എവിടെയൊക്കെയോ താളം തെറ്റിയിരുന്നു. പിന്നീട് അങ്ങോട്ട് വരുന്ന കല്യാണാലോചനകൾ എല്ലാം ചൊവ്വാദോഷ ത്തിൻറെ പേരിൽ മുടങ്ങി. വീട്ടുകാർക്കും മതിപ്പ് തുടങ്ങി ,പതിവായി പെണ്ണുകാണാൻ വരുന്ന വരിലും അവരുടെ ചിരിയിലും പരിഹാസം കലർന്നു എന്ന് അവൾക്ക് തോന്നി. തൻറെ അനിയത്തിമാരെ ഓർത്തിട്ട് ആവും അച്ഛനും അമ്മയും എന്നും ആദിയായിരുന്നു.

ആരോരുമറിയാതെ മുഖത്തെ വിളറിയ ചിരിക്കു മറവിലെ കീറി മുറിഞ്ഞ ഹൃദയത്തിൻറെ ചേതനയുടെ മരവിപ്പിൽ അവൾ പതിയെ വിഷാദത്തെ കൊടുമുടിയിൽ കയറി. നീണ്ട ഒറ്റപ്പെടലിനെ യും യും ഏകാന്തതയുടെയും നാളുകൾകൊടുവിൽ അവൾ തന്റേതായ ഒരു ഇടം കണ്ടെത്താൻ ശ്രമിച്ചു. വായനയുടെ ലോകം . പിന്നീടങ്ങോട്ട് അവൾ അഘാത പ്രണയത്തിൽ അകപ്പെടുകയായിരുന്നു.. എഴുത്തുകളോടും പുസ്തകങ്ങളോടും. സ്വന്തം ജീവിതം പകർന്നെടുത്തെയുത്തിയ പുസ്തകത്തിലൂടെ അവൾ ജനശ്രദ്ധ നേടി. അതിലെ ഏതാനും വരികൾ ഇങ്ങനെയായിരുന്നു..

- ചൊവ്വേ.. നിന്നിൽ ജലത്തിനംശം തിരയുന്നൊരു മർത്ത്യൻ, ഇന്ന് കവടിപ്പലകയിൽ നിൻ ദോശത്തിൻ ആഴം നിരക്കുന്നു. ആയിരമായിരം പെൺകിടാങ്ങൾ തൻ മംഗല്യ മുടക്കി നീ....



Sufaila k.k
D3 Arabic

# ദൈവത്തിന്റെ കരങ്ങൾ



ഒരു ദിവസം ഒരു ആറു വയസുള്ള ഒരു പയ്യൻ കയ്യിൽ 50രൂപ നോട്ടുമായി ദൈവത്തെ വാങ്ങാൻ ഇറങ്ങി. ഒരു കടയിൽ ചെന്ന് ചോദിച്ചു "ഇവിടെ ദൈവത്തെ വിൽക്കുമോ"?നീ എന്താ ആളെ കളിയാക്കുകവാണോ? എന്തോ പ്രശ്നമാണെന്ന് വിചാരിച്ചു ആ കടക്കാരൻ ചൂടായി ആ പയ്യനെ കടയിൽ നിന്ന് ഇറക്കി വിട്ടു പയ്യൻ അടുത്ത കടയിൽ ചെന്നു. അവിടെ നിന്നും ഇറക്കി വിട്ടു. അങ്ങനെ ഓരോ കടയിലും ഇതേ ചോദ്യവുമായി കയറി ഇറങ്ങി നടന്നു സന്ധ്യയായി അവൻ 70 ആം മത്തെകടയിലും കയറി ചെന്നു.

ചേട്ടാ എന്നെ ഒന്ന് സഹായിക്കണം ഇവിടെ ദൈവരെ വിൽക്കുമോ? " 60 വയസ് പ്രായം തോന്നുന്ന ആ മനുഷ്യൻ കുട്ടിയോട് ചോദിച്ചു എന്തിനാ നിനക്ക് ഇ ദൈവത്തെ? ഒരാളെങ്കിലും തന്റെ ചോദ്യം കേട്ടല്ലോ എന്ന സമാധാനത്തിൽ കുട്ടി നിറ കണ്ണുകളോടെ പറഞ്ഞു.

മൂന്ന് വർഷം മുമ്പ് എന്റെ പപ്പയും അമ്മയും മരിച്ചു പോയി അതു കഴിഞ്ഞ് എന്റെ അങ്കിൾ ആണ് എന്നെ നോക്കുന്നത്. പക്ഷെ അങ്കിൾ ഒരു ആക്സിഡന്റ് സംഭവിച്ചു ഇപ്പോൾ ആശുപത്രിയിലാണ്. ഇതുവരെ ബോധം തെളിഞ്ഞിട്ടില്ല. ഡോക്ടർ പറഞ്ഞു. "ദൈവത്തിനു മാത്രമേ നിന്റെ അങ്കിൾ നെ രക്ഷിക്കാൻ കഴിയൂ എന്ന്". കുട്ടി വിചാരിച്ചു ദൈവം എന്തോ വലിയ മരുന്നാണ് എന്ന്. "അതുകൊണ്ടു കുറച്ച് ദൈവത്തെ മേടിച്ചു അങ്കിൾ ന്നു കഴിക്കാൻ കൊടുക്കണം എന്റെ അങ്കിൾ നെ രക്ഷിക്കണം.

ഇവിടെ ദൈവത്തെ വിൽക്കുന്നുണ്ടോ? കുട്ടിയുടെ നിഷ്കളങ്കത കണ്ടു അയാൾ കുട്ടിയോട് ചോദിച്ചു നിന്റെ കയ്യിൽ എത്ര രൂപ ഉണ്ട്? 50രൂപ. ദൈവത്തിന് ഏകദേശം ആ വിലയെ വരൂ! അതു പറഞ്ഞ് ഒരു ചെറിയ കുപ്പിയിൽ ഒരൽപ്പം തേൻ കുട്ടിക്ക് നൽകിട്ട് പറഞ്ഞു ഇതാണ് ദൈവം ഇത് നിന്റെ അങ്കിൾ ന് കൊടുക്കണം. കുട്ടിയുടെ കണ്ണ്നിറഞ്ഞു അവനൊരുപാട് സന്തോഷമായി. ആ ചെറിയ കുപ്പിയും കയ്യിൽ പിടിച്ചു അവൻ ആശുപത്രിയിലേക്ക് ഓടി. അവൻ ഒരുപാട് സന്തോഷത്തോടെ വിളിച്ചു പറഞ്ഞു ഇതാ ഞാൻ ദൈവത്തെ കൊണ്ട് വന്നു എന്റെ അങ്കിൾ രക്ഷപെടും പിറ്റേ ദിവസം രാവിലെ ഒരു വലിയ മെഡിക്കൽ ടീം ആശുപത്രിയിൽ എത്തി. അവർ ആ മനുഷ്യന്റെ ചികിത്സ ഏറ്റെടുത്തു. മണിക്കൂറുകൾക്ക് ശേഷം അയാൾ ജീവിതത്തിലേക്ക് തിരിച്ചു വന്നു ദിവസങ്ങൾ കഴിഞ്ഞു. ആശുപത്രിയുടെ ബില്ല് വന്നു. അതുകണ്ടു അങ്കിൾ ഞെട്ടി. പക്ഷെ അപ്പോൾ തന്നെ ഒരു അറിയിപ്പ് വന്നു. ഒരു അബദ്ധം പറ്റിയതാണ് ബില്ല് മുഴുവൻ അടച്ചതാണ്. ആ മനുഷ്യന് അത്ഭുതമായി. ഇയാൾ ആ കുട്ടിയോട് ചോദിച്ചു എന്താണ് സംഭവിച്ചത്, കുട്ടി നടന്നതെല്ലാം പറഞ്ഞു ദൈവത്തെ വാങ്ങാൻ പോയ കഥയും തനിക്ക് ദൈവത്തെ തന്നുവിട്ട മനുഷ്യന്റെ കാര്യവുമെല്ലാം അങ്കിൾ ആ കുഞ്ഞിനെയും കൂട്ടി ആ മനുഷ്യന്റെ കടയിലേക്ക് പോയി.



ആ നാട്ടിലെ ഏറ്റവും പണക്കാരൻ ആയിരുന്നു ആ മനുഷ്യൻ. അങ്കിൾ അയാളോട് കണ്ണീരോടെ നന്ദി പറഞ്ഞു. അപ്പോൾ ആ മനുഷ്യൻ



പറഞ്ഞു എന്നോടല്ല നന്ദി പറയേണ്ടത് ഞാൻ അല്ല നിങ്ങളെ രക്ഷിച്ചത്, നിങ്ങൾക്ക് വേണ്ടി കയ്യിൽ 50രൂപ നോട്ടുമായി ഒരു ദിവസം മുഴുവൻ ദൈവത്തെ വാങ്ങാൻ കടയിൽ കയറി ഇറങ്ങി നടന്ന ഈ കുഞ്ഞ്ആണ്. അവന്റ നിഷ്കളങ്കതയും സ്നേഹവും ആണ്

അയാൾ ആ കുഞ്ഞിനെ വാരിയെടുത്ത് നെഞ്ചോട് ചേർത്തു.അദ്ദേഹത്തിന്റെ കണ്ണുകളിൽ സന്തോഷത്തിന്റെ കണ്ണുനീർ കാണാമായിരുന്നു. ''ദൈവത്തിന്റെ കരങ്ങൾ എന്നും മനോഹരമാണ്.''





Muhammad jaseem
D3 Arabic

# ആത്മഹത്യയെക്കുറിച്ചു " ചിന്തിക്കുമ്പോൾ

**ആരോടും ഒന്നും പറയാതെ പെട്ടെന്നൊരുനാൾ എല്ലാത്തിനോടും വിടപറഞ്ഞു പോവുക... ചിലർ ഒരു തെളിവും അവശേഷിപ്പിക്കാതെ, മറ്റു ചിലർ ഒന്നോ രണ്ടോ വരിയിൽ പ്രിയപ്പെട്ടവരോട് പലതും പറയാതെ പറഞ്ഞു കടന്നു പോകുന്നു.**



അത്രനാളും കളിച്ചു ചിരിച്ചു നടന്നിരുന്ന ഒരാൾ പെട്ടെന്ന് ഒരു ദിവസം സ്വന്തം ജീവനൊടുക്കിയെന്ന വാർത്ത കേട്ട് എന്താവും കാരണമെന്ന് ആലോചിച്ച് അമ്പരന്നിട്ടുള്ളവരാവും നമ്മിൽ പലരും

ദിവസം കഴിയുന്തോറും ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർധിച്ചു വരുന്നു. അതിൽ ഭൂരിഭാഗവും കൗമാരക്കാരും യുവജനങ്ങളും.

വളരെ നിസാര കാര്യങ്ങൾക്കാണ് ചില ആത്മഹത്യകൾ എന്നത് വലിയ ഞെട്ടൽ ഉളവാക്കുന്നു. എന്ത് പറ്റി യുവതലമുറക്ക്?

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (NCRB) കണക്കുകൾ പ്രകാരം ഓരോ മണിക്കൂറിലും ഒരു വിദ്യാർത്ഥിയെങ്കിലും നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്യുന്നുണ്ട്. നമ്മുടെ കേരളത്തിലും സ്വന്തം ജീവനൊടുക്കുന്നവർ നാൾക്കു നാൾ വർധിച്ചു വരുന്നു. കോവിഡ് -19 ലോക്ക്ഡൌൺ കാലത്ത് കണക്കുകൾ ഒന്നുകൂടി ശക്തി പ്രാപിക്കുന്നു. സമകാലികമായ ഒരുപാട് വാർത്തകൾ അതിലേക്ക് വിരൽ ചൂണ്ടുന്നു. ജോലി ലഭിക്കാത്തതിന്റെ വിഷമത്തിൽ ആത്മഹത്യ ചെയ്ത ഉദ്യോഗാർഥി ആയാലും, പഠനസൗകര്യം ഇല്ലാത്തതിൽ മനംനൊന്ത് ജീവനൊടുക്കിയ വിദ്യാർത്ഥിനി തുടങ്ങി, രക്ഷിതാക്കൾ വഴക്കിട്ടതിന് പോലും സ്വയംഹത്യ നടത്തുന്നു. മാതാപിതാക്കൾ മക്കളെ ഗുണദോഷിക്കാൻ ഭയക്കുന്നു, അധ്യാപകർ കുട്ടികളെ ഉപദേശിക്കാൻ വിമുഖരാവുന്നു. കുട്ടി ആത്മഹത്യ ചെയ്താലോ? !

സാമ്പത്തിക, സാമൂഹിക സാംസ്കാരിക കുടുംബ, മനഃശാസ്ത്രപരമായ ഒരുപാട് കാരണങ്ങൾ വൈദ്യ ശാസ്ത്രം ഇതിനു പിന്നിൽ നിരത്തുന്നുണ്ടെങ്കിലും പ്രധാന കാരണം  പ്രതിസന്ധികളെ നേരിടുന്നതിലെ പോരായ്മയാണ്."



ഏതെങ്കിലും തരത്തിൽ ശാരീരികമോ മാനസികമോ, സാമ്പത്തികമോ ആയ ഒരു പ്രയാസത്തെ അഭിമുഖീകരിക്കേണ്ട ഒരു ഘട്ടം സംജാതമായാൽ മനസ് പതറുന്ന കാഴ്ച.

തനിക്കിതൊന്നും ചെയ്യാൻ കഴിയില്ലെന്ന അപകർഷതാബോധം. ചെറിയ തോതിലുള്ള പിരിമുറുക്കങ്ങൾ പോലും താങ്ങാൻ കഴിയാത്ത അവസ്ഥ. ഇവയെല്ലാം വളരെ പെട്ടെന്ന് വിശാദത്തിലേക്കും പതിയെ ആത്മഹത്യ ചിന്തയിലേക്കും മനസിനെ കൊണ്ടുപോകുന്നു ഒരു പ്രതിസന്ധി ഘട്ടം വരുമ്പോൾ അതിനെ എങ്ങനെ അവൻ നോക്കിക്കാണുന്നു എന്നതാണ് അവന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്ര. പ്രവർത്തിക്കുന്ന വ്യക്തികളുടെ ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകുക സ്വാഭാവികമാണ്. ചില വ്യക്തികളോ സംഭവങ്ങളോ സാഹചര്യങ്ങളോ നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുമ്പോൾ അതിനെ രണ്ട് രീതിയിൽ പൊതുവെ മനുഷ്യൻ നേരിടുന്നു. ഒന്ന്, എല്ലാം നഷ്ടപ്പെട്ടുവെന്ന് കരുതി നിരാശയിൽ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നു.അങ്ങനെയുള്ളവർ ആത്മഹത്യ ചെയ്യാനുള്ള സാധ്യത ഏറെയാണ്. രണ്ട്, ഇത്രയല്ലേ സംഭവിച്ചുള്ളൂ എന്ന ചിന്തയോടെ പ്രശ്നങ്ങളെ ധീരമായി നേരിടുവാനും പുതിയ അവസരങ്ങൾ കണ്ടെത്തുവാനും ശ്രമിക്കുന്നു

ജീവിതത്തിൽ പ്രതിസന്ധികളുണ്ടാവുമ്പോൾ  എല്ലാ വാതിലുകളും അടഞ്ഞ് കിടക്കുന്നതായി നമുക്ക് തോന്നും. എന്നാൽ ചില വാതിലുകൾ അടഞ്ഞു കിടക്കുന്നതെ ഉണ്ടാവുകയുള്ളൂ. കുറ്റിയിട്ടിട്ടുണ്ടാവില്ല. നമ്മൾ ഒന്ന് തള്ളിയാൽ ചിലപ്പോൾ തുറന്നേക്കും. പക്ഷെ അതിനുള്ള ശ്രമം പ്രതിസന്ധി ഘട്ടങ്ങളിൽ നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ലെങ്കിൽ ഒരു പക്ഷേ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകും. സൂര്യൻ പടിഞ്ഞാറ് അസ്തമിക്കുന്നത് കിഴക്ക് ഉദിക്കാനാണ്. ഉദയാസ്തമയങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്.



സത്യസന്ധതയും, ഹൃദയനൈർമല്യതയും ഈശ്വരവിശ്വാസവും ധാർമികതയുമെല്ലാം നാം കാത്തുസൂക്ഷിക്കുകയും അവ അനുസരിച്ചു ജീവിതം മുന്നോട്ട് കൊണ്ടുപോകുകയും ചെയ്താൽ ഒരു പ്രതിസന്ധിക്കും നമ്മെ നിരാശപ്പെടുത്താൻ കഴിയില്ല പതിരില്ലാത്ത പഴഞ്ചൊല്ലുകളും മൂല്യവത്തായ പുതു ചൊല്ലുകളും(ഫായിസ് മോന്റെ ) മനസ്സിൽ എപ്പോഴും ഒരു മന്ത്രം പോലെ ഉണ്ടായാൽ തീരുന്നതേ ഉള്ളൂ നമ്മുടെ എല്ലാ പ്രശ്നങ്ങളും



Ajmal.k.y
D3 ARABIC

# സൗഹൃദം

ഇന്നീ ലോകമിൽ അനാഥമായി
മനുഷ്യ മനസ്സിലൊരോർമ്മയായ്
പകരക്കാരനെ നൽകാതെയായ്
സ്നേഹ ദേവത എങ്ങോ മറഞ്ഞു
പോയ്



സൗഹൃദം എന്നിലായി നൽകിയ
ബന്ധങ്ങൾ
ആത്മ സുന്ദര ബന്ധങ്ങളായതുമേ
സൗഹൃദം എന്നിലായി നൽകിയ
പാഠങ്ങൾ
ജീവിത വിജയ പാഠങ്ങളായതുമേ

വാട്സാപ്പിൽ ചലിപ്പിക്കും
തൂലികയായ്
ഫെയ്സ്ബുക്കിൽ വിരിയും
ചിത്രങ്ങളായ്
ഇൻസ്റ്റയിൽ തീർക്കും
ചങ്ങാത്തമായ്
ന്യൂജൻ സൗഹൃദം മറഞ്ഞുപോയി



Sinan Jr caliph
D2 Arabic

# القرآن عجب العجائب

إن القرآن الكريم لم يترك صغيرة ولا كبيرة من أمور الدنيا والآخرة إلا أحصاها وبينها ، ولا شيئا مما يحتاج إليه الناس من أمور الدين والدنيا إلا أوضحه مفصلا أو مجملا.... ورغم أن الإنسان قد قصر عقله عن الإحاطة بكل شيء فإن إدراكه للأمور يتزايد ويتقدم بالإجتهاد والتدارس، فمنذ أن نزل القرآن علماء المسلمين دائموا التمعن والاجتهاد فيه يفسرون معانيه ويشرحون أحكامه كل حسب قدرتهم وتفهمهم وإجتهادهم ، فهناك ما لا حصر له من اجتهادات فيما جاء فيه من قصص وعبر وعلم وأدب ومع ذلك لم يستطع أي مفسر أن يدعي أنه استوعب معاني القرآن بل كل ختم إجتهاده بقوله 'والله أعلم بمراده' ولكن الله سبحانه وتعالى قال فى القرآن المجيد : سَأُرِيكُمْ آيَاتِي فَلَا تَسْتَعْجِلُونِ والمقصود بالآيات هي الآيات الكونية ، ويكشف العلم عنها تباعا بحكم ارتقاء العقل البشري وذلك في مواعيد موقوتة ، كلما حل ميقات آية أظهرها الله ويسر الله للبشر الوصول إلى معناها ودلالتها

والقرآن عجب العجائب وكنز العلوم جاء بإشارات مدهشة إلى أنواع من العلوم وإلى شتى الأمور هي التي تسببت لكثير من الاكتشافات العلمية والعجائب الكونية رغم ذلك لا يوجد في القرآن العظيم بحث تام عن موضوع من الموضوعات العلمية لأنها ليست من مهمة القرآن.

رغم ذلك ما أنزل القرآن للتحدث عن مشكلات الكون وحقائق الوجود العلمية والذي يوجد في القرآن من التعبيرات الدقيقة والإشارات الخفية إلى حقائق كثيرة في المسائل الطبيعية والطبية والفلكية والجغرافية والكونية كلها للتفكير والتدبر عن خالق الكون والإيمان به دليلا وبرهانا.



جاء القرآن الكريم بإشارات واضحة إلى كثير من الحقائق العلمية والعجائب الكونية مما يتعلق عن السماوات والأرض والأفلاك والنجوم والشمس والقمر والطارق والبرق والنور والظلمة والحر والبرد والنهار والليل والصباح والمساء والسحاب والأمطار والعيون والأنهار والأ

والأودية والجبال والبحار والمياه والثلج والندى والنبات والأشجار والأثمار والأزهار والحبوب والفواكه والحدائق والجنات والإنسان والأنعام والطيور والدواب والمدينة والغابة والأمراض والأدوية والحياة والموت وغيرها من من سائر الكائنات .

إن للقرآن دور كبير فى إيقاظ الفكر البشري والوعي الإنساني وفي إنقاذ الأمة من ظلمة الجمود والجهل ومن الاعتقادات الباطلة والظنيات الفاسدة ، تشجع القرآن الكريم الإنسان على التفكر والتدبر والتعقل فى طيلة آياته الكريمة، حتى أصبح القرآن والحديث سببين لكثير من الاكتشافات العلمية ولتصحيح التصورات العلمية الخاطئة فى علم الطب وعلم الفلك وعلم الأحياء وغيرها .



والقرآن الكريم كتاب عقيدة وهداية يخاطب الضمير فيحيي فيه عوامل النمو والارتقاء وبواعث الخير والفضيلة وإعجازه العلمي ليس فى اشتماله على النظريات العلمية التي تتجدد وتتبدل وتكون ثمره للجهد البشري في البحث والنظر وإنما في حثه على التفكير فهو يحث الإنسان على النظر في الكون وتدبره ولا يشل حركة العقل في تفكيره أو يحول بينه وبين الإستزادة من العلوم ما استطاع إلى ذلك سبيلا

يقول صاحب كتاب "الغذاء والدواء في القرآن الكريم"

" ولقد كشف العلم الحديث عن معنى بعض الآيات القرآنية التي كانت قد غمت على الأولين لقصور إدراكهم وعلمهم ومعرفتهم وسيكشف الباقي أيضا إن شاء الله مع ترقي العلوم ، سيأتي زمان يكون فيه العلماء أقرب الناس إلى الدين وإلى الإيمان بالله قريبا إن شاء الله ، ويقر الجميع أن لا تعارض بين العلم والدين أبدا "

إن الإرشادات القرآنية كلها هادفة إلى مصالح الحياة البشرية فلذا لا تنحصر بموضوع دون موضوع وبزاوية دون زاوية وبساحة دون ساحة وبميدان دون ميدان بل تتجاوز كل حدود وحصور وتتركز إلى جميع النواحي للحياة البشرية فردية وجماعية

يا أيها الَّذِينَ آمَنوا ادخلُوا في السِّلم كافَّةً

فَمَنْ يَعمل مثقال ذرة خيرًا يره.ومن يعمل مثقال ذرة شرًا يره

ويسعَوْنَ في الأرض فسادًا والله لا يحبّ المفسدين

صطدم القرآن الكريم مع العلم الذي يعرف بكلمة إنجليزية Science ، هو الذي جاء باكتشافات عجيبة عن الكائنات . رغم ذلك أن القرآن لا يعتبرها علوما قطعية لأن أساسها خيالات وظنون ويصل إليها الإنسان الباحث في سبيل البحث والإجتهاد ، فلذا يلاحظ الاكتشافات العلمية لا تزال تتجدد وتتبدل عكسا للعلوم القرآنية وهي كلها علوم قطعية تحدث بها الخالق الله عالم السر والنجوى الناس كافة.

يرفع القرآن راية الفكر والبحث في طيلته خلال آياته الكريمة ؛ وهو يحث على الدرس والمعرفة وتفهم نواميس الكون وكشف أسراره، الآيات التالية تشير إلى ذلك:

أولَم يَنظُروا في مَلكوتِ السَّماواتِ والأرض وما خلق اللهُ من شيء وأن

أولَمْ يَنظُرُوا فِي مَلَكُوتِ السَّمَاوَاتِ وَالْأَرْضِ وَمَا خَلَقَ اللَّهُ مِن شَيْءٍ وَأَنْ عَسَى أَن يَكُونَ قَدِ اقْتَرَبَ أجلهُمْ فَبِأي حَدِيثٍ بَعْدَهُ يُؤْمِنُونَ

أَفَلَمْ يَسِيرُوا فِي الْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَا أَو آذَانٌ يَسْمَعُونَ بِهَا فَإِنَّهَا لَا تَعْمَى الأَبْصَارُ وَلَكِنْ تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ

المرجع نسه . ص: 27

د/ جمال الدين مهران و د/ عبد العظيم حفنى صابر ، الغذاء والدواء في القرآن الكريم ، ص: 11، لجنة الخبراء ، مصر

سورة البقرة : 208

سورة الزلزلة : 7-8

سورة المائدة : 64



Dr.. Youssef Mohammed Nadawine
Professor department of Arabic

# *കോവിഡ് കാലത്തെ ഒളിയജണ്ടകൾ*

മനുഷ്യ ചരിത്രത്തിൽ അപൂർവ്വങ്ങളായി സംഭവിച്ചിരിക്കുന്ന മഹാമാരികൾ മാനവ കുലത്തെ നിരവധി പാഠങ്ങളാണ് പഠിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ പരമ ദുർബലനും നിസ്സഹായനുമാണെന്ന പാഠമാണ് 2019 ന്റെ അവസാനത്തിൽ തുടങ്ങി ഇപ്പോഴും ലോകത്തെ സ്തംഭിപ്പിച്ച് നിർത്തുന്ന കോവിഡ് - 19 മനുഷ്യനെ ബോധ്യപ്പെടുത്തുന്നത്. നമ്മുടെ രാജ്യം ഈ മഹാമാരിയിൽ വീർപ്പ് മുട്ടുമ്പോഴും ജനാധിപത്യ മൂല്യങ്ങളെ ക്രൂരമായി കശാപ്പ് ചെയ്യുന്ന തിരക്കിലാണ് കേന്ദ്ര സർക്കാർ. പൗരത്വ ഭേദഗതി നിയമത്തിനെതിരെ മനുഷ്യാവകാശ പ്രവർത്തകരും ജനാധിപത്യ വിശ്വാസികളും ശക്തമായ പ്രതിഷേധം നടത്തുന്ന പശ്ചാത്തലത്തിലാണ് രാജ്യം കോവിഡ് വ്യാപനം മൂലം സമ്പൂർണ്ണ ലോക്ഡൗണിലായത്.ഈ സന്ദർഭത്തിലും വിവിധ നഗരങ്ങളിലും കാമ്പസുകളിലും പൗരത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയവരെ ജയിലിലടക്കുന്ന തിരക്കിലായിരുന്നു ഭരണകൂടം. കൊറോണ വൈറസ് രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിലും തീവ്രമായി വ്യാപിക്കുന്നതിനിടയിലും ഏകശിലാത്മകമായി തങ്ങളുടെ ഒളിയജണ്ടകൾ നടപ്പിലാക്കുന്നതിന് രാജ്യം സാക്ഷ്യം വഹിക്കുകയുണ്ടായി.കേന്ദ്ര ഗവൺമെന്റിന്റെ ഏകാധിപത്യത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണ് പുതിയ ദേശീയ വിദ്യഭ്യാസ നയവും പാരിസ്ഥിതിക ആഘാത നിർണ്ണയവും.




*ദേശിയ വിദ്യഭ്യാസ നയത്തിലെ ആശങ്കകൾ*

2019 ലാണ് ഡോ. കസ്തൂരി രംഗൻ കമ്മീഷൻ ദേശിയ വിദ്യഭ്യാസ നയത്തിന്റെ കരട് രൂപം പുറത്തിറക്കിയത്.




474 പുറങ്ങളുള്ള കരട് റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപമാണ് 64 പേജുകളിലായി ക്യാബിനറ്റ് അംഗീകരിച്ചിരിക്കുന്ന പുതിയ നയരേഖ. കോവിഡ് വ്യാപനം കാരണം രാജ്യത്തെ നിയമ നിർമ്മാണ സഭകൾക്ക് കൃത്യമായി സമ്മേളിക്കാൻ പോലും സാധിക്കാത്ത കാലത്ത്, മതിയായ ചർച്ചകൾക്കോ വിശകലനത്തിനോ അവസരം നൽകാതെ 6 മാസം മുമ്പ് സമർപ്പിച്ച ദേശിയ വിദ്യഭ്യാസ നയത്തിന്റെ കരടിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത്. ഭാവി തലമുറയെ രൂപപ്പെടുത്തുന്നതിൽ വിദ്യഭ്യാസത്തിന് മുഖ്യ പങ്കുണ്ടെന്നിരിക്കെ, ഈ നയ രൂപീകരണത്തിന് കേന്ദ്ര സർക്കാർ അർഹിക്കുന്ന ഗൗരവം നൽകിയിട്ടുണ്ടോ എന്നത് സംശയമാണ്. പ്രീ - പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ നിർബന്ധിതവും സാർവ്വത്രികവുമായ വിദ്യഭ്യാസത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നത് ഉൾപ്പെടെ നല്ല നിർദേശങ്ങൾ പുതിയ വിദ്യഭ്യാസ നയത്തിലുണ്ട് എന്നത് വിസ്മരിക്കാവതല്ല. അതേ സമയം രാജ്യത്തെ വിദ്യഭ്യാസ മേഖലയെ തകിടം മറിക്കുന്ന, അടിച്ചേൽപ്പിക്കുന്ന ഒട്ടേറെ നിർദേശങ്ങളും ഈ നയത്തിലുണ്ട്. നമ്മുടെ ഭരണ ഘടന മുന്നോട്ട് വെക്കുന്ന അവസര സമത്വത്തിനും സാമൂഹിക നീതിക്കും വിരുദ്ധമാണ് പുതിയ വിദ്യഭ്യാസ നയം.

പ്രാഥമിക തലം മുതൽ ഉന്നത വിദ്യഭ്യാസ രംഗം വരെയുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം, ഭരണം, നിയന്ത്രണം, ധനവിനിയോഗം, ബോധന ക്രമം, ആശയ പ്രസരണം, പഠന ലക്ഷ്യങ്ങൾ

എന്നിവ ക്രമീകരിച്ചിരിക്കുന്നത് ചില പ്രത്യേക സാമുദായിക മത വിഭാഗങ്ങളെ സ്ഥാപനപരമായി വിദ്യഭ്യാസ രംഗത്ത് നിന്ന് പുറന്തള്ളുന്ന രീതിയിലാണ്.പാർശ്വവൽകൃത സമൂഹത്തിലെ വിദ്യാർത്ഥികളുടെ 'വിദ്യഭ്യാസ പുറത്താവൽ' ഈ വിദ്യഭ്യാസ നയത്തിന്റെ സ്വഭാവിക പരിണതിയാണ്. ചുരുക്കത്തിൽ പുതിയ ദേശിയ വിദ്യഭ്യാസ നയം വിദ്യഭ്യാസത്തിന്റെ സൂക്ഷ്മ തലങ്ങളിലേക്ക് എങ്ങനെ നിയന്ത്രണങ്ങളും നവലിബറൽ നയങ്ങളും ഒളിച്ചു കടത്താം എന്നതാണ്.

*പരിസ്ഥിതി ആഘാത പഠന വിജ്ഞാപനത്തിലെ കാണാച്ചരടുകൾ*

2020 മാർച്ചിലാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി ആഘാത പഠന വിജ്ഞാപനത്തിന്റെ കരട് രൂപം പുറത്തിറക്കിയത്.നിലവിലെ പാരിസ്ഥിക നിയമങ്ങൾക്ക് പോറലേൽപ്പിക്കുന്ന വിജ്ഞാപനങ്ങളാണ് ഇ.ഐ.എയിലുള്ളത്. പൊതുവിലുള്ള പരിസ്ഥിതി നിയമങ്ങൾ നശീകരണത്തിനെതിരെയുള്ള മുൻകരുതൽ, നശീകരണം തടയൽ, നശീകരണ/ മലിനീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർ നഷ്ടപരിഹാരം നൽകൽ, വികസന ആസൂത്രണങ്ങളിലും തീരുമാനങ്ങളിലും പരിസ്ഥിതി സംരക്ഷണ ചിന്തകൾ ഉൾചേർക്കൽ, വികസന പ്രവർത്തനങ്ങളിൽ പൊതുപങ്കാളിത്തം ഉറപ്പ് വരുത്തൽ, സുസ്ഥിര വികസനം എന്നീ ആറ് തത്വങ്ങളിൽ അധിഷ്ഠിതമാണ്. ഈ കരട് രേഖ ജനാധിപത്യ വിരുദ്ധമാണെന്ന് ഒറ്റ നോട്ടത്തിൽ ബോധ്യപ്പെടും.കാരണം പരിസ്ഥിതി തീരുമാന പ്രക്രിയയിൽ നിന്ന് പരമാവധി ജനങ്ങളെ അകറ്റി നിർത്തുന്നതായാണ് രേഖയിൽ കാണുന്നത്. ജന ജീവിതത്തിനും പരിസ്ഥിതിക്കും ദോഷകരമായി ബാധിക്കുന്ന ഇത്തരം നിയമങ്ങൾ പാരിസ്ഥിതിക അസമത്വവും സാമൂഹിക അനീതിയുമാണ് വർദ്ധിപ്പിക്കുക എന്നതിൽ സംശയമില്ല.



Hasil.k
Professor of Arabic department

''സ്ത്രീത്വം തളച്ചിടേണ്ടതല്ല
ആദരിക്കപ്പെടേണ്ടതാണ്''





Aifa sulthana
D3 Arabic

# ഞാനാണേ.....
# കൊവിഡ്.

വൈറസ് കുടുംബത്തിലെ ഒരഗം
നിങ്ങളെപ്പോലെത്തന്നെ ഈ പ്രബഞ്ചത്തിലെ ഒരു ജീവി.

ചൈനയിലേ ഒരു വനത്തിൽ ഒരു കാട്ടുപന്നിയുടെ ആന്തരിക അവയവത്തിലായിരുന്നു എന്റ ജീവിതം
നിങ്ങൾക്കറിയാമല്ലേ ഞങ്ങൾ വൈറസുകൾക്ക് പുറം ലോകത്ത് അതിക സമയം തമസിക്കാൻ കഴിയില്ലേന്ന് അത് കൊണ്ട് തന്നെ ഏതെങ്കിലും ജീവിയുടെ ആന്തരിക അവയവമാണ് ഞങ്ങൾ വാസസ്ഥലമായി തിരഞ്ഞെടുക്കുന്നത്.

ഇനി ഞാൻ എന്റെ കഥ പറഞ്ഞു തുടങ്ങാം.....
ഒരു ദിവസം ചൈനയിലേ ആ ഘോരവനത്തിലേക്ക് ഒരു വേട്ടക്കാരനും സഘവും കടന്നു വന്നു . അവർ ഒരു ദയയും ഇല്ലാതെ കാട്ടിലുള്ള മൃഗങ്ങളേ വെടിവെച്ചു വിഴ്ത്താൻ തുടങ്ങി കൂട്ടത്തിൽ ഞാൻ താമസമാക്കിയിരുന്ന കാട്ടുപന്നിയേയും അവർ വെടിവെച്ചു വീഴ്ത്തി എല്ലാ മൃഗങ്ങളേയും വാഹനത്തിൽ കയറ്റി ചൈനയിലേ വൂഹാൻ എന്ന പട്ടണത്തിൽ കൊണ്ടു പോയി വിറ്റു.



ചൈനക്കരെ കുറിച്ച് ഞാൻ നിങ്ങളോട് പറയേണ്ട കാര്യമില്ലല്ലേ അവർ എല്ല വിത ജീവിളെയും ഭക്ഷണമാക്കുന്നതരകാരാണല്ലേ
അങ്ങനെ മാർക്കറ്റിൽ ഒരു പാട് ആളുകൾ മാംസം വാങ്ങാൻ എത്തി .

എനിക്ക് വല്ലാതെ പേടിയാവാൻ തുടങ്ങി കാരണം അവർ മാംസതിനോപ്പം എന്നെയും വേവിച്ച് ഭക്ഷിക്കുമോ? അതോടെ എന്റെ കാര്യം അതോകെ തി .

അങ്ങനെയിരികെ പെട്ടന്നാണ് ഒരാൾ മാംസം
വാങ്ങാൻ എത്തിയത്
കച്ചവടക്കാരൻ അയാൾക്ക് മാംസം കൊടുക്കാൻ
വേണ്ടി മൃഗത്തെ അറുത്തു മൃഗത്തിന്റെ ആന്തരിക
അവയവം എടുത്തോഴി വാക്കി അപ്പോഴാണ് എനിക്ക്
സമാധാനമായത് .
തക്ക സമയത്ത് ഞാൻ അയാളുടെ വിരലുകളിൽ
കയറി പറ്റി പിന്നെ അയാൾ ആ കൈകൾ കൊണ്ട്
മൂക്കിൽ പിടിച്ചതും ഞാൻ അയാളു ടെ ഉള്ളിലേക്ക്
പ്രവേശിച്ചു നേരെ ശ്വാസകോശത്തിലേക്ക്.
ആഹ .... പിന്നെ ഉള്ള പതിനാല് ദിവസം
സമാതിയുടെ കാലമാണ്
ഈ പതിനാല് ദിവസത്തിനിടയിൽ ഞാൻ എന്റെ
കുഞ്ഞുങ്ങളെ പെറ്റുപെരുകി .
അയാളിലൂടെ ഞാൻ അയാളുടെ ഭാര്യയിലേക്കും
മക്കളിലേക്കും അയൽ കാരിലേക്കും കടന്നുകയറി .
അയാൾക്ക് പനിയും ചുമയും തോണ്ടവേദനയും
അനുഭവപ്പെട്ടതോടെ ആശുപത്രിയിലേക്ക് പോയി
പരിശോദന കൊടുവിൽ ഡേക്ട്ടർ ന്യൂ മോണിയ
ആണെന്ന് റിസൾട്ട് നൽകി .
ന്യുമോണിയക്കുള്ള ചഗൽ സ തുടങ്ങി പക്ഷേ
അഡ്മിറ്റായി ആറാം ദിവസം അയാൾ മരണപ്പെട്ടു
ആ പിന്നെ ഒരു കാര്യ പറയാൻ മറന്നു പരിശോദന
കിടയിൽ ഡോക്ട്ടറുടെ കൈൽ പറ്റി പിടികാനും ഞാൻ
മറന്നില്ല ട്ടോ ....

എന്റെ പൊന്നു മക്കൾ കളി തുടങ്ങി
കഴിഞ്ഞിരുന്നു. അവർ കൂട് വിട്ട് കൂട് മാറി
കോണ്ടിരുന്നു. പനി പടർന്നു പിടിച്ചു മരുന്നുകൾ
ഫലിക്കാത്ത മാരകമായ പനി.



ദിവസം ആയിരങ്ങൾ
ആശുപത്രിയിലേക്ക്
വന്നു. മൃതദേഹങ്ങൾ
വഹിച്ചു കെണ്ട്
നിരത്തിലൂടെ
ആംബുലൻസുകൾ ചീറി
പാഞ്ഞു.

ലേകം പകച്ചു
നിന്നു. ശസ്ത്രകഞ്ഞർ
തല പുകച്ചു. രോഗം
ഏതാണ് ? രോഗത്തിനു
കാരണമായ അണു
ഏതാണ് ? അതിനുള്ള
പ്രതിവിധി എന്താണ് ?

അതിനിടയിൽ ഡോക്ടർക്ക് രോഗം മൂർച്ചിച്ചു ഡോക്ടർ മരണത്തിന്റെ കൈകളിലേക്ക് വീണു യാത്രയായി.

പക്ഷേ കുറഞ്ഞ സമയത്തിനുള്ളിൽ ശാസ്ത്രലോകം എന്നെ തിരിച്ചറിഞ്ഞു ഞാൻ നോവൽ കോറോണ വൈറസ്. കഴിഞ്ഞ വർഷങ്ങളിൽ സാർസ് രോഗം പരത്തി ലോകത്തെ മുൾമുനയിൽ നിർത്തിയ കോ റോണ വൈറസിന്റെ രൂപാന്തരണം പ്രാപിച്ച പുതിയ അവതാരം. എനിക്ക് പുതിയൊരു പേരും കണ്ടെത്തി - കൊ വിഡ്. 19.

പിന്നെ എന്റെ ജൈത്രയാത്ര യാ യി രു ന്നു . ആധുനിക സങ്കേതിക വിദ്യയുടെയും സമ്പത്തിന്റെയും കെട്ട രങ്ങളായ അമേരിക്ക , ഇറ്റലി , ജർമനി , ബ്രിട്ടൺ , സ്പെയിൻ , സ്വിറ്റ്സർലാന്റ് , അറേബ്യ ,പേർഷ്യ ....

ഇപ്പോഴിതാ ഹരിത സുന്ദരമായ കൊച്ചു കേരളത്തിലും എത്തിചേർന്നിരിക്കുന്നു . മനുഷ്യസ്നേഹത്തിന്റെയും മതേതരത്വത്തിന്റെയും നാട് . പുഴകളുടെയും പ്രവാസികളുടെയും പറുദീസ ....

തിരിച്ചറിഞ്ഞു കഴിഞ്ഞ നിലക്ക് അധികം താമസിയാതെ എക്കെതിരെ മരുന്ന് കണ്ടെത്തുമെന്നറിയാം. മഹാമാരികളും ലോകയുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും അതിജീവിച്ച് മുന്നോട്ടു കുതിക്കുന്ന മനുഷ്യരാശിയേ പിടിച്ചു കെട്ടാൻ നിസ്സരനായ ഞാനാര് ? പക്ഷേ ഈ യുദ്ധം ജയിച്ചാലെ ഇനി നിങ്ങൾക്ക് മുന്നോട്ടു പോകാനാവൂ .

പോകുന്നതിനു മുമ്പ് ഒരു കാര്യം കൂടി . പ്രകൃതി യുടെ ആവാസവ്യവസ്ഥകളിലോക്ക് നിങ്ങൾ കടന്നു കയറരുത്. അപ്പോഴാണ് ഞങ്ങളെപ്പോലുള്ളവർ പുറത്തിറങ്ങുന്നത്.



Shaima
D2 Arabic

# വിട്ടു കളയണം

"വിട്ടു കളയണം"ഈ അടുത്തായിട്ട് ദിനം പ്രതി ഒരുപാട് തവണ കേൾക്കുന്നുണ്ടെങ്കിലും ഇന്ന് അതിലെന്തൊക്കെയോ ഒളിച്ചിരിക്കുന്ന പോലെ തോന്നി... ഒന്നാലോചിച്ചാൽ എത്ര ശരിയായ പ്രയോഗം അണത്... അതെ... വിട്ടു കളയണം.....

നിന്നെ ജീവനോടെ ദഹിപ്പിക്കുന്ന കനലെരിയുന്ന ഓർമകളെ ....
കുത്തിനോവിക്കുന്ന മൂർച്ചയേറിയ വാക്കുകളെ ....
നിന്റെ സ്വപ്നങ്ങളെ അറുത്തു മാറ്റുന്ന കോലങ്ങളെ ....
പറക്കാൻ ഒരുങ്ങുന്ന ചിറകുകളെ പിടിച്ചുകെട്ടുന്ന കരങ്ങളെ ....
പാതി വഴിയിൽ വെച്ച് ചിരി മറന്ന ചുണ്ടുകളെ ....
അങ്ങനെ അങ്ങനെ....
നിന്നെ നീയല്ലാതാക്കുന്ന എല്ലാത്തിനേയും ....
വിട്ടു കളയേണ്ടവ വിട്ടുകളയുക തന്നെ വേണം. അതിനുള്ള ചങ്കുറപ്പുണ്ടാകണം. ഇല്ലെങ്കിൽ നീയാകേണ്ടിയിരുന്ന നിന്നെ നിനക്ക് എവിടെ വെച്ചോ നഷ്ടമാകും.



Muhammad Nabeel
MA ARABIC

# Economic crisis and Covid 19......

Covid 19 is a pandemic issue faced by the whole world.Due to that unemployment in our country raised widely.Nearly 6.7% of youth are unemployed on march 15 to 26% on 19 April.In mid June pre lockdown raised in oru country.which affected international markets and small retailers in country side.




Largest gross domestic production (GDP) condraction in April to June.Income from privet companies and instructions are stopped by lock down.privet vehicles like bus auto rickshaw taxi services are in trouble. These leads to the shortage of government incomes.After the lock down international immigrantions are stopped.Inter state and Inter district travels are strictly prohibited.It affect to the tourism of the country.




People stopped unwanted visit of the privet hospitals all are aware of illness and the find home remedies for their illness because of that hospital industries collapsed.During lock down period it widely affected in consumer rates. Textails, Industry workers, small retailers, buisness mans all of their works are shut for long periods it leads their family to poverty.Education system also affected by covid very badly.All education institutions are shut for long period.In privet schools the number of students are received their transfer certificate and they joined in government schools.these leads to closing of privet schools in remote plunge in fuel consumption raised the use of LPG cylinders.Fall in trade with foreign countinue.

The IMF'S projection is by and large in line with estimates from investment banks and other international organisation .India officials have been reticent about their own estimates.For the government this is uncharted territory.

In the fourth quarter of the 2020 fiscal year India's growth went by 31% according to the ministry of statistics the Corona virus pandemic has had a negative impact on the economy of the nation.CRISIL has announced that this could be India's worst recession period ever since it's independence in the year of 1947.During the lock down,the country's economy was expected to close an estimated USD 4.5 billion every single day it remained shut.out of the USD 2.8 trillion economy begin run in the nation ,less than 25% of the entire system was barely functional and registering any sort of movement in the markets supply chains are under disaster due to the lock down,due to initial lack of clarity between essential and non essentials. An approximate 84% of Indian households are facing income decreases since the beginning of the lockdown, according to a study published by the Universities of Pennsylvania and Chicago, and Centre for Monitoring the India Economy, Mumbai. They had also concluded that the pandemic had caused a sharp and broad negative impact on household income, as a third of all households may not be able to survive beyond a week without additional assistance.

To be sure, India is not the only country facing this dilemma. A blog by the International Monetary Fund's Managing Director Kristalina Georgieva says that prospects of a global economic recovery remain uncertain.

While a medical breakthrough could reduce the contraction this year and help achieve a better than expected recovery compared to what the IMF's June World Economic Outlook (WEO) predicted (4.9% in 2020, 1.9 percentage points below the April 2020 WEO forecast) , a second wave could mean that world GDP remains flat this year and next.

Given India's size, even as the pandemic shows signs of plateauing in a few states, it rears its head in others; it has been expanding its geographical footprint from the more industrialised, urbanised states to poorer regions. If Covid-19 infections are not contained in eastern states such as Bihar, getting back migrant workers to restore economic activities in regions, where the infections have already peaked will be very difficult. India also has a short window before the economic crisis starts pinching rural India.

Right now, the country is in the middle of the peak kharif (monsoon crop) season, and favourable rains have meant more sowing of crops and, therefore, more work. Agricultural and MGNREGS employment have kept rural livelihoods afloat. But both agricultural employment and MGNREGS allocations might end at the same time if the non-farm economy does not return to normalize.



Summing up his argument about how Covid-19 and the lockdown have affected the Indian economy, using a cricketing analogy KV Subramanian said, "I would liken it (pandemic) to a 50-over match where in the first 10 overs, the ball has been swinging and so, the openers are actually recommended to watch the ball and play carefully but making sure that they play carefully in the first 10 overs and then provide them the opportunity to score a big score by maximising the next 40 overs, that's the parallel that I would draw."



Shahaana Thahsin
D3 Arabic

# മാറുമീ ലോകത്തിൽ ഇനിയെന്തുവേണം!



മാധ്യമപ്രവർത്തകരെ കണ്ണഞ്ചിപ്പിക്കുന്ന വാർത്ത. ചൈനയിൽ തുടക്കമിട്ട കോവിഡ് -19.
" അതേ....... അറിഞ്ഞോ ചൈനയിൽ വൈറസ് ബാധ, ഒരുപാട് പേര് മരണത്തോട് മല്ലടിക്കുകയാണ്, കൊറോണ എന്നാണത്രെ വൈറസിന്റെ പേര്". എങ്ങോട്ട് തിരിഞ്ഞാലും കൊറോണയെ കുറിച്ചുള്ള ചർച്ച മാത്രം. എന്നാൽ "അതങ്ങ് ചൈനയിലല്ലേ നിന്ന് ആശ്വസിക്കുന്ന ചിലരെയും കാണാമായിരുന്നു". പക്ഷേ അത് ചൈനയിൽ മാത്രം ഒതുങ്ങിയില്ല. വൈറസിനെ ഭയന്ന് എല്ലാവരും സ്വന്തം നാടുകളിലേക്ക് തിരിച്ചു. അപ്പോഴേക്കും വൈറസ് അവരെ പിടികൂടിയിരുന്നു. ഇതിന്റെ ഉത്ഭവം എന്തിൽ നിന്നെന്നറിയാതെ ജനങ്ങൾ പരതുകയാണ്. ഇതിലും എല്ലാവർക്കും പല അഭിപ്രായങ്ങളാണ്.

മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക, സോപ്പും സാനിറ്റൈസറും ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുകയും ചെയ്യുന്നതിലൂടെ വൈറസിനെ ഏകദേശം തടുത്തുനിർത്താൻ കഴിയുമെന്ന് കണ്ടെത്തി. അങ്ങനെ മനുഷ്യൻ സ്വയം പഠിച്ചു തുടങ്ങി. മനുഷ്യരുടെ ജീവിത ശൈലി തന്നെ ഒരു വലിയ മാറ്റത്തിലേക്ക് പോയി. കൊറോണാ വൈറസിന്റെ ആരംഭത്തിൽ ചൈന, അമേരിക്ക, ബ്രിട്ടൻ എന്നി രാജ്യങ്ങളിൽ അതീവജാഗ്രത ഇന്ന് കേട്ടെങ്കിലും, ഇപ്പോൾ നമ്മൾ ആരും തന്നെ ആ രാജ്യങ്ങളെ കുറിച്ച് ചിന്തിക്കുന്നില്ല. അതെന്തെന്നാൽ ഇപ്പോൾ നാം നിൽക്കുന്ന ഓരോ പ്രദേശവും വൈറസിന്റെ കാൽക്കീഴിൽ ആയിരിക്കുന്നു.

എന്നാൽ ഈ വൈറസ് ബാധ 2020 എന്ന കാലത്തിന്റെ കുഴപ്പം ആണെന്ന് പറഞ്ഞവർ ഉണ്ടായിരുന്നു. '' 2020 എന്ന കാലത്തെ പഴിചാരുന്ന മനുഷ്യാ..... താൻ എന്താണ് ഇതുവരെ ഈ ലോകത്തിനു വേണ്ടി ചെയ്തത്, തെറ്റുകൾക്കും കുറ്റങ്ങൾക്കും നേരെ താനോന്ന് പ്രതികരിച്ചിരുന്നോ? അല്ലെങ്കിൽ ലോകത്തിലേക്ക് എന്തെങ്കിലും സംഭാവന നൽകാൻ നിനക്ക് കഴിഞ്ഞിട്ടുണ്ടോ? '' ഇതൊന്നും ചെയ്യാതെ നീ എന്തിന് കാലത്തെ പഴിചാരുന്നു. കാലം ദൈവമാണ്, ദൈവത്തെ തള്ളിപ്പറയുക അരുത്, വൈറസ് ബാധ ഒരുപാട് നാശങ്ങൾ വിതച്ചു എങ്കിലും! ഒരിക്കലും ഒരു കാലത്തെയും തള്ളി പറയരുത്.എല്ലാം പരീക്ഷണങ്ങളാണ്.

അങ്ങനെ വൈറസ് ബാധയെ തുടർന്ന് ഒരുപാട് പ്രശ്നങ്ങൾ തരണം ചെയ്തു കൊണ്ടിരിക്കുന്നു.

ലോക്ഡൗൺ പ്രഖ്യാപനമുണ്ടായി, തന്റെ സ്വന്തം വീടകങ്ങളിൽ നിന്ന് പുറത്തേക്കിറങ്ങാൻ കഴിയാതെ എല്ലാവരും വിഷമിച്ചു.

* അടിസ്ഥാന സൗകര്യങ്ങൾക്കുവരെ ബുദ്ധിമുട്ടുകളുണ്ടായി.

* അന്യ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവർ കോറന്റയിനിൽ കഴിയണമെന്ന ഒരു വ്യവസ്ഥ നിലവിൽ വന്നു.

* പ്രവാസമെന്ന ത്യാഗത്തിൽ നിന്നും കര കയറാൻ കഴിയാത്ത ഒരുപാട് പ്രവാസികളെ കണ്ടു. പ്രവാസികളെ ഒറ്റപ്പെടുത്തിയ ഒരുപാട് കാര്യങ്ങളും.

* വിദ്യാർഥികൾക്കു വേണ്ടി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചു. സ്മാർട്ട് ഫോണും ടീവിയും ഇല്ലാതെ ഓൺലൈൻ ക്ലാസുകൾ കേൾക്കാൻ കഴിയാത്തതു കാരണം, മനംനൊന്ത് കുരുന്നുകൾ ആത്മഹത്യ ചെയ്തു.

* കോവിഡ് പോസിറ്റീവ് എന്നു കേൾക്കുമ്പോൾ മറ്റുള്ളവരിൽ നിന്നുള്ള അകൽച്ചയും വെറുപ്പും സഹിക്കാൻ പറ്റാത്ത ഒരു അവസ്ഥയായി മാറി.

* ധീര ജവാന്മാരെ തളർത്തിയ വൈറസ് ബാധ

* ആഘോഷങ്ങളും ചടങ്ങുകളും വിരലിലെണ്ണാവുന്നവരിൽ മാത്രമായി ഒതുങ്ങി.

* 14 അല്ലെങ്കിൽ 28 ദിവസത്തെ കോറന്റയിൻ, അതിനുശേഷം കൊറോണ ടെസ്റ്റ്, ടെസ്റ്റ് പോസിറ്റീവ് ആയാൽ പിന്നീടും ഒറ്റപ്പെടലുകൾ മാത്രം. നെഗറ്റീവ് ആയാൽ സ്വന്തം കുടുംബങ്ങൾക്കിടയിൽ. എന്നാലും വൈറസ് ഇനിയും അവരെ പിടികൂടായികയില്ലാ

വൈറസ് പടർന്നു പിടിക്കുന്ന ആരംഭത്തിൽ എവിടെ നോക്കിയാലും 'വൈറസ് ബാധയെ തുടർന്ന് മരണമടഞ്ഞു' എന്ന വാർത്ത മാത്രമായിരുന്നു. പീഡന വാർത്തകളില്ലാ, കള്ളത്തരങ്ങൾ ഇല്ല എന്ന് ആശ്വസിക്കാൻ തുടങ്ങിയപ്പോഴേക്കും, ഈ വൈറസ് നമ്മെ വിട്ടു പോകില്ല എന്ന് മനസ്സിലാക്കിയ മനുഷ്യർ പിന്നീടും അവരവരുടെ ദുഷ്യ പ്രവർത്തയിലേക്ക് തിരിഞ്ഞു.

വാർത്തകൾ കാണുന്നത് തന്നെ, 'ഇന്ന് എത്ര പേർ മരിച്ചു, എത്ര പേർക്ക് കോവിഡ് പോസിറ്റീവാണ്' എന്നറിയാനായിരുന്നു. എന്നാൽ കുറച്ചു മാസങ്ങൾ കഴിയവേ, എല്ലാം പഴയ രീതിയിലേക്ക് തന്നെ മാറിത്തുടങ്ങി. കുരുന്നുകളെ കൊല്ലുന്നു, പീഡിപ്പിക്കുന്നു സ്വർണക്കടത്ത്, രാഷ്ട്രീയ കൊലപാതകങ്ങൾ......

ഇപ്പോൾ വൈറസിനെ കുറിച്ചുള്ള വാർത്ത, മെയിൻ ഹെഡിങ് യിൽ നിന്നും സബ് ഹെഡിങ് ആയി മാറിക്കൊണ്ടിരിക്കുന്നു.



ഇത്രയും വലിയ ഒരു വൈറസ് ബാധ വിട്ടു പോകാതെ നമ്മെ പിടികൂടിയിട്ടും, എങ്ങനെ തോന്നുന്നു മനുഷ്യാ ഇത്രയും കുറ്റ കൃത്യങ്ങൾ ചെയ്യുവാൻ".

പ്രളയവും വൈറസും എങ്ങനെ എല്ലാവരെയും ബാധിക്കുമെന്നറിയാതെ ഭയന്നു. പ്രളയത്താൽ പല പ്രദേശങ്ങളും തകർന്നു, ഒരുപാട് മരണ വാർത്തകൾ കേട്ടു, 'തളർന്നുകൊണ്ടിരിക്കുന്ന മനസ്സുകളിലേക്ക് ആഴത്തിൽ മുറിവേൽപ്പിക്കപ്പെട്ടു'.

പൗരത്വബില്ലുകൾ എവിടെ? ആരു നമ്മെ ഇറക്കിവിടാൻ ശ്രമിച്ചുവോ, അവർ തന്നെ നമുക്ക് താങ്ങായി നിന്നില്ലേ.

മനസ്സിൽ നിന്നും മായാത്ത വിമാനാപകടം. നന്മ നിറഞ്ഞ മനുഷ്യൻ നമുക്കിടയിലുണ്ടെന്ന് കാണിച്ചു തന്നു, സ്വന്തം ജീവൻ പോലും നോക്കാതെ മറ്റുള്ളവരുടെ ജീവൻ രക്ഷിച്ച ഒരുപാട് പേര്.

എല്ലാം നാം തരണം ചെയ്യും, ഈ വൈറസിനെയും! 'ബ്രേക്ക് ദി ചെയിൻ 'നമുക്ക് മറികടക്കാം'.



*Fasna. K.T*
D2 ARABIC






Amal Fathima
D3 Arabic

# Memories

Memories, sweet....... sweet memories
Keeps your heart craving
Yearn for the long lost
Friendship love and care
Straining the thread of sanity
Sure, the grief will push you over the edge
You were a part of everything,
The fun, the laughter, the jokes,
But you don't belong any where anymore,
Neither here nor more
You see the grief in other's eyes,
It pushes you further into doom
The pain chokes you till you yearn to leave
Heave thus world of sorrow and pain
Memories sweet yet hurting
Touching yet pressing
Smiles when the pain is killing
Hopes, when darkness is afore,
Only you, only you know...
The pain of smiling
When you are weeping inside,
The frustration......., memories sweet
Yet bitter
You don't belong here anymore
No smiles dancing on the faces,
No jokes to share with you.......
Only grief...... to give and take .



Ruksana Rafeek
D2 Arabic

# കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്നുടെ പുഞ്ചിരി ഒന്നു മാത്രം
മഴവില്ല് പോലെ നീ .....മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും
തുളസികതിർ തുമ്പു മോഹിക്കും നിൻ വാർമുടി
ചുരുളിലെത്താൻ
പൂജക്കെടുക്കാതത പൂവായ ഞാനും മോഹിച്ചീടുന്നു
നിൻ അരികിൽ എത്താൻ
മണമില്ല മധുവില്ല പൂജക്കെടുക്കില്ല താനെ
വളർന്നൊരു കാട്ടുപൂവാണ് ഞാൻ
വിടരും മുമ്പെ പൊഴിയുന്ന ഇതൾ ഉള്ള
പൂജക്കെടുക്കാതത കാട്ടുപൂവാണുഞാൻ
ഇഷ്ടമാണെന്നെന്നു ചൊല്ലുവാൻ വേണ്ടി നിത്യവും
നിൻ മുമ്പിൽ എത്തിടുമ്പോൾ
നിൻ കൊലുസിൻ നാദങ്ങളിൽ ഞാൻ താനെ
മറന്നെന്നു നിന്നിടുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു
ഇഷ്ടമല്ലെന്നൊരു വാക്കു നീ ചൊല്ലിയാൽ
വ്യർത്ഥമായി പോകും എൻ ജീവിതം......



നീ നടക്കും വഴിയോരം
എന്നെ കണ്ടാൽ
ചിരിക്കാതെ
പോകരുതേ
നിൻ പുഞ്ചിരി മാത്രം
മതിയെനിക് ഇനിയുള്ള
കാലം കാത്തിരിക്കാൻ..

Jasmin
D2 Arabic

# "ടുണീഷ്യയിലെ പെണ്ണുങ്ങൾ" – വായനാനുഭവം




സാമൂഹിക പശ്ചാത്തലങ്ങൾ കേന്ദ്രീകരിച്ച് രചനകൾ നടത്തിയ ടുണീഷ്യൻ നോവലിസ്റ്റ് ഹബീബ് സാലിമിയുടെ ഏറ്റവും കൂടുതൽ വായിക്കപ്പെട്ട നോവലാണ് ''നിസാ-ഉൽ ബസാത്വീൻ'.

ഇതിന്റെ അറബിയിൽ നിന്നും നേരിട്ടുള്ള മലയാള വിവർത്തനമാണ് ടുണീഷ്യയിലെ പെണ്ണുങ്ങൾ എന്ന പേരിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അറബി വകുപ്പ് മേധാവി ഡോ.എൻ ഷംനാദ് നിർവ്വഹിച്ചിട്ടുള്ളത്.

മെഡിറ്ററേനിയൻ തീരത്തെ ചെറു അറബ് രാജ്യമായ ടുണീഷ്യയുടെ 2010- ലെ അറബ് വസന്തത്തിന് മുമ്പുള്ള അവസ്ഥയെ ആസ്പദമാക്കി മുല്ലപ്പൂ വിപ്ലവത്തിന്റെ പരിണിത ഫലമായി രൂപാന്തരപ്പെട്ട സമൂഹിക മാറ്റങ്ങളെ വരച്ചു കാണിക്കുന്നു ഈ നോവൽ

വർഷങ്ങൾക്ക് ശേഷം ഒരവധിക്കാലത്ത് നാട്ടിലെത്തുന്ന പാരിസിലെ അദ്ധ്യാപകനായ ടുണീഷ്യൻ കുടിയേറ്റക്കാരൻ തൗഫീഖ് എന്ന കഥാപാത്രത്തിലൂടെ ടുണീഷ്യ മതപരമായ കാർക്കശ്യങ്ങളാൽ എത്രത്തോളം മാറിയിരിക്കുന്നു എന്ന ചിത്രം അനുവാചകർക്ക് സമ്മാനിക്കുന്നു.

ഒരു നാട് അനുഭവിച്ച ഈ സാമൂഹിക-സാംസ്കാരിക പരിവർത്തനം കേവലം രണ്ടാഴ്ച്ച നീളുന്ന തന്റെ ടുണീഷ്യയിലെ അവധിക്കാല വാസത്തിലൂടെയാണ് തൗഫീഖ് വിവരിച്ചുതരുന്നത്.

ഇരുപത്തിമൂന്ന് അധ്യായങ്ങളിലായി നിരവധി കഥാപാത്രങ്ങളാൽ നല്ലൊരു വായനാസ്വാദനം തരുന്ന ഈ നോവലിൽ പ്രധാന കഥാപാത്രത്തിന്റെ സഹോദരൻ താമസിക്കുന്ന അപ്പാർട്ട്മെൻറിലെ വിവിധ ഫ്ലാറ്റുകളും, ബസ് സ്റ്റാന്റുകളും, പള്ളിമുറ്റവും, ബാങ്കും, കോഫി ഷോപ്പുകളും, ടാക്സി സ്റ്റാൻറുകളും, തീവണ്ടി മുറിയും തുടങ്ങി വിവിധ ചേരികളും ഇതിന്റെ പാശ്ചാത്തലങ്ങളായി കടന്നു വരുന്നു.

സ്ത്രീ കഥാപാത്രങ്ങൾക്ക് വ്യക്തമായ പ്രാധാന്യം നൽകിയ ഈ നോവൽ ബസാത്വീൻ കോളനിയിലെ പെണ്ണുങ്ങളെയാണ് നോവലിലുടനീളം പ്രതിനിദാനം ചെയ്യുന്നത്.

തൊഴിലില്ലായ്മയും മതവൈരവും അടിച്ചമർത്തലുകളും സമൂഹത്തിൽ സ്ത്രീകൾക്ക് ഹനിക്കപ്പെട്ട സ്വാതന്ത്ര്യവും ഓരോ അധ്യായങ്ങളിലൂടെയും നോവലിസ്റ്റ് ചൂണ്ടിക്കാണിക്കുന്നു.

മൂലകൃതിയുടെ മൂല്യം അതിന്റെ എല്ലാ അർത്ഥത്തിലും നിലനിർത്തുന്നതോടൊപ്പം അൽപ്പം കൂടി വിശാല അർത്ഥത്തിൽ വിവർത്തന കൃതിക്ക് പേര് നൽകിയിരിക്കുന്നു. ഇതു തന്നെ വിവർത്തകൻ മൂലകൃതിയോട് തികച്ചും നീതി പുലർത്തി എന്ന് ഓരോ വായനക്കാരനും തീർത്തുപറയാൻ സാധിക്കുമെന്നുറപ്പ്.



Shakir vanimmel
Professor of Arabic department







2K19-2k20










WMO ARTS & SCIENCE COLLEGE
ARTMENT OF ARABIC
INTERNATIONAL
ARABIC DAY
Celebrations
18

*നീചനത്രേ...::.*
കുത്തക രാഷ്ട്രീയത്തിന്റെ
അമരത്തിരുന്നവർക്കെതിരെ മുദ്രാവാക്യം വിളിച്ചവൻ....
*കള്ളനാണ് പോൽ...*
തീക്ഷ്ണമായ വിശപ്പിനെ ശമിപ്പിക്കാൻ ഒരു നേരത്തെ അന്നം എടുത്തുപോയവൻ..::
*എരപ്പാളി...::*
പശിയടക്കാൻ മന്നന്റെ മുന്നിലേക്ക് കൈ നീട്ടിയവൻ
*മാന്യൻ....*
കഞ്ഞി മുക്കിയ ഖദറിട്ട് മന്നന്റെ അരമനയിൽ കയ്യിട്ട് വയർ വീർപ്പിച്ചവൻ മാന്യനാണ്...
*വേശ്യ....*
പിഞ്ചു കുഞ്ഞിന്റെ പശിയടക്കാൻ ഉടുമുണ്ടയിക്കേണ്ടി വന്നവളാത്രേ വേശ്യ..
കാമുകനുമൊത്ത് പട്ടുമെത്തയിൽ കെട്ടി മറിഞ്ഞവൾ നല്ല തറവാട്ടു കാരിയും...
*വിളിപ്പേരില്ല പോൽ..*
പകൽ വെളിച്ചത്തിൽ നാട്ടു സേവനവും ഇരുട്ടിൽ ചാത്തൻ സേവയും നടത്തുന്ന രാഷ്ട്രീയ മുതലാളി മാർക്ക് വിളിപ്പേരൊന്നുമില്ല..:

എവിടെയാണ് നമുക്ക് പിഴച്ചത്...
ആർക്കാണ് പിഴച്ചത്...:
പ്രളയവും നിപ്പയും കൊറോണയും മാറി മാറി വന്നു...
എന്നിട്ടും എല്ലാം കച്ചവട വത്കരിക്കുന്ന നല്ല കച്ചവടക്കാരനായി മാറിയ ചില മനുഷ്യ ജീവികൾ.::
എരപ്പാളിയും വേശ്യയും കള്ളനും പിറക്കുന്ന നമ്മുടെ നാട്...

Arshidha E.K
MA ARABIC

# മനുഷ്യനൊരാമുഖം

സുഭാഷ് ചന്ദ്രൻ :

സെക്കൻഡ് സെഎം എക്സാം കഴിഞ്ഞു ഒരു ഒഴിവ് സമയം. മൊത്തത്തിൽ ചടച്ചി രിക്കുന്ന ഒരു സമയം എന്ന് പറയാം. ആ സമയത്ത് അവിചാരിതമായി "മനുഷ്യനൊരാമുഖം "എന്റെ കൈയിൽ എത്തുന്നത്. പിന്നീടങ്ങോട്ട് എന്റെ പകലുകളും രാവുകളും പുസ്തകത്തോട് പ്രണയിച്ചും കലഹിച്ചും തീർത്തു. ഞാൻ ആരെൊക്കെയോ ആയി, പല മനുഷ്യ വേഷങ്ങളും കെട്ടി. ഗ്രാമ അന്തരീക്ഷത്തിലെ തികച്ചും പഴമയും ,പാരമ്പര്യവും കാത്തുസൂക്ഷിച് പട്ടിണിയും ദാരിദ്ര്യവും മുതൽക്കൂട്ടായി ഒരു അൽപകാലം ഞാൻ ജീവിച്ചു .പതിയെ പതിയെ ജീവിതത്തിന്റെ, എന്റെ മാറ്റങ്ങളിലേക്ക് സഞ്ചരിച്ചു. ഒടുവിൽ പുതിയ കാലത്തിന്റെ പുതുമയുള്ള വ്യക്തിയായി ഞാൻ മാറി. അയ്യാട്ടുമ്പിള്ളയിൽ നിന്ന് തുടങ്ങി ജിതേന്ദ്രനിൽ അവസാനിച്ച കഥ തീർത്തും ഒരു മനുഷ്യനെപ്പോലെ എങ്ങോട്ടോക്കെയോ എന്നെ സഞ്ചരിപ്പിച്ചു. 6 പെറ്റ കുഞ്ഞുമ്മയുടെ മകൻ ജിതേന്ദ്രൻ മക്കളെ വേണ്ടന്നു വെക്കുന്നു. ഗർഭനിരോധന ഉറകൾ അവിടെവിടെയായി ഉപേക്ഷിച്ചനിലയിൽ കാണുന്നു. ജാതി മേൽകോയ്മ നിറഞ്ഞ നാറാപിള്ളകു ഉണ്ടായ മകൻ ജിതേന്ദ്രൻ ക്രിസ്ത്യാനിയായ ആൻമേരിയ വിവാഹം കഴിക്കുന്നു. റെഡിമെയ്ഡ് ഡയപ്പർ ഉപയോഗിച്ച ജിതേന്ദ്രൻ കാലത്തിന്റെ പോക്ക് പറയാതെ പറയുകയാണ്. ചിന്നമ്മയുടെ പ്രസവത്തിൽ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞപ്പോൾ പണ്ടത്തെ വയറ്റാട്ടിയിൽ നിന്നും ഈയൊരു സിസ്റ്റം അവരെ അത്ഭുതപ്പെടുത്തുകയും പേടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാലത്തോട് പൊരുത്തപ്പെട്ട് മനുഷ്യൻ ജീവിക്കുന്നു എന്നത് ചുരുക്കം എന്ന് പറയട്ടെ. നാറാപിള്ള

എന്നിലേക്ക് ചേർന്നു.
വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്നതും മനുഷ്യനെ പുനഃസൃഷ്ടിക്കാൻ ഉള്ള ഒരു ആഗ്രഹം കൃതി മുന്നോട്ടുവയ്ക്കുന്നു. നമ്മുടെ ചിന്താഗതിയെ ഉദ്ദീപിപ്പിക്കുക യാണ് സുഭാഷ്. ജിതേന്ദ്രൻ ആൻമേരിക്കയെച്ച 40 കത്തുകൾ തികച്ചും മനുഷ്യനെ നിർവചിക്കാൻ ശ്രമിക്കുന്നു. എങ്ങനെ ലോകത്തിൽ മനുഷ്യനായി പിറക്കുന്നതിൽ അഭിമാനിക്കാൻ പറ്റും എന്നൊക്കെ ആലോചിക്കാൻ പ്രേരിപ്പിക്കുന്നു.
കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച വർക്കും ഈ നൂറ്റാണ്ടിൽ ജീവിക്കുന്നവർക്കും സമർപ്പിച്ച പുസ്തകം ആരെയും ആകർഷിപ്പിക്കുന്ന ഒന്നാണ്. കേരള സമൂഹത്തിന്റെ ദൃശ്യ തലത്തിലും സത്തയിലും സംഭവിച്ച മാറ്റത്തിന്റെ രേഖയാകാൻ "മനുഷ്യനൊരാമുഖം "ഉദ്യമിക്കുന്നു. ഒരു ചരിത്രത്തെ വിശകലനം ചെയ്തു കൊണ്ടല്ല. ഒരു ഗ്രാമത്തിലെ ചൂരും ചൂടും നിറഞ്ഞ ചിത്രങ്ങൾ വിന്യസിച്ചു കൊണ്ടാണ് സുഭാസ് തന്റെ ദർശനത്തിന് മിഴി വിയറ്റുന്നത്. കേരളചരിത്രത്തെ ദിശാബോധം ഉള്ളതാക്കാൻ വലിയ സംഭാവനകൾ നൽകിയ മഹാപുരുഷന്മാരുടെ ജീവസുറ്റ സാന്നിധ്യം വായനക്കാരെ അനുഭവിപ്പിക്കുന്നുണ്ട് ജിതേന്ദ്രൻ എന്ന കഥാപാത്രം. ചില ചില ഭാഗങ്ങൾ പുനർവായനയ്ക്ക് പ്രേരിപ്പിച്ച് കോണ്ടേയിരിക്കുന്നു. ഫ്ലാറ്റിന്റെ മുകളിലെ നിലയിൽ മരിച്ച ജിതേന്ദ്രന്റെ മൃതദേഹം താഴെ എത്തിക്കാൻ ലിഫ്റ്റിൽ ലംബമായി പിടിക്കേണ്ടി വന്ന അവസ്ഥയെ പറയുന്നുണ്ട് സുഭാഷ്. ഒരിക്കൽ കൂടി മനുഷ്യൻ ലംബമായി നിൽക്കാൻ സാധിച്ചു എന്ന് വിവക്ഷ.
ജിതേന്ദ്രൻ ആൻമേരികയച്ച 40 കത്തുകളും ഒരു ഉൾ വായനയ്ക്ക് പ്രേരിപ്പിക്കുന്നുണ്ട്. ജിതേന്ദ്രൻ ആൻമേരിക്കയെച്ച കത്തിലൊരു ഭാഗം" സ്വതന്ത്രനും ധീരനും സർവ്വോപരി സർഗ്ഗാത്മകമായി മനുഷ്യശിശു അറുപതോ എഴുപതോ വർഷം കൊണ്ട് ഭീരുവും പരതന്ത്രനുമായി തീർന്ന് സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്ക് വേണ്ടി മാത്രം ചെലവിട്ടു ഒടുവിൽ വൃദ്ധ വേഷം കെട്ടിയ വലിയൊരു

കുട്ടിയായി മരിച്ചു പോവുന്നതിനെയാണ് മനുഷ്യ ജീവിതം എന്ന് പറയുന്നത് എങ്കിൽ പ്രിയപ്പെട്ടവളേ..... മനുഷ്യനായി പിറന്നതിൽ എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല... ''. രസകരമെന്നു പറയട്ടെ ഇത് അവർക്കിടയിലെ ഒരു ലൗ ലെറ്ററിന്റെ ഭാഗമാണ്. പുസ്തകം മുഴുവൻ വായിച്ചു തീർന്നിട്ട് ഒരുപാട് ഞാനും മനുഷ്യ ജീവിതത്തെ കുറിച്ച് ചിന്തിക്കാൻ തുടങ്ങി. പീഡന_ രതി പോലുള്ള ഒരു മനോരോഗമാണ് ജാതി_ മത വർഗ്ഗ_ ലിംഗ ഭേദങ്ങളെ ആസ്പദമാക്കിയുള്ള ഞങ്ങൾ _നിങ്ങൾ ഭേദ ബോധം .അതിനെ മറികടക്കാൻ വേണ്ടി യുള്ള വെളിച്ചംനൽകുകയായിരുന്നു ശ്രീനാരായണ ഗുരുവിന്റെ ''അവതാരലക്ഷ്യം'' . അതുതന്നെയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യവും . നോവലിന്റെ നീക്ക് പോക്ക് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ഇതെത്ര മനോഹരമായിട്ടാണ് സുഭാഷ് നോവലിനെ വരച്ചുകാട്ടിയത്. ആഖ്യാനശൈലിയും വാക്കുകളുടെ വിന്യസിപ്പിക്കലും നോവലിന്റെ സൗന്ദര്യത്തെ വർധിപ്പിക്കുന്നുണ്ട്. വായനക്കാരെ ചിന്തിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്യുന്ന നോവലിൽ നിങ്ങളും വരിക്കാരാകുമെന്ന് പ്രതീക്ഷിക്കട്ടെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് കേരള സാഹിത്യ അക്കാദമി അവാർഡ് ഓടക്കുഴൽ അവാർഡ് വയലാർ അവാർഡ് എന്നിവ കർഹ മായ ഒരു പുസ്തകമാണിത്.

Lubaba
MA ARABIC

# പുതിയ തലമുറയും കുടുംബബന്ധങ്ങളും

മലയാളികളുടെ സങ്കല്പമനുസരിച്ച് ഏറ്റവും പ്രാധാന്യം നൽകുന്ന ഒന്നാണ് കുടുംബം. കുടുംബ ബന്ധത്തിൻറെ പവിത്രതയും അത് പുലർത്തേണ്ടതിൻറെ പ്രാധാന്യവും വിവരിക്കുന്നതാണ് ഓരോ മതഗ്രന്ഥങ്ങളും. ഇസ്ലാമിൽ കുടുംബ ബന്ധം പാലിക്കുന്നതിനും അത് ചേർക്കുന്നതിനും വളരെയധികംപ്രാധാന്യവും പവിത്രതയും ഉണ്ട്.

കുടുംബ വ്യവസ്ഥിതി യിലേക്കുള്ളപരിണാമമാണ് ഇന്നത്തെ ലോക ക്രമത്തിന്റെ ആധാരം. ഭൂമിയിൽ പിറവി കൊള്ളുന്ന ഓരോ മനുഷ്യജീവന്റെയും നിലനിൽപ്പ് സാധ്യമാക്കുന്നത് കുടുംബമാണ്. സാമൂഹ്യബോധമുള്ള വ്യക്തിയായി ഓരോരുത്തരും സംസ്കരിക്കപ്പെട്ടതും കുടുംബത്തിനുള്ളിൽ ആണ്. ശക്തമായ കുടുംബ ബന്ധങ്ങളുടെ മഹത്വം മനസ്സിലാക്കുന്നതിനുള്ള അവസരമാണ്, ഈ കൊറോണക്കാലത്തെ ലോക്ക് ഡൗൺ നമുക്ക് നൽകിയത്. ഒറ്റപ്പെട്ട തുരുത്തുകൾ അല്ല യഥാർത്ഥ സന്തോഷം എന്ന് നമ്മൾ തിരിച്ചറിയുന്നു ,തിരക്കുകൾ ജീവിതത്തിൻറെ ഭാഗമായി ഇരുന്നവർഏകാന്തതയിൽ ആനന്ദം കണ്ടെത്തി. കുടുംബാന്തരീക്ഷം പോലും അവരിൽ വിരസതയുളവാക്കി.



എന്നാൽ ഒരു വൈറസ് കാരണംഎല്ലാം തലതിരിഞ്ഞു. അടുത്തുണ്ടായിട്ടും അതുവരെ അകറ്റി നിർത്തിയവരിലേക്ക് തന്നെ മടങ്ങേണ്ടി വന്നു. അച്ഛനും അമ്മയും സഹോദരങ്ങളും ഭാര്യയും ഭർത്താവും മക്കളും അങ്ങനെ പല പ്രകാരമുള്ള ബന്ധങ്ങളെ വിലക്കിച്ചേർത്തിരിക്കുന്ന ഇടമാണ് കുടുംബം.

ലോകം മുഴുവൻ അടച്ചിട്ട് ഇരിക്കുമ്പോൾ ചെന്നു കയറാൻ ഒരു വീടും

വീട്ടുകാരും കാത്തിരിക്കുന്നില്ലെങ്കിൽ പലരുടെയും ജീവിതം അസ്തമിച്ചു പോകുമായിരുന്നു. കുടുംബ ബന്ധം കൂടുതൽ ഊഷ്മളമാക്കാൻ അനുകൂലമായ സാഹചര്യം ആയിരുന്നു എല്ലാ അർത്ഥത്തിലും ലോക്കഡൌൺ സൃഷ്ടിച്ചത്. ലഹരിവസ്തുക്കൾ കൊണ്ട് ജീവിതത്തിൻറെ നിറം കെട്ടു പോയവർക്ക് ജീവിതം തിരിച്ചുപിടിക്കാനുള്ള അവസരവും കൊറോണക്കാലം ഒരുക്കി. ലോക്ക് ഡൗൺ കഴിഞ്ഞും അവരുടെ ജീവിതം ലഹരിക്ക് അടിമപ്പെടാതെ യുള്ള താകും എന്ന് പ്രത്യാശിക്കാം. കുടുംബാംഗങ്ങളോടൊപ്പം സമയം ചിലവഴിക്കാൻ സാധിച്ചതിന്റെയും, സമയക്കുറവിന്റെ പേരിൽ മാറ്റിവെച്ച പലതും ചെയ്തു തീർത്ത തിന്റെയും ചാരിതാർത്ഥ്യം യം അനുഭവിക്കുന്നവരാണ് ആണ് കൂടുതൽ ആളുകളും. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സുഖവിവരങ്ങൾ തിരക്കി അ പുതുക്കിയവരുമുണ്ട്. നിരാശയുടെയും, ഒറ്റപ്പെടലിന്റെയും, വേർപിരിയലിന്റെയും വേദന അനുഭവിച്ചവരും, കുടുംബമെന്ന വട വൃക്ഷത്തിൻറെ മരത്തണലിലേക്ക് വന്നുചേരാൻ വെമ്പൽ കൊള്ളുന്നതും ഈ ലോക്ക് ഡൗൺ കാലത്ത് നാം കണ്ടു. പലതരത്തിലും നിസ്സഹായ രായവർ അവരെയോർത്ത് ഓരോ നിമിഷവും നീറുന്നവർ പല ദിക്കുകളിൽ ആയി ചിതറിക്കിടക്കുന്ന വേണ്ടപ്പെട്ടവർ വീടാണയുന്നതിന്നായി കാത്തിരിക്കുന്നവർ, പഠനം, ജോലി എന്നിവയുമായി ബന്ധപ്പെട്ട് അന്യസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും അകപ്പെട്ടുപോയ മക്കളെ ഓർത്ത് വേവലാതിപ്പെടുന്ന അമ്മ മനസ്സും, ആശങ്ക പുറത്തുകാണിക്കാതെ പിടിച്ചു നിൽക്കുന്ന അച്ഛനും, രണ്ടിടങ്ങളിലായി പോയ ദമ്പതിമാരും , ഉറ്റവരുടെ വേർപാട് അറിഞ്ഞ് അവരെ ഒരു നോക്കു കാണാനാവാതെ തളർന്ന വരും ആണ് ഈ ലോക്ക് ഡൗൺ കാലത്തെ മനസ്സിനെ സങ്കടപ്പെടുത്തുന്ന കാഴ്ചകൾ.

മാറുന്ന കാലത്തിനനുസരിച്ച് കുടുംബ

വ്യവസ്ഥിതിയിലും മാറ്റങ്ങളുണ്ട് . കൂട്ടു കുടുംബത്തിൽ നിന്നും പലതും അണുകുടുംബങ്ങളായി ചുരുങ്ങി.പക്ഷേ കുടുംബം എന്നത് തലമുറയെ വാർത്തെടുത്ത് വംശപരംബര നിലനിർത്തുക എന്ന മഹത്തായ കാഴ്ചപ്പാടിന്റെ ഉദാത്ത മാതൃകയാണ്.ബന്ധങ്ങളെ സ്നേഹത്തിന്റെ ഒറ്റനൂലിഴയിൽ കോർത്തിണക്കുന്നതിന്റെ പേരാണ് കുടുംബം.

സംസ്കാര രൂപീകരണത്തിൽ അടിസ്ഥാന പ്രാധാന്യമുള്ള തുടക്കമാണ് കുടുംബം.ഒരു കുടുംബത്തിനകത്തെ ശിക്ഷണ ശീലങ്ങൾ,കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം , ഉത്തരവാദിത്വം,മറ്റു കുടുംബാംഗങ്ങളുമയുള്ള ബന്ധം ഇവയെല്ലാം നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതാണ്.

വിവാഹത്തെ എല്ലാ മതങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്.വിവാഹാനന്തരം ഭാര്യ ഭർത്താക്കന്മാർ പരസ്പരം സ്നേഹിച്ചും സേവിച്ചും ഉത്തമ ജീവിതം നയിക്കുകയും കുടുംബ ബന്ധം പുലർത്തുകയും ചെയ്യുകയാണ് വേണ്ടത്. എന്നാൽ ഇന്ന് നമ്മുടെ സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ എത്ര വിജിത്രമാണ്.വിവാഹമോചനങ്ങളുടെ എണ്ണം വല്ലാതെ ഉയർന്നു കൊണ്ടിരിക്കുന്നു.ഇതിലൂടെ പല കുട്ടികളുടെയും ജീവിതം ഒരിടത്തും എത്താതെ പോകുന്നു.ഇന്ന് പുറത്തുവരുന്ന പല വാർത്തകളും ഞെട്ടിപ്പിക്കുന്നതാണ്.കുറച്ച് ഉദാഹരണങ്ങൾ നോക്കാം സൗന്ദര്യം ഇല്ലാത്തതിന്റെ പേരിൽ ഭാര്യ ഭർത്താവിനെ തലയ്ക്കടിച്ച് കൊന്നു.ഫേസ്ബുക്ക് പ്രണയം,ഭക്ഷണത്തെ ചൊല്ലിയുള്ള തർക്കം,കാമുകനെ കൊന്നു.വീട്ടമ്മ ഒളിച്ചോടി ഇങ്ങനെ പറഞ്ഞാലും പറഞ്ഞാലും തീരാത്ത രീതിയിലാണ് കുടുംബജീവിതം വശലയികൊണ്ടിരിക്കുന്നത്.

ദാമ്പത്യ ജീവിതം എല്ലായ്പ്പോഴും സന്തോഷം നിറഞ്ഞതാവില്ല.സുഖവും ദുഖവും പ്രശ്നങ്ങളും പരീക്ഷണങ്ങളും എല്ലാം നിറഞ്ഞതാണ് ജീവിതം.എന്ത് വന്നാലും അതിനെ സന്തോഷത്തോടെ നേരിട്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നവര് വിജയിക്കും ജീവിതത്തിൽ എപ്പോഴും സ്നേഹത്തോടെ

പരസ്പരം മനസ്സിലാക്കി ജീവിക്കാനാണ് ശ്രമിക്കേണ്ടത്.ഉള്ളുതുറന്ന് സംസാരിക്കാൻ ഇന്ന് ആർക്കും സമയമില്ല.ഫോണും വാട്സപ്പുമായി ജീവിക്കുന്ന നമുക്കിന്ന് പരസ്പരം നോക്കാനോ പഞ്ഞിരിക്കനോ സമയമില്ല.അതിനാൽ തന്നെ മിക്ക കുടുംബങ്ങളും പ്രശ്നങ്ങൾ നിറഞ്ഞതാണ്.

ഇന്നത്തെ കാലത്ത് നിരവധി ആളുകളും സ്വന്തം രക്ത ബന്ധങ്ങളോട് പിണക്കത്തിലാണ്,കണ്ടാൽ മിണ്ടാതെ ,ഒരു ഫോൺ വിളി ബന്ധം പോലുമില്ലാതെ വേറിട്ട് നിൽക്കുകയാണ്.ഇന്ന് മിക്ക ജനങ്ങളും താൻ വന്ന വഴി മറന്ന് അഹങ്കാരത്തോടെ ജീവിക്കുകയാണ്.ഇത്തരക്കാർ കുടുംബക്കാർ അവരോട് ചെയ്ത ഉപകാരങ്ങൾ പാടെ മറക്കുകയാണ്, ഒരു ചെറിയ തെറ്റിനെ വലുതാക്കി പറഞ്ഞു അവരോട് മിണ്ടാതെ നടക്കുകയാണ് ചെയ്യുന്നത്.തന്നോട് ചെയ്ത ഉപദ്രവങ്ങൾ മറന്ന് അവരോടൊപ്പം ചേർന്ന് നിൽക്കുന്നവരാണ് ഉത്തമർ.

മുത്ത് നബി (സ) പറഞ്ഞു:"കുടുംബ ബന്ധം പുലർത്തുന്നവന് രിസ്കിൽ ബറകത്ത് ചെയ്യപ്പെടുകയും ദീർഗയുസ്സ് ലഭിക്കുകയും ചെയ്യും."

ഇസ്ലാം കുടുംബ ബന്ധങ്ങളുടെ കാര്യത്തിൽ വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്.' ആര് അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നുവോ അവർ കുടുംബ ബന്ധം നില നിർത്തട്ടെ .കുടുംബ ബന്ധം തകർത്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.' എന്ന് ഹദീസിൽ വന്നിട്ടുണ്ട്.

മരണാനന്തര ജീവിതത്തിൽ കുടുംബ ബന്ധത്തെ കുറിച്ച് ചോദ്യം ചെയ്യും എന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു.

"يا ايها الناس اتقو ربكم الذى خلقكم من نفس واحدة وخاق منها زوجها وبث منهما رجالا كثيرا ونساء واتقو الله الذى تساعلون به والارحام ان الله كان عليكم ركيبا"

ബന്ധങ്ങളെ അവഗണിക്കുകയും അതിന് വില നൽകാതെ മുറിച്ചു കളയുകയും ചെയ്യുന്നവർക്ക് വളരെ വലിയ ശിക്ഷയാണ് ഇരു ലോകത്തുമുള്ളത് എന്ന് നാം മനസ്സിലാക്കണം.

ആധുനിക കാലത്ത് ഫ്ലാറ്റ് സംസ്കാരം വളരുകയും അണു കുടുംബമായി ജീവിക്കുകയും ചെയ്തത് കാരണത്താലും കുടുംബ ബന്ധത്തിന് പ്രാധാന്യം നൽകാത്തത് കാരണത്താലും വളർന്നു

വരുന്ന തലമുറയ്ക്ക് സന്താനങ്ങൾക്ക് ആരെല്ലാം ആണ് തന്റെ കുടുംബക്കാർ എന്ന് ŧഹിരിച്ചറിയുന്നില്ല എന്നത് വളരെ വിഷമകാരമായ അവസ്ഥയാണ്.തന്റെ പിതാവിന്റെ സഹോദരന്മാരെയും മാതാവിന്റെ സഹോദരന്മാരെയും കുട്ടികൾക്ക് അറിയുന്നില്ല.ഇതിന് കാരണക്കാർ കുട്ടികൾ അല്ല മറിച്ച് മാതാപിതാക്കളാണ് ഇതിന് കരണക്കാരും കുട്ടക്കരും എന്ന് നാം മനസ്സിലാക്കണം.തന്റെ കുടുംബത്തിൽ പെട്ടവർ ആരെല്ലമനെന്നും അവരുടെ അവകാശങ്ങൾ എന്തെല്ലാമാണെന്നും അറിഞ്ഞുകൊണ്ട് അതിനനുസരിച്ച് ബന്ധങ്ങൾ ശക്തിപ്പെടുത്താൻ നാം ഓരോരുത്തരും ശ്രമിക്കണം.



Muhsina.p
D2 Arabic





Shahna Mumthaz
D3 Arabic

# പ്രതിസന്ധികളെ എങ്ങനെ അവസരമാക്കാം

ലോകജനത വളരെ ആശയക്കുഴപ്പത്തിലാണ്. എല്ലാവരും ആരോഗ്യത്തെയും സാമ്പത്തിനെയും തിരയുന്നു . കോവിഡ് 19 എന്ന മാരകമായ വൈറസ് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ജനുവരിയിൽ ചൈനയിൽ ഈ വൈറസ് പ്രത്യക്ഷപ്പെടുമ്പോൾ നമ്മൾ പലരും ഇതിനെ നിസാരമാക്കി കണ്ടു. എന്നാൽ അത് വീടിന്റെ മുറ്റത്ത് എത്തേണ്ടി വന്നു അതിന്റെ തീവ്രത മനസിലാക്കാൻ. എത്രയോ മെഡിക്കൽ കപ്പാസിറ്റി ഉള്ള അമേരിക്ക പോലുള്ള വൻ സാമ്പത്തിക രാജ്യങ്ങൾ പോലും കോറോണക്ക് മുന്നിൽ മുട്ട് മടക്കി. ആദ്യ ജീവിതത്തിൽ നിന്നും വളരെ വ്യത്യസ്തമാണ് ഇന്നത്തെ ജീവിതം. സ്വന്തം വീട്ടിൽ പോലും മുഖം മറച്ചു നിൽക്കേണ്ട അവസ്ഥ. എല്ലാവരും മാനസികമായും ശരീരികമായും വളരെ പിരിമുറുക്കത്തിലാണ് തൊഴിലില്ലായ്മ, പട്ടിണി അങ്ങനെ ഒരുപാട് പ്രശ്നങ്ങൾ നാം നേരിട്ടുകൊണ്ടിരിക്കുന്നു.

കോടിക്കണക്കിനാളുകളുടെ ജോലി നഷ്ടപ്പെട്ടു, ഒരുപാട് ഉദ്യോഗാർഥികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയാത്ത അവസ്ഥ, എവിടെയും ശമ്പളം വീട്ടിക്കുറക്കുന്നു, ജോലിക്കാരെ പിരിച്ചുവിടുന്നു, അങ്ങനെ എല്ലാം കൊണ്ടും ആകെ തകർന്നിരിക്കുന്ന ഒരവസ്ഥ. ഇനിയെന്ത് ?

എന്നാൽ ഏത് പ്രതിസന്ധിയിലും ഒരു അവസരം ഉണ്ടാകും. അത് തിരഞ്ഞെടുത്തു ചെയ്യുന്നവർ ജീവിതത്തിൽ വിജയിക്കും. ഇന്ന് കൊറോണ കൊണ്ട് ലോകം മുഴുവൻ പ്രതിസന്ധിയിൽ നിൽകുമ്പോൾ കുറച്ചു മേഖലകളിൽ ആവിശ്വസനീയമായ നേടങ്ങൾ കൈവരിച്ചിരിക്കുന്നു. അതിനു ഏറ്റവും വലിയ ഉദാഹരണമാണ് ' Eric Yuan' zoom എന്ന കമ്പനിയുടെ മുതലാളി. 2011 ഇൽ ആരംഭിച്ച കമ്പനി വളർന്നത് ഈ കൊറോണ സമയത്താണ്. കാരണം വീട്ടിൽ ഇരുന്ന്





ജോലി ചെയ്യേണ്ടത് നിർബന്ധമായപ്പോൾ zoom നെകാൾ നല്ല ഒരു മാർഗം വേറെ ഇല്ല. ആയത് കൊണ്ട് തന്നെ ലോകം മുഴുവൻ അതിനെ ഏറ്റെടുത്തു. ഇന്ന് 10 ശത കോടീശ്വരന്മാരുടെ പട്ടികയിൽ 'Eric Yuan' ഉം ഉണ്ട്.

നമ്മൾ മനസിലാക്കേണ്ടത് കാലഘട്ടത്തിന് അനുസരിച്ചു ചെയ്യുന്ന മേഖലകളെ ലോകത്ത് വിജയിച്ചിട്ടുള്ളു. വന്ന മേഖലകളല്ല ചെയ്യേണ്ടത്, വരാൻ പോകുന്ന മേഖലയാണ്. അങ്ങനെയാണെങ്കിൽ അതിൽ ഒരു സംശയവും വേണ്ട അത് ' COMMUNITTY COMMERCE ' ആണ്. എന്താണ് COMMUNITTY COMMERCE '?

ഇടനിലക്കാറില്ലാതെ ഒരു കമ്പനി ഉൽപാദിപ്പിക്കുന്ന ഒരു ഉത്പന്നം ഒരു ടീം വർക്കിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്ന ഒരു മേഖലയാണ് community commerce. ബാക്കിയുള്ള മേഖലകളുടെ സമയം കഴിഞ്ഞിരിക്കുന്നു. 2020 ൽ പുതിയ ഒരു യുഗം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു 'Network Building'. കൊറോണ അതിനൊരു കാരണമായി എന്ന് മാത്രം.

ഒരു സാധാരണക്കാരനെ അസാധാരക്കാരനാക്കാൻ ഈ മേഖലയെക്കാൾ നല്ലതായിട്ട് ഒന്നുമില്ല. ലോകത്തിലെ 30% കോടീശ്വരൻമാരെ സൃഷ്ടിച്ച മേഖലയണിത്.

പക്ഷെ നാം ശ്രദ്ധിക്കേണ്ട കുറച്ചു കാര്യങ്ങൾ ഉണ്ട്. നമ്മൾ തിരഞ്ഞെടുക്കുന്ന കമ്പനി ഈ നാലു കാര്യങ്ങളിലും പൂർണമായും തികഞ്ഞതാണോ എന്ന് ശ്രദ്ധിക്കണം

1)Leagality, 2)Profile, 3)Product
4)Compansation plan
ഈ 4 കാര്യങ്ങളും അന്വേഷിച്ചതിനു ശേഷം mathrame നമ്മൾ ഇതിലേക്ക് കാലെടുത്തു വെക്കാൻ പാടുള്ളൂ. ഇല്ലെങ്കിൽ നമ്മുടെ വിലപ്പെട്ട സമയവും ബന്ധങ്ങളും നഷ്ടപ്പെടും .

ഈ ലോക്കഡൌൺ സമയത്ത് കൂടുതൽ ആളുകൾ ചെയ്ത് വരുന്ന ഒരു കാര്യമാണ് Money chain or money circulation scheme. അതുമായി പ്രവർത്തിച്ചാൽ Act No 43 of 1978 പ്രകാരം നിർത്തലാക്കിയതാണ്. ഇത് ചെയ്യുന്നവർ കുറ്റക്കാരാണ്.. മാത്രമല്ല ഒരുപാട് വഞ്ചനകളും നമ്മൾ അനുഭവിക്കേണ്ടി വരും. അത് കൊണ്ട് തന്നെ ആരും ഈ കെണിയിൽ പെട്ടു പോകരുത്. ഇനി ലോകം മാറ്റിമറിക്കാൻ പോകുന്ന മേഖലയാണ് Diract selling. ഏറ്റെടുത്തു ചെയ്താൽ എല്ലാവർക്കും ഒരുപോലെ രക്ഷപ്പെടാനും രക്ഷപ്പെടുത്താനും പറ്റിയ മേഖലയാണ്.



Shafi
D2 Arabic

# കൊറോണാ കാലത്തെ സംഭവവികാസങ്ങൾ....




ഇന്നുവരെ കേട്ട് പരിചയം പോലുമില്ലാത്ത ഒരു കാലത്തിലൂടെയാണ് നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. ഓണക്കാലവും ക്രിസ്മസ് കാലവും റംസാൻ കാലവും മാത്രം ആഘോഷിച്ചു മതിമറന്നവരാണ് നാമെല്ലാം...അങ്ങനെ സുഖസുന്ദരമായി കാര്യങ്ങൾ പോകുന്നതിനിടയിലാണ്, പുതിയൊരു കാലം കൂടി നമ്മളിലേക്ക് കടന്നു വന്നിരിക്കുന്നത്. പെട്ടന്നുള്ള കടന്നു വരവിൽ എല്ലാവരും ഒന്ന് പകച്ചു നിന്നെങ്കിലും ഇന്ന് അതിനോട് പൊരുത്തപ്പെട്ടു ജീവിക്കാൻ നാം ഓരോരുത്തരും പാകപെട്ടുകൊണ്ടിരിക്കുന്നു.
ലോകത്തിന്റെ അനിയന്ത്രിതമായ മുന്നേറ്റം എന്ന് നാം കണക്കു കൂട്ടിയ സകല മേഖലയേയും ഇത്ര പെട്ടെന്ന് പിടിച്ചു കെട്ടിയ മഹാവിപത്ത്.
മറ്റൊരു മഹാ വിപത്തും കാലഘട്ടവും നമുക്ക് മുൻപ് കേട്ടുകേൾവി പോലുമില്ല.



മഹാമാരികൾ ലോകത്ത് പിറവിയെടുത്തിട്ടുണ്ട്... ഒരു പ്രദേശത്തെ മുഴുവൻ നിസ്സഹായതയിൽ നിർത്തിയിട്ടുണ്ട്.... നമുക്ക് സ്വന്തമായി കടന്നുവന്ന രണ്ട് പ്രളയകാലം മാത്രമാണ് നമ്മൾ കണ്ടറിഞ്ഞതും കൊണ്ടറിഞ്ഞതുമായിട്ടുള്ളൂ..

ഒരു ലോകം ഒരു അങ്ങാടി' എന്ന വാക്യം 'ഒരു ലോകം ഒരു ആശുപത്രി' എന്നതായി മാറ്റാൻ കുറച്ചു മാസങ്ങളേ വേണ്ടി വന്നുള്ളൂ..
വർഷങ്ങളുടെ ഫലമായി നിർമ്മിച്ച സമ്പദ് വ്യവസ്ഥയുടെ നെടുന്തൂണുകൾ ലോകത്ത് പടർന്നുപന്തലിച്ചു കിടക്കുമ്പോൾ കണ്ണ് ചിമ്മി തുറക്കുന്ന ലാഘവത്തോടെ കൊറോണ അതെല്ലാം തവിടുപൊടിയാക്കി.
കോടികൾ മുതൽമുടക്കിയ ബിസിനസ് തകരുന്നത് കാണാൻ മനസുറപ്പ് ഇല്ലാതെ ആത്മഹത്യ ചെയ്ത കോടീശ്വരൻമാർ....

2019 ഡിസംബറിൽ ചൈനയിൽ ഉണ്ടെന്ന് കേട്ട്, 'ചൈനയിൽ ആണല്ലോ' എന്ന് സമാധാനിച്ച് നിന്നവരാണ് നാം. എന്നാൽ കുറച്ചു മാസങ്ങൾക്കുള്ളിൽ അത് നമുക്ക് അടുത്ത് തന്നെ, അല്ല നമ്മിൽ തന്നെ എത്തിപ്പെട്ടു.

വൈദ്യശാസ്ത്രം മരുന്ന് കണ്ടുപിടിക്കാനായി കൊറോണക്ക് മുന്നിൽ തല പുകഞ്ഞാലോചിച്ചു കൊണ്ടിരിക്കുന്നു..
മുറിവൈദ്യം കൊണ്ട് പ്രഹസനം തീർക്കുകയാണ് മറ്റൊരു കൂട്ടം ശാസ്ത്രജ്ഞർ.

കൊറോണാ കാലങ്ങളിൽ വേദനിപ്പിക്കുന്ന ഒരു കാഴ്ച്ച അവസാന ചുംബനമോ കാഴ്ച്ചയോ പോലും ഇല്ലാതെ മരണം കാർന്നെടുക്കുന്ന പച്ചയായ ജീവിത നിമിഷങ്ങളാണ്. ഇതുകൂടാതെ ലോകം ഇന്നേ വരെ സാക്ഷിയാകാത്ത വലിയ വലിയ കുടിയേറ്റ പാലായന രംഗങ്ങൾ,...

പുതിയ അധ്യയന വർഷം തുടങ്ങാൻ വേനലവധി തീരാൻ കാത്തുനിന്ന വിദ്യാർത്ഥികളെ മുഴുവൻ നിരാശരാക്കി കൊറോണ വിദ്യാഭ്യാസ മേഖലയും തന്റെ വരുതിയിലാക്കി.

പൊടിതട്ടിയെടുത്ത് വിക്ടേഴ്സ് ചാനലും ഓൺലൈൻ ക്ലാസ്സുകളും അധ്യാപനം എന്നത് ഫലവത്താക്കാനുള്ള തീവ്ര പരിശ്രമത്തിലാണ്..

ലളിതമായ ഭക്ഷണരീതിയാൽ നമ്മൾ പരിശീലിക്കപെട്ട ആദ്യ ലോക്ക് ഡൌൺ കാലത്തിനു ശേഷം, ഇപ്പോൾ അധ്വാനമില്ലാതെ വീട്ടിലിരുന്ന് തിന്ന് മടുത്ത് ഒരു തലമുറ മുഴുവൻ അലസരായി തീരുന്നു. തൊഴിലില്ലാതെ അലയുന്ന യുവാക്കൾ തിങ്ങിയ നാട്ടിൽ, ഉള്ള തൊഴിൽ നഷ്ട്ടപെട്ടവരും കൂടി ചേർന്നപ്പോൾ തൊഴിലില്ലായ്മയുടെ രൂക്ഷമമായ മറ്റൊരു മുഖം നാം കാണുന്നു. എല്ലാ മേഖലയിലും നീരാളിപ്പിടുത്തം മുറുക്കി കൊറോണ നീങ്ങുമ്പോൾ പ്രതീക്ഷ മാത്രമാണ് ഈ ലോകത്തെ മുന്നോട്ട് നയിക്കുന്നത്...



Amal Fathima
D3 Arabic

# അവർക്ക് എന്തോ പറയാനുണ്ട്

മണൽ വാരി തിന്നുന്നവരെ കണ്ടിട്ടുണ്ടോ? പച്ചിലയും മരക്കമ്പുകളും
തിന്നുന്നവർ ഒരു അത്ഭുതമായി തോന്നുന്നില്ലേ?
എന്നാൽ അതൊരു യാഥാർത്ഥ്യമാണ്.21 ആം നൂറ്റാണ്ടിലെ ആധുനിക മനുഷ്യർക്കിടയിലെ ഒരു വിഭാഗം മനുഷ്യർ, പണത്തിന്റെയും സമ്പത്തിന്റെയും മേൽ ആധിപത്യം സ്ഥാപിച്ച മനുഷ്യർക്ക് ഇവർ ഒരു മൃഗങ്ങൾ ആണെന്ന് തോന്നിയേക്കാം.

അമേരിക്കയിലെ 15 വയസ്സ് പ്രായമുള്ള ഒരു പിഞ്ചു ബാലനെ മോഷണക്കുറ്റത്തിന്റെ മേൽ പിടിക്കപ്പെട്ടു വിചാരണക്ക് മറുപടിയായി അവൻ പറഞ്ഞത് ഇങ്ങനെ ആയിരുന്നു വിശന്നിട്ടാ...!

ആന്ധ്രാപ്രദേശിലെ അനന്തപൂർ ജില്ലയിലെ 2 വയസ്സുകാരി ദാരിദ്ര്യം മൂലം മണ്ണ് വാരി തിന്നത് ഈ അടുത്ത കാലത്താണ് .
ഇങ്ങനെ ഒട്ടനവധി സംഭവങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ കാട്ടുതീ പോലെ പടർന്ന് പന്തലിച്ചു കൊണ്ടിരിക്കുന്നു. ദിനരാത്രങ്ങളായി ഒന്നും കഴിക്കാനില്ലാത്ത ഉള്ള് കത്തുന്ന ആളുകൾ നമ്മുടെ ചുറ്റുപാടുകളിൽ അനേകമാണ്.



അവർക്ക് കുന്നോളം മോഹങ്ങളില്ല.അവർ കൊതിക്കുന്നത് ഒരു നേരത്തെ അന്നം മാത്രമാണ്.



ഒരിക്കൽ ബസ്തറിൽ തൂക്കി കൊല്ലാൻ വിധിക്കപ്പെട്ട മരിയ എന്ന കുറ്റവാളിയോട് അവസാനത്തെ ആഗ്രഹമെന്താണെന്നു ജയിൽ അധികൃതർ ചോദിച്ചു. ചപ്പാത്തിയും മീൻ കറിയുമെന്നായിരുന്നു മരിയയുടെ മറുപടി. ജയിൽ അധികൃതർ കൊടുത്ത ചപ്പാത്തിയും മീൻ കറിയും പകുതി കഴിച്ച ശേഷം ബാക്കി പൊതിഞ്ഞു കെട്ടി മരിയ തിരിച്ചു കൊടുത്തു. എന്റെ മകൻ ജയിലിനു പുറത്തുണ്ട്. ഇതവന് കൊടുക്കണം. ഇത്രയും സ്വാദുള്ള ഭക്ഷണം അവൻ ഇതുവരെ കഴിച്ചിട്ടുണ്ടാവില്ല. അതാണ് ദാരിദ്ര്യം.

സന്തോഷ് എച്ചിക്കാനം തന്റെ ''ബിരിയാണി '' എന്ന കഥയിൽ പ്രതിപാദിക്കുന്നത് വിശപ്പാണ്.എന്താണ് മകൾ മരിക്കാനുണ്ടായ കാരണം എന്നതിന്ന് മറുപടിയായി പറഞ്ഞത് വിഷപ്പുമൂലം എന്നായിരുന്നു. കുഞ്ഞുങ്ങൾ ഭക്ഷണ കുറവ് മൂലം മരിച്ചു പോകുന്നതാണ് ദാരിദ്ര്യം. നിങ്ങളുടെ ഭാര്യയും അമ്മയും ജിവിതഭാരം മൂലം പൊടുന്നനെ വാർദ്ധക്യത്തിന്റെ പിടിയിൽ അകപ്പെടുന്നതാണ് ദാരിദ്ര്യം. അഹങ്കാരിയായ ഉദ്യോഗസ്ഥനെതിരെ നിരായുധനായി നിൽക്കേണ്ടി വരുന്നതാണ് ദാരിദ്ര്യം.

നിതിയുടെ വാതിലിനു മുന്നിൽ മണിക്കൂറോളം നിൽക്കേണ്ടി വന്ന ശേഷം പ്രവേശനം ലഭിക്കാതെ പോകുന്നതാണ് ദാരിദ്ര്യം. വർഷങ്ങൾക്കിപ്പുറം ഇന്ത്യയുടെ പല ഉൾനാടൻ ഗ്രാമങ്ങളുടെ അവസ്ഥ ഇതിലും പരിതാപകരമാണ്. ഭക്ഷണത്തെക്കുറിച്ചു രാജ്യം മുഴുവൻ ചർച്ച ചെയ്യുമ്പോൾ മറക്കാതെ ഓർമ്മിക്കേണ്ടതും, ഉച്ചത്തിൽ ചോദിക്കേണ്ടതുമായ ചോദ്യമുണ്ട്- ജനങ്ങൾക്ക് എന്തെങ്കിലും



കഴിക്കാനുണ്ടോ  . . ?എന്ന്.
ഇന്ത്യ സാമ്പത്തികമായി പുരോഗമിക്കുന്നു എന്നു പറയുന്നുണ്ടെങ്കിലും, ജനസംഖ്യയുടെ നാലിലൊന്ന് ഇപ്പോഴും ഏതാണ്ട് 30 രൂപ താഴെ ദിവസവരുമാനം കൊണ്ടാണ് ജീവിക്കുന്നത്.
ഇന്ന് ലോകത്ത് 70 കോടിയിലധികം  ദരിദ്രരുണ്ട്. ഇവരുടെ വരുമാനം അതി ദരിദ്രമാണ്. വിശപ്പടക്കാൻ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ ഇവർ പാടുപെടുന്നു. എല്ലാവർഷവും 50 ലക്ഷത്തിലധികം കുട്ടികൾ 5 വയസ്സ് തികയാതെ മരിക്കുന്നു. ജനസംഖ്യയെ ഇല്ലാതാക്കാൻ ദാരിദ്ര്യ ത്തിന് കഴിയുന്നു എന്നതാണ് പ്രധാന കാര്യം. നല്ല സാമ്പത്തിക നയം പിന്തുടർന്നാൽ വലിയ ചിലവില്ലാതെ തടയാനാവുന്ന രോഗങ്ങൾ മൂലമാണ് ഈ  മരണങ്ങൾ സംഭവിക്കുന്നത്  . ദരിദ്ര രാജ്യങ്ങളിൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും അക്ഷരാഭ്യാസത്തിന് പോലും വഴിയില്ല. എഴുത്ത്, വായന ,വിദ്യാഭ്യാസം എന്നിവയുടെ അഭാവം ഇവരുടെ ജീവിതം ദയനീയമാക്കുന്നു. നിലവിലുള്ള സാമ്പത്തിക തത്വങ്ങൾക്ക് ഇവ വിശദീകരിക്കാനോ പരിഹരിക്കാനോ കഴിയുന്നില്ല. . ദാരിദ്ര്യം പട്ടിണിയും നിരാശയും ദുഃഖവുമാണ്. അതിൽ സുന്ദരമായി ഒന്നുമില്ല...



ചുരുക്കത്തിൽ സർക്കാരുകൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും വേണ്ട വിധം എല്ലായിടത്തും എത്തുനില്ല എന്നതാണ് സത്യം. ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം എന്നത് പോലെ ചൂഷണം ചെയ്യാനുള്ള ആളുകൾ അനേകം ഉണ്ടെന്ന് പറയാതിരിക്കാൻ വയ്യ. വേലി തന്നെ വിള തിന്നുന്ന അവസ്ഥയാണ് കണ്ടുകൊണ്ടിരിക്കുന്നത്. കഷ്ടതകളും പ്രയാസങ്ങളും അനുഭവിക്കുന്ന  ദാരിദ്ര്യം  വേരുറച്ച അവർക്ക് എന്തോ പറയാനുണ്ട് ''ഞങ്ങളെ രക്ഷിക്കണം''.ഒരു രാജ്യത്തിന് എന്നാണോ ദാരിദ്ര്യം  ഒഴിവാക്കാൻ കഴിയുന്നത് ,അന്നായിരിക്കും ആ രാജ്യം സ്വയംപര്യാപ്തമാകുന്നത്.



Muhammad sabith p.p
D3 Arabic



"ജന രക്ഷക്കായ് രാപ്പകൽ കഷ്ടപ്പെടുന്ന
ആരോഗ്യ പ്രവർത്തകർ, നിയമപാലകർ...

നാടിന്റെ സുരക്ഷക്കായ് നമുക്കും
കൈകോർക്കാം

നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും"



Muhammed Mufeed
D3 Arabic

# ഒരു ലോക്ക് ഡൗൺ ഡയറി

ഇപ്പോൾ
മുഖപുസ്തകമുണ്ട്,
പണ്ടെന്നോ കടന്നുകൂടിയ അക്കൗണ്ടിൽ.
എപ്പോഴും എക്സ്പെയറാകാം.
ഒരു ഞെക്കലിനപ്പുറമുള്ള സൗഹൃദങ്ങളും
കാഴ്ചപ്പുറങ്ങളും
ഏതുനിമിഷവും
അപ്രത്യക്ഷമാകാം.
ഇപ്പോഴാണ് മുള്ളു
തറച്ച വേദനയറിയാൻ
തുടങ്ങിയത്.

ഇപ്പോൾ,
മാസ്കും
കയ്യുറയുമുണ്ട്.
സാനിറ്റൈസർ
പോക്കറ്റിൽ
തന്നെയുണ്ട്.
ടിഷ്യു പേപ്പർ
നോട്ടുകൾ പോലെ
കൂട്ടിനുണ്ട്. പക്ഷേ,എല്ലാം താൽക്കാലികമാണ്.



ചിരിക്കുന്നുണ്ട്.
കരയുന്നുണ്ട്.
കൈ കുടഞ്ഞും
തലകുലുക്കിയും
എന്തൊക്കെയോ
പറയുന്നുണ്ട്.
വിഭ്രാന്തിയുണ്ട്.
കൂട്ടിനിപ്പോൾ
മൊബൈലുണ്ട്.
എപ്പോഴും
അടയാളങ്ങൾ
ഐസൊലേറ്റ്
ചെയ്യപ്പെടാം!

ഇപ്പോൾതന്നെതോന്നുന്നുണ്ട്;
അയൽപക്കങ്ങൾ
അയൽ രാഷ്ട്രങ്ങളെ
പോലെയും
അയൽ രാഷ്ട്രങ്ങൾ അന്യഗ്രഹങ്ങളെപ്പോലെയും
വിദ്യാലയങ്ങൾ അടച്ചിട്ട
സെല്ലുകൾ പോലെയും
നഗരങ്ങളും തെരുവുകളും
ഭ്രാന്താലയങ്ങളെപ്പോലെയും
ആശുപത്രികൾ
മരണക്കിടക്കകളായും.
കാര്യങ്ങൾ  ഇതിലും
ഗുരുതരമാകാം.

ഓർമ്മയിൽ തമ്പടിച്ചു
കിടക്കുന്നുണ്ട്;
ധൂർത്തടിച്ച
നോട്ടുകെട്ടുകൾ.
പണം ഒഴുക്കി
ദുരമൂത്താടിയ ആരോഗ്യം.
പ്ലാൻ തെറ്റിയ വിനോദങ്ങൾ.
ജാടകൾ.
ഫാഷനുകൾ.
വാനിറ്റി ബാഗുകൾ.
കൈനീട്ടിയവർക്ക്
കൊടുക്കാൻ മടിച്ച
നിറ വാലറ്റുകൾ.

ഇനി പക്ഷേ,
കൈനീട്ടങ്ങൾ
കാത്തിരിക്കും.
എന്തിനെന്നില്ല,
എല്ലാറ്റിനും!
പക്ഷേ, നന്മ മരങ്ങളുടെ
ചുവടുകളും
തളർന്നിരിക്കുന്നു.
ശൃംഖല എവിടെയോ പൊട്ടിയിരിക്കുന്നു.
'ബ്രേക്ക് ദ ചെയിൻ'
ഫുഡ് ചെയിനിനെയും
ബാധിച്ചിരിക്കുന്നു.

വരവില്ലാതെ ചെലവുണ്ട്.
തൊഴിലില്ലാതെ തോഴരില്ല.
പിക്കാസെടുത്ത് ഒരു തരി
നടാൻ നോക്കിയിട്ട്
ഭൂമി കനിയുന്നുമില്ല!
സാമൂഹിക അകലംഭൂമിയെന്നോ
പാലിച്ചു തുടങ്ങിയിരുന്നപോലെ!

മതവും രാഷ്ട്രീയവും
കല്യാണവും സമ്മേളനവും  ഓൺലൈൻ അകലം
പാലിച്ചിരിക്കുന്നു.
അകത്തളിരിൽ
കലർപ്പില്ലാത്ത
ആദി ദൈവ മന്ത്രം
മുഴങ്ങിക്കേൾക്കുന്നു.
ഞാനും ഒരു സമൂഹ
ജീവിയാണെന്ന് വിളിച്ചുപറയാൻ യന്ത്രം വേണം!
ഇനി യന്ത്രങ്ങൾ കൂടി
പണിമുടക്കിയാൽ
നെറ്റ്വർക്കുകൾ നിലച്ചാൽ
എന്നെന്നും ഒറ്റയ്ക്കാകും.
പണ്ട് പണ്ടൊരു
മനുഷ്യനുണ്ടായിരുന്നു
കഥയയാകാതെ
ജീവിതമാകും!



Muhammad faheem
D3 Arabic

# فيروس كورونا ومنافعه

يتوسع فيروس كورونا في حصد أرواح الالاف حول العالم ولا يزال يحصدها وحمل الدول خسائر مالية ضخمة وقطع السبل بين المدن وفرض بسببه حظرالتجول وضيقت الحريات وغير ذلك من الامور التي اثرت في حياة الناس وقلبتها رأسا على عقب .وبدا تغيرمن تيار العالم العادي إلى عالم جديد

قد أقر النبي (ص) مبادئ الوقاية من الأوبئة والأمراض حيث قال في حديثه عن الطاعون " اذا سمعتم به بارض, فلا تقدموا عليه ,واذا وقع بأرض ، وأنتم بها فلا تخرجوا فرارا منه " ومن هنا نستنتج منه أن الوقاية من الوباء واتخاذ الإجراءات الوقائية هي امر شرعي يجب على كل مسلم القيام به سواء كان اتباع إجراءات الوقاية الشخصية والحفاظ على النظافة وعدم نقل العدوى

نرى في إنتشارفيروس كورونا منافع كثيرة مع أنه ضيق مسار الحياة العادية ودمرت الأحياء السكينة وألقه الناس في الحيرة الخوف . ومنذ بدء الأزمة، أي من تسعة أشهر تقريبا، تنفست الطبيعة من جديد، بصدر كان مختنقا بسموم الصناعات وانبعاثاتها والتلوث وكل ما اقترفته أيدي البشر. عادت الحياة البرية تدريجيا إلى طبيعتها. ومن منافع هذا الوباءعودة الروابط الإجتماعية للأسرة الواحدة وإجتماعهم في منزلهم وقد كانت كثير من البيوت قبل كورونا أشبه بالفنادق التي لارابط للداخل فيها والخارج منها وقد تمضي الأيام ولايرى أفراد الأسرة بعضهم بعضا وهم في بيت واحد ، فالرجال والشباب يقضون ليلهم في الإستراحات ومع الأصحاب والأطفال تسرق أوقاتهم وعقولهم الألعاب الإلكترونية .فلما كانت هذه الازمة إجتمعوا في مكان واحد ورأى بعضهم بعضا

ومن منافعه ايضا ترشيد الإنفاق والإستهلاك وكثرة ارتياد المطاعم ومقاهي وترك الأكل مع الأهل في البيوت.ومع فرض حظر التجول قل الضغط على صاحب الأسرة من قبل أولادهم ، ولزموا البيوت فقل الإستهلاك والإنفاق بلا حساب كما أن لزوم النساء البيوت للإحتفاظ من الوباء قلل من إستعمال مواد الزينة والترفة

وكذلك عرفت كثير من الناس حقيقة الدنيا وقيمتها وأدركوا أنها شيئ تتعرض لتغيير فاجئة كما أدرك الكثيرأن الموت حقيقة قد غفلو عنها ، وهو قد يفاجئ صاحبه بلا سابق إنذار، وقد رأوا ذلك عيانا في ضحايا الوباء ومن منافع كورونا تقليل نسبة التلوث في الأرض وكأن البشرعلى الكرة الأرضية دخلوا كنهم أو أكثرهم في إجازة مفتوحة بسبب هذا. فتوقفت أكثر المصانع في الدول الصناعية,وربضت الطائرات في المطارات وضيقت حركة النقل إلى أقصى درجة فخفضت نسبةالتلوث بشكل كبير

ومن منافعه أيضا إهتمام التعلم بالتكنولجي كبديل مثير الإهتمام وتفاعلي مقارنة بالتدريس في الفصل الدراسي ويتواصل كل طالب مع تعليم على مستوى عالمي وهو أمرليس من السهل نقله بالطباشير الابيض التقليدي وطريقة السبورة في التدريس ويتمتع التعلم الرقمي بالعديد من المزايافي حد ذاته و ليس له حدود مادية ولديه المزيد من تجربة المشاركة التعليمية بدلامن التعلم التقليدي ومن أهم منافع هذا الوباء إستشعار قدرة الله على الخلق وتوقفت العالم كله عاجزا أمامه وأحيا في القلوب تعظيم الله وأقنع الناس انه أضعف في مخلوقاته وجمد العالم أمام فيروس صغير لا يرى بالعين قد يعد من منافعه معرفة نعمة الله تعالى على العباد بحرية التنقل حيث شاءوا، ومتى أرادوا وهي نعمة عظيمة غفل الكثير عنها فلما لزموا البيوت ، وضرب عليهم حظر التجول أدركوا قيمة هذه النعمة العظيمة التي كانوا يرتعون فيها

مما لا شك فيه أن فيروس كورونا له وجه سلبي لا يمكننا تجاهله كالخسائرفي مجالات الطيران، والنقل والشحن البري والبحري، والسياحة، والصناعة، والتصدير، والخدمات مثل الحج والعمرة، والتسوق، والمهرجانات، والمباريات الرياضية و في الأعمال الصغيرة والمتوسطة، والدكاكين التجارية، والمطاعم التي تعتمد في سداد فواتيرها على مداخيلها اليومية. وكذلك نرى الزيادة في البطالة وفي العاطلين عن العم



شيلة ك. أتش
أستاذة مساعدة في كليةW M O

# വിദ്യാഭ്യാസം സ്മാർട്ട് ക്ലാസുകളിൽ നിന്ന് സ്മാർട്ട് ഫോണുകളിലേക്ക്



2020 അധ്യായന വർഷം നമ്മൾ സ്റ്റുഡൻസി നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ തന്നെ ഒരു പുതിയ അനുഭവമാണ് . കോളേജിലെ വിശാലമായ പഠനത്തിൽ നിന്നും വീട്ടിലെ സ്മാർട്ട്ഫോണിൽ മാത്രം ഒതുങ്ങിയ അധ്യായന വർഷം.

നമ്മൾക്ക് ഏവർക്കും സുപരിചിതമായ ഈ വർഷം തികച്ചും വ്യത്യസ്തമാണെന്ന് തന്നെ പറയാം.

രാവിലെ ക്ലാസ് തുടങ്ങുമ്പോൾ ഉള്ള അറ്റൻഡ് വൺ ടു ത്രീ...... അങ്ങനെ തുടങ്ങി 5 മണിക്കൂറുകൾ ഒരു മടിയും കൂടാതെ കോളേജ് ആർത്തുല്ലസിച്ച് നടക്കും നമ്മൾ. നേരം വൈകിയാൽ "ബസ് കിട്ടിയില്ല സർ "... എന്ന് പറഞ്ഞ് നമ്മൾ ഇന്ന് "റേഞ്ച് ഇല്ലായിരുന്നു എന്ന് "പറയുന്നു....!! കാലം മാറി എഴുതപ്പെട്ട കൊറോണ കാലം....... മനുഷ്യ ജീവിതത്തെ തന്നെ പിടിച്ചുകുലുക്കിയ പുതിയ അവതാരം.. !. മാതാപിതാക്കൾ ടിവി ഓഫാക്ക ഡാ ..... അല്ലെങ്കിൽ നീ എപ്പോഴും ഫോണിൽ ആണല്ലോ... എന്ന് ചോദിച്ചിരുന്നു ഒരു കാലം വിദൂരതയിൽ അല്ല. പക്ഷേ ഇന്ന് നീ എന്താണ് ടിവി നോക്കാത്തത് അല്ലെങ്കിൽ നീ എന്താണ് ഫോൺ എടുക്കാത്തത് എന്ന രീതിയിലേക്ക് ചോദ്യങ്ങളെല്ലാം പരിണമിച്ചിരിക്കുന്നു.. ! വിദ്യാഭ്യാസ രീതിയെ വികൃതമാക്കുന്നു എന്ന് പറഞ്ഞു കേട്ടിട്ടേയുള്ളൂ നമ്മൾ. എന്നാൽ ഇന്ന്

ഒരർത്ഥത്തിൽ വിദ്യാഭ്യാസ വികൃതമായി കൊണ്ടിരിക്കുകയാണ്. "മാതാ പിതാ ഗുരു ദൈവം " എന്ന നമ്മൾ പറയാറുള്ള ഈ ആപ്തവാക്യ ത്തിന്റെ സ്പഷ്ട സുദൃഢം അല്ലാതായിരിക്കുന്നു. പരസ്പരമുള്ള കമ്മ്യൂണിക്കേഷൻ കുറഞ്ഞതോടെ ഓൺലൈൻക്ലാസ് വെറും ഒരു ക്ലാസ് മാത്രമായി മാറുന്നു. മാത്രമല്ല ഇത് എത്രമാത്രം മനുഷ്യജീവിതത്തെ മാനുഷിക രീതികളെയും ബാധിക്കുമെന്ന് നമ്മൾ ആലോചിക്കാം. ആരോഗ്യപരമായും മാനസികവുമായ മുറിപ്പാടുകൾ കുട്ടികളിൽ അധികരിച്ചിരിക്കുന്നു. വിശാലമായ സ്മാർട്ട് ക്ലാസ്സ് റൂമിലെ പ്രകൃതിരമണീയമായ ചുറ്റുപാടിൽ നിന്നും അതിലും വിശാലമായ സ്മാർട്ട്ഫോണുകളിൽ മാത്രം വിദ്യാഭ്യാസം ഒതുങ്ങുമ്പോൾ എത്രമാത്രം ഓരോ കുട്ടിയെയും ബാധിക്കുമെന്ന് ഓരോ അധ്യാപകരും രക്ഷിതാക്കളും ചിന്തിക്കേണ്ടിയിരിക്കുന്നു... ! !






Farsana thasni KA
MA ARABIC

# ഒരു കലാലയ ഓർമ്മകൾ

ഹൈസ്കൂളിൽ പഠിക്കുമ്പോ തൊട്ടുള്ള സ്വപ്നായിരുന്നു കൊർച്ച് ദൂരെ ഒരു കോളേജിൽ പഠിക്കണം..... അങ്ങനെ +2 എക്സാം എഴുതി.. എക്സാം റിസൾട്ട് വന്ന് കൊയ്പ്പല്ലാണ്ട് മാർക്കൊക്കെ കിട്ടി അലോട്മെന്റ് വിളിച്ചു

ട്രയൽ ഫസ്റ്റ് സെക്കന്റ് അലോട്മെന്റ് എല്ലാം wmo കോളേജ് തന്നെ. അവസാനം ആടെന്നെ അങ്ങ് ഉറപ്പിച്ചു... തിങ്കളാഴ്ച ഇഷ്ട്ടല്ലേലും അറ്റൻഡൻസിന് വേണ്ടി ഒരു പോക്കുണ്ട്... രാവിലെ 5:30 ന് അലാറം അടിയുമ്പോ ദേഷ്യായിരുന്നു. രാവിലെ 6:45 ക്ക് കുറ്റ്യാടി എത്തുന്ന ബസിൽ പലപ്പോഴും വയനാട് വരെ നിന്ന് പോവേണ്ട അവസ്ഥായിരുന്നു. എല്ലാരും സ്ഥിരം




യാത്രക്കാർ ആയോണ്ട് അയിൽ സീറ്റ് കിട്ടുന്നുള്ള പ്രതീക്ഷ ഒന്നും ഇല്ല. പലപ്പോഴും പാതിഉറക്കം ബസിന്റെ തൂണും പിടിച്ചാണ്....

WMOയിലെ രണ്ട് വർഷം കൊണ്ട് എനിക്ക് കൊറേ നല്ലകാര്യം കിട്ടി.

നല്ല സൗഹൃദങ്ങൾ, അധ്യാപകർ, ഓർമ്മകൾ..........
എന്നെ കൊണ്ട് പറ്റുലാ വിചാരിച്ച കാര്യങ്ങൾ പലപ്പോഴും എന്നെ കൊണ്ട് പറ്റും എന്നതിലേക്ക് എത്തിച്ചത് പ്രിയപ്പെട്ടവരുടെ ഓരോ വാക്കുകൾ.....
ജീവിതത്തിൽ എന്തേലുമൊക്കെ നേടിക്കോ ചോയ്ച്ചാൽ ഏതാണ്ട് ഇതേ പോലെ കൊറേ കൂട്ടുകെട്ടുകൾ. നമ്മടെ അതെ wavelength ഉള്ള ആരേലും ഉണ്ടാവോ എന്ന ചോദ്യത്തിനുള്ള ഉത്തരം, ഈ കൂട്ടം മനുഷ്യരും ഇതിലില്ലാത്ത കൊറേ പേരുമാണ് എന്റെ തുരുത്ത്.
WMO ന്റെ വൈന്നേരങ്ങൾക്ക് നല്ല രസായിരുന്നു...
ഏറ്റോം മനോഹരമായ സമയങ്ങളിൽ ഒന്നാണ് അമ്മളെ ഇഷ്ട്ടപെട്ടവരോടൊത്ത് ഇരിക്കുന്ന സമയം.
മ്മടെ ഏതു പ്രതിസന്ധിയിലും എല്ലായ്പ്പോഴും അമ്മളെ താങ്ങാവുന്നത് ഏറ്റവും അടുത്ത കൂട്ടാണ്. അവരുടെ സാന്നിധ്യം അമ്മളെ വല്ലാണ്ട് ഹാപ്പി ആക്കും.
ശെരിക്കും ഒരു മാജിക്കൽ സ്പിരിറ്റ് ആണ് സൗഹൃദം.
മ്മളെ ജീവിതത്തിലെ നല്ലതും ചീത്തയുമായ എല്ലാ സ്വഭാവസവിശേഷതകളുമാറീന്ന ഒരു കൂട്ട്. നമ്മളെ അത്രമേൽ ചേർത്തുനിർത്തുന്ന ചിലര്. മനസ്സിൽ കെട്ടികിടക്കുന്നതൊക്കെ



അണപൊട്ടി ഒഴുകാൻ പാകത്തിന് കെട്ടിപ്പിടിക്കാൻ ഒരാൾ. അത്രമേൽ ആയത്തിൽ ഒരു കൂട്ടുകെട്ട്......
മാർച്ച് മാസത്തിൽ ചുരേറങ്ങുമ്പോ പ്രതീക്ഷിച്ചിരുന്നില്ല... ഇത്രേം ദിവസത്തെ ലീവ് കിട്ടുന്ന്. കൊറോണ എന്തായാലും ഉഷാർ ആണ്. 10 ദിവസത്തെ ലീവിന് വന്ന ഞാളെ 6 മാസത്തോളായല്ലോ പോരേൽ ഇരുത്തീട്ട്.



ജീവിതത്തിൽ എന്തെല്ലാമോ നേടിയതും നഷ്ടപ്പെട്ടതും ഈ മണ്ണിലാണ്.ഞാനായി മാറിയ രാവുകളും പകലുകളും എന്നിൽ നിറമുള്ള വർണങ്ങൾ കണ്ടെത്തിയത് എന്റെ പ്രിയം നിറഞ്ഞ കൂടുകാർ... പല വഴികളും ജീവിതം എന്നെ പഠിപ്പിച്ചു....ഇനി എന്ന് എന്ന ചോദ്യത്തിന് മാത്രം ഉത്തരമില്ല. ജീവിതം ഒരിക്കൽ കൂടെ കളിച്ചും ചിരിച്ചും ആ വരാന്തകളിലൂടെ കൈ കോർത്ത് നടക്കാൻ ..... എന്റെ സ്വപ്നങ്ങൾ മുഴുവൻ പടർന്നു പിടിച്ച നിറങ്ങളാൽ ഇനിയും എന്റെ കലാലയം മനോഹരമാക്കാൻ...ഞങ്ങൾക്ക് അവസരം ഒരുകട്ടെ എന്ന് ആഗ്രഹിക്കുന്നു.....



Safvana.C
D3 Arabic

# എം. ടി യും , നാലുകെട്ടും

ആഗസ്റ്റ്...
മലയാള വരകളുടെ കിഴക്കൻ ചക്രവാളം എംടിയെന്ന താരോദയത്തിന് സാക്ഷിയായ മാസം ,ആ അക്ഷരത്തമ്പ്രാന്റെ പ്രഥമ തൂലികാ സൗന്ദര്യം കൈരളി അനുഭവിച്ചറിഞ്ഞ മാസം.
അതേ ,അറുപത്തിരണ്ടാണ്ടുകൾക്ക് മുമ്പ് 1958 അഗസ്റ്റിനായിരുന്നു എംടി വാസുദേവൻ നായരുടെ 'നാലുകെട്ട്' എന്ന ആദ്യ കൃതി പ്രസിദ്ധീകരിക്കപ്പെടുന്നത്.നാലുകെട്ടെന്ന മഹാകൃതി മലയാളിയുടെ വായനാ മണ്ഡലങ്ങളിൽ ഇന്നും പുതുമൊഞ്ചോടെ നിറഞ്ഞു നിൽക്കുകയാണ്.1958 ൽ കേരള സാഹിത്യ അക്കാദമി വർഷത്തെ മികച്ച നോവലായി തിരഞ്ഞെടുത്തു അതിനെ പുരസ്കരിച്ചു. കേരളീയ വാസ്തുശിൽപമനുസരിച്ച് പ്രത്യേക ശൈലിയിൽ നിർമിച്ചിരുന്ന പുരാതന സവർണഗൃഹങ്ങളാണ് നാലുകെട്ടുകൾ. മധ്യത്തിൽ വെളിച്ചം ലഭിക്കുന്ന നടുമുറ്റവും നാലു ദിശകളിലായി വടക്കിനി, തെക്കിനി എന്ന് വിളിക്കപ്പെടുന്ന വാസസ്ഥലങ്ങളുമുള്ള കെട്ടിടങ്ങൾ...
സാമൂഹിക വ്യവസ്ഥ യിലെ കുതിച്ചുയരലും




അണുകുടുംബ രീതിയുടെ വ്യാപനവും അത്തരം നാലുകെട്ടു കളുടെമേൽ മണ്ണിടുകയായിരുന്നു. ഈ സാമൂഹിക പരിണാമ പരിവർത്തനത്തിന് ബാല്യംതൊട്ടേ സാക്ഷ്യം വഹിക്കുകയും അതിന്റെ തിക്തഫലങ്ങൾ കുറെയൊക്കെ നേരിട്ട് അനുഭവിക്കേണ്ടി വരുകയും ചെയ്ത എംടിയുടെ ആത്മാംശവും ഭാവനയും ഇഴചേർന്നുണ്ടായതാണ് 'നാലുകെട്ട്' എന്ന

Scanned with CamScanner

നോവൽ. ഹൃദയരക്തംകൊണ്ട് വിരചിതമായ കൃതി എന്നൊക്കെ ന്യായമായും വിശേഷിപ്പിക്കപ്പെടാവുന്ന നോവൽ...

ദക്ഷിണ മലബാറിലെ ഒരു നായർ തറവാട്ടിലെ അംഗമായ അപ്പുണ്ണിയുടെ ബാല്യം മുതൽ ഏതാണ്ട് ഇരുപത്തിയെട്ട് വയസ്സ് വരെയുള്ള കാലഘട്ടത്തിലെ കഥയാണ് കൃതിയുടെ ഇതിവൃത്തം. ജ്യേഷ്ഠസഹോദരന്റെ സമ്മതമില്ലാതെ, പകിടകളിക്കാരൻ കോന്തുണ്ണി നായരെ വിവാഹം കഴിച്ചതിന്റെ പേരിൽ തറവാട്ടിൽനിന്ന് പുറത്താക്കപ്പെട്ട പാറുക്കുട്ടിയാണ് അപ്പുണ്ണിയുടെ അമ്മ. നായർ വീടുകളിൽ മുറ്റമടിച്ചും പാത്രം കഴുകിയും കഷ്ടപ്പെട്ട് വീട്ടുവേല ചെയ്താണ് അവർ മകനെ വളർത്തുന്നത്. തറവാട്ടിൽ കാലുകുത്തുന്നതിനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ട വനായിരുന്നു അപ്പുണ്ണി. കൂട്ടുകച്ചവടക്കാരനായ സെയ്താലിയുടെ വഞ്ചനയിലൂടെ കോന്തുണ്ണി നായർ കൊല്ലപ്പെടുന്നതോടെ ആ അമ്മയുടെയും മകന്റെയും ജീവിതം തികച്ചും നിരാലംബമായി മാറി. വല്യമ്മാവൻ കഴുത്തിനു പിടിച്ച് തള്ളിയതോടെ അപ്പുണ്ണിക്ക് ജീവിതത്തിൽ എല്ലാത്തിനോടും വെറുപ്പായി. നിരപരാധിയായ അമ്മയെപ്പോലും അവൻ വെറുത്തു. വല്യമ്മാവനോട് എതിരിട്ടിരുന്ന കുട്ടമ്മാമൻ മാത്രമാണ് അവന് അൽപമെങ്കിലും പിന്തുണയേകിയത്. എന്നാൽ, അവൻ ഒന്നാം നമ്പർ ശത്രുവായിക്കണ്ട സെയ്താലിക്കുട്ടി യാദൃച്ഛികമായി ജീവിതത്തിലേക്ക് കടന്നുവന്ന് ആത്മധൈര്യം പകർന്നുനൽകി ജീവിതത്തെ സുധീരം നേരിടാൻ കരുത്തുള്ളവനാക്കി അവനെ മാറ്റിയതാണ് കഥയിലെ സുപ്രധാന വഴിത്തിരിവ്. സെയ്താലിയുടെ പിമ്പലത്തോടെ തറവാട്ടിൽ കയറിപ്പറ്റിയ അവന് അവിടെ ചില പ്രണയസമാന അനുഭവങ്ങൾ ഉണ്ടായെങ്കിലും, അമർഷം നുരയിട്ടുപൊന്തിയിരുന്ന ആ മനസ്സിൽ അത്തരം മൃദുലവികാരങ്ങൾക്ക് ഇടമുണ്ടായിരുന്നില്ല. വയനാട്ടിൽ പോയി ജോലി ചെയ്ത് സമ്പന്നനും സമർഥനുമായ യുവാവായി അപ്പുണ്ണി തിരിച്ചുവന്നപ്പോഴേക്കും വല്യമ്മാവന്റെയും തറവാടിന്റെയും സ്വാഭാവികമായ പതനം സംഭവിച്ചുകഴിഞ്ഞിരുന്നു. മധുരമായ

Scanned with CamScanner

പ്രതികാരമെന്ന നിലയിൽ അമ്മാവനിൽനിന്ന് നാലുകെട്ട് വിലക്കുവാങ്ങിച്ച അപ്പുണ്ണി, അറിവില്ലായ്മകൊണ്ട് താൻ തള്ളിപ്പറഞ്ഞിരുന്ന അമ്മയെ അങ്ങോട്ട് ആനയിക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്... ശാശ്വതമായ മാനുഷിക ഭാവങ്ങളുടെ സ്വാഭാവികമായ ആഖ്യാനമാണ് എം.ടി നാലുകെട്ടിൽ വരച്ചിടുന്നത്. നമുക്ക് അഭിമാനിക്കാം അറബി ഭാഷാ പഠിതാക്കളെന്ന നിലയിൽ ഇത് ഇവിടം ചർച്ചയാകുമ്പോൾ മലപ്പുറം കാട്ടുമുണ്ട സ്വദേശി മുസ്തഫ വാഫിയും കാളികാവ് അനസ് വാഫിയും ചേർന്ന് നാലുകെട്ട് അറബിയിലേക്ക് മൊഴിമാറ്റവും നടത്തപ്പെട്ടു.വീണ്ടുമൊരു ആഗസ്റ്റ് നമ്മിൽ നിന്ന് പടിയിറങ്ങിയപ്പോൾ എം.ടി യെന്ന സാഹിത്യ കുലപതി പുനർ വായിക്കപ്പെടട്ടെ വീണ്ടുമൊരിക്കൽ കൂടെ ....



Abbas
Professor of Arabic department

Scanned with CamScanner

# നവ ജീവിത ശൈലിക്ക് തിരി കൊളുത്തുന്ന കോവിഡാനന്തര ലോകം



കോവിഡെന്ന മഹാമാരി സമൂഹത്തിലെ നാനാതുറകളിലുള്ള മനുഷ്യരുടെ ജീവിതോപാധികളെ വലിയൊരളവിൽ തന്നെ ബാധിച്ചിട്ടുണ്ടെന്നത് പറയേണ്ടതില്ലല്ലോ! സമൂഹത്തിന്റെ നികില മേഖലകളിലും സങ്കീർണ്ണതയുടെ അതിർവരമ്പുകൾ ഭേതിക്കും വിധം അത് തുടർന്നുകൊണ്ടിരിക്കുകയാണ്. നിലവിലെ മാനുഷികാവസ്ഥയെ കോവിഡിന് മുമ്പും ശേഷവും എന്നു പോലും തരം തിരിക്കേണ്ടി വരുന്നു. കോവിഡാനന്തരം ജീവിത ശൈലി പാടെ മാറ്റേണ്ടി വരുമെന്നത് കൊണ്ട് തന്നെയാകാം ഈ വർഗീകരണമെന്ന് മനസ്സിലാക്കാം. രൂക്ഷമായ തൊഴിലില്ലായ്മ, ഭക്ഷ്യലഭ്യതക്കുറവ്, സാമ്പത്തിക പ്രതിസന്ധി തുടങ്ങി ഒട്ടനേകം ആശങ്കകൾ ലോകമനുഭവിക്കേണ്ടി വരുന്നതിനാൽ മനുഷ്യന്റെ ജീവിത ശൈലിയിൽ തന്നെ മാറ്റം വരുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

നമ്മുടെ കൊച്ചു കേരളം തന്നെ അതിസങ്കീർണ്ണമായ അവസ്ഥകൾ നേരിടേണ്ടി വരുമെന്ന് ഗവേഷണങ്ങൾ വ്യക്തമാക്കുന്നു. ലോകത്തെവിടെയെങ്കിലും ദുരന്തമോ ദുരിതമോ ഉണ്ടായാൽ അത് സാരമായി ബാധിക്കുന്ന ജനതയാണ് നാം. എന്തിനേറെ അയൽ സംസ്ഥാനങ്ങൾ

Scanned with CamScanner

പോലും ഒരു ഉപരോധം നമുക്കുമേൽ തീർത്താൽ വില വർദ്ധനയാലും ഭക്ഷ്യക്ഷാമം കാരണത്താലും മുഴു പട്ടിണിയിലാകേണ്ടി വരുമെന്ന ദുരവസ്ഥയാണ് നമ്മുടേത്.
വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും മറിച്ചല്ല നാം ഏറെ കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യഭ്യാസത്തിന് കേരളീയ യുവത്വങ്ങൾ ആശ്രയിക്കുന്ന ഇടങ്ങൾ കൂടുതലും വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളെയാണെന്ന് കോവിഡ് കാലം സാക്ഷ്യപ്പെടുത്തുന്നു. ഇത്തരത്തിൽ കേരളീയരായ നാമും നമ്മുടെ നാടും ഏറെ ഗൗരവത്തോടെ ചിന്തിക്കേണ്ട നാൾവഴികളാണ് കഴിഞ്ഞു പോയത്.

പരിഹാരമെന്നോണം സർവ്വതിലും നാം സ്വയംപര്യാപ്തത കൈവരിച്ചേ മതിയാകൂ. അതിന് ചില ശൈലികളിൽ തിരുത്തൽ വരുത്തിയേ തീരൂ.

ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ ദീർഘകാല പദ്ധതികൾക്കാണ് നാം രൂപം നൽകേണ്ടത്. കാർഷിക മേഖല കേന്ദ്രീകരിച്ച് വിപുലമായ പദ്ധതികൾ നാം നടത്തണം. അതിലൂടെ ഭാവിയിൽ ഭക്ഷ്യോല്പാദനത്തിൽ സ്വന്തം പര്യാപ്തത നേടാൻ നമുക്ക് കഴിയണം.

സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നിലവിലെ സമ്പദ്ഘടനയെ മാത്രം ആശ്രയിച്ചാൽ പോരാ, മറിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്താൻ അണികൂടം തയ്യാറാവണം. കേരളത്തിന്റെ പ്രകൃതിക്കും




കാലാവസ്ഥക്കും അനിയോജ്യമായ വ്യവസായശാലകൾ ഉയരണം. നമ്മുടെ നാട്ടിലെ മനുഷ്യ വിഭവ ശേഷി ശരിയാം വിധത്തിൽ ഉപയോഗപ്പെടുത്തി സമഗ്രമായ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ അണികൂടത്തിന് സാധിക്കേണ്ടതുണ്ട്. കൂടാതെ ഐ ടി മേഖലയിലും പുതിയ കർമ്മ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കൃത്യമായ മാർഗ രേഖ ആവിശ്യമാണ്.

Scanned with CamScanner

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇതൊക്കെ സാധ്യമാകണമെങ്കിൽ തൊഴിലിനോടുള്ള നമ്മുടെ സമീപനവും തൊഴിൽ സംസ്കാരവും നാം പൊളിച്ചെഴുതണം! അല്ലാത്തപക്ഷം കോവിഡാനന്തര ലോകത്ത് അതിസങ്കീർണ്ണമായ പ്രതിസന്ധികളെയായിരിക്കും നാം അഭിമുഖീകരിക്കുക.



Muhammad Sayed
Professor of Arabic department

Scanned with CamScanner

സ്പന്ദിക്കുന്ന
അക്ഷരങ്ങളും വരകളും
പ്രോജ്ജ്വലിപ്പിക്കാൻ ആദ്യാവസാനം
വഴി തെളിച്ച അധ്യാപകർ...
സഹായിച്ചവർ ....
സഹകരിച്ചവർ....
സഹയാത്രികർ......
വാക്കുകൾക്കതീതമാണ്
നിങ്ങളോടുള്ള കടപ്പാട്....
സർഗാത്മകതയുടെ
ഹൃത്തടത്തിൽ ഇനിയും
കലയും സാഹിത്യവും തുടിക്കട്ടെ!



قسم اللغة العربية وآدابها

بكلية دار الأيتام المسلمين موتل، ويناد، كيرلا